
A.K.C.C. BULLETIN

ഈ ലക്കത്തിൽ

		പേജ്
1	വേദനിപ്പിക്കുന്ന ചില പരമാർത്ഥങ്ങൾ	3
2	യുഗപ്രഭാവനായ പ്രസിഡണ്ട് കെന്നഡി (ജോൺ പെല്ലിശേരി)	5
3	ആറടി മണ്ണ് (ഫാ. ജെ. സി. കാലായിൽ)	9
4	ഫാദർ തിയൊഡോഷ്യസ് (സുകുമാർ അഴീക്കോട്)	11
5	ബാലപംക്തി റവ. എസ്.	12
6	കാലത്തിന്റെ വിളി ശ്രവിക്കുകതന്നെ വേണം (അഗസ്റ്റിൻ കളക്കാട്ടുവയലിൽ)	14
7	അല്ലിറാണി നീണ്ടകഥ —കോതനല്ലൂർ ജോസഫ്—	15
8	ആരോഗ്യപംക്തി (ഡോ. റവ. കെ. ജോസഫ്)	17
9	ലാഭകരമായ വിജ്ഞാനപ്രവർത്തനം (ജെ. പി.)	19
10	വിഷകന്യ (സാമൂഹ്യനാടകം) (ഡി. എം. കൊച്ചുപറമ്പിൽ.)	21
11	ലോകക്രൈസ്തവവാർത്തകൾ (തലയോലപ്പറമ്പ് സേവ്യർ)	23
12	അമ്മ പെങ്ങന്മാർ അറിഞ്ഞിരിക്കേണ്ടും കാര്യങ്ങൾ (കെ. ജെ. ജോർജ്ജ് എം. എ. തുരുത്തി)	24
13	കേരളകത്തോലിക്കർ (കെ. സി. ജോസഫ് എം. എ. ബി. എൽ)	25
14	അഖി. കേ. ക. കോ. 1964-മണ്ഡോത്ത— നക്കൽ ബഡ്ജറ്റ്.	26
15	പോലീസ് മന്ത്രിക്കു് ഒരു തുറന്നകത്തു് (റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്)	29
16	പരംപൊരുളേ! എഴുന്നള്ളിയാലും!! (ഗദ്യകവിത) (സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി)	30
17	ദിവ്യകാരുണ്യത്തിന്റെ അപ്പസ്തോലൻ (ജോൺ പെല്ലിശേരി)	31
18	മലനാടിന്റെ ഹൃദയത്തുടിപ്പുകൾ (ജി. ടി. വടക്കേൽ)	32
19	വനിതാപംക്തി (രാജമ്മ)	33
20	സംഘടനാക്കാര്യം	34
21	ഫലിതബിന്ദുക്കൾ (അപ്പച്ചൻ ആറുമാനൂർ)	34



ജാക്വലിൻ കെന്നഡി കറുപ്പുവസ്ത്രങ്ങളണിഞ്ഞു രണ്ടു മക്കളെയും കൈയ്യുപിടിച്ചു പ്രസിഡണ്ട് കെന്നഡിയുടെ ശവസംസ്ക്കാരത്തിൽ സംബന്ധിക്കുന്നതിനായി വൈറ്റ്ഹൗസിൽനിന്നും പുറപ്പെടുന്നു.

എ.കെ.സി.സി. ബുള്ളറ്റിൻ

പുസ്തകം 15 | 1963 ഡിസംബർ | ലക്കം 10

വേദനിപ്പിക്കുന്ന ചില പരമാർത്ഥങ്ങൾ

ഇരുപത്തഞ്ചുലക്ഷം കത്തോലിക്കരുള്ള കേരളത്തിൽ അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ മുഖപത്രത്തിനു കേവലം പതിനായിരത്തോളം വരിക്കാരുണ്ടാകുകയെന്നതു സമുദായത്തിനുതന്നെ നാണക്കേടല്ലേ? സകല ഭവനങ്ങളിലും ബുള്ളറ്റിൻ എത്തുന്നില്ലെങ്കിൽ ആ 'അഖില' വയ്ക്കുന്നതിൽ എന്തർത്ഥമാണുള്ളതു"? പാഠശാലമുതൽ കാസർകോട്ടുവരെയുള്ള മലയാളികത്തോലിക്കരെല്ലാം ബുള്ളറ്റിൻ വായിച്ചാസ്വദിക്കയും അതിലൂടെ സമുദായപ്രവർത്തനം നടത്തുകയുംചെയ്യുക ഇന്നൊരാവശ്യമാണു"; ശക്തിയും അന്തസ്സും അതു കൈവരുത്തുകയും ചെയ്യും.

അകത്തോലിക്കരും ഈ മാസിക വായിക്കുന്നുണ്ടു", വരിക്കാരാകുന്നുമുണ്ടു", പക്ഷേ ഉള്ളടക്കത്തിലും ലേഖനനിലവാരത്തിലും എല്ലാവരേയും തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ത്യാഗതല്പരരും ഉറക്കെച്ചിന്തിക്കുന്നവരും സമുദായത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരും വർദ്ധിച്ചുവരാത്തതാണതിനുകാരണം, സഭയുടെ അധുനാതനപ്രശ്നങ്ങളെവിലയിരുത്തിനിരത്തിക്കട്ടാൻ, അവഗണിക്കപ്പെടുന്നഅവകാശങ്ങളെനേടിയെടുക്കാൻ, സംസ്കാരവും സാക്ഷരതയും ഉന്നമിപ്പിക്കാൻ, സാഹിത്യകുതുകികളേയും ചിന്തകന്മാരേയും സംഘടിപ്പിക്കാൻ, സർവ്വോപരി കേരളകത്തോലിക്കരെ ഒരേ സ്വരത്തിലും വീക്ഷണത്തിലും സംസാരിപ്പിക്കാൻ ഈ പ്രസിദ്ധീകരണം ഉതകണമെന്നും ഉതകുമെന്നുമാണു ഞങ്ങളുടെ ദൃഢമായ വിശ്വാസം.

ഉള്ളടക്കത്തിൽ വൈചിത്ര്യം അത്യാവശ്യമാണു". അനുവാചകന്റെ സ്വന്തം അഭിപ്രായങ്ങളും വിമർശനവീക്ഷണങ്ങളും ഉണ്ടാകുക അസാധാരണമല്ല. അനുകൂലമായാലും പ്രതികൂലമായാലും, വേദനിപ്പിക്കുന്നതായാലും സന്തോഷിപ്പിക്കുന്നതായാലും

We wish all the members of the A. K. C. C.,
Our Readers, Well-wishers & Benefactors
A Merry Christmas & A Bright New Year.

അത്തരം അഭിപ്രായഗതികത്വം — ഹൃദയസ്പന്ദനങ്ങളും — മറ്റുള്ളവരും വായിച്ചറിഞ്ഞു് പുതിയ കാൽവയ്പുകളും കരുനീക്കങ്ങളും സംജാതമാകാൻ ബുള്ളറിനിൽ സ്ഥലം അനുവദിക്കുന്നതാണു്. സമുദായത്തെ നീറിപ്പുകയ്ക്കുകയും കീറിപ്പൊളിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ ശസ്ത്രക്രിയചെയ്യുക, സാംസ്കാരികരംഗത്തെ വിലയിരുത്തി സകലരേയും സൗഹാർദ്ദത്തോടെ സംവീക്ഷിക്കുക, സർഗ്ഗാത്മകസാഹിത്യത്തിനുംസമഭാവനയോടെയുള്ള ചിന്തയ്ക്കും പ്രോത്സാഹനമണയ്ക്കുക, സാഹിത്യത്തിൽത്തന്നെ ഉന്നതനിലവാരം കാക്കുക, സമുദായനേതാക്കന്മാർക്കും നിസ്വാർത്ഥപ്രവർത്തകർക്കും ചൂടും വെളിച്ചവും ഉത്സാഹവും കോരിപ്പകരുക, അവരുടെ ജീവചരിത്രം കുറിക്കുക, സാമൂഹ്യപരിഷ്ക്കരണത്തേയും ജനക്ഷേമപ്രവർത്തനങ്ങളേയും ത്വരിതപ്പെടുത്തുക, ഇതരസമുദായങ്ങളുമായി വിശാലവീക്ഷണത്തോടെ പെരുമാറുക, അവശരേയും ആർത്തരേയും ആർദ്രമനസ്കരായി സഹായിക്കുക— അങ്ങനെ പലതും ഈ പ്രസിദ്ധീകരണത്തിലൂടെ ചെയ്യുതീക്കാനുണ്ടു്.

വെറും വായനക്കാർ മാത്രമല്ല, ഇതര ഗുണകാംക്ഷികളും സഹകരണസമർത്ഥരും സഹായകർത്താക്കളും ബുള്ളറിനു് ആവശ്യമുണ്ടു്. കേരളത്തിൽ കടകളും, കമ്പനികളും, ബാങ്കുകളും മുതലായി ബിസിനസുനടത്തുന്ന എത്രയോ നല്ലവരുണ്ടു്! അവരുടെ ബിസിനസ്സും പ്രവർത്തനങ്ങളും പരസ്യംവഴി ബുള്ളറിന്റെ പേജുകളിൽ ഒളിവിതറാൻ ഞങ്ങളും ആത്മാർത്ഥമായും വായനക്കാർ ഉഷാറായും കൊതിക്കുകയാണു്. സമുദായകാര്യങ്ങൾക്കും പൊതുജനോപകാരപ്രവർത്തനങ്ങൾക്കുമായി നല്ലൊരുതുക നീക്കിവയ്ക്കാൻ സൗകര്യമുള്ളവർ പരിശ്രദ്ധവും സാമൂഹികവുമായ വളർച്ചയ്ക്കും മേന്മയ്ക്കുമായി നിലകൊള്ളുന്ന ഈ കൊച്ചു പ്രസിദ്ധീകരണത്തെ വിസ്മരിക്കയില്ലെന്നു കരുതുന്നു.

സമുദായത്തിലെ സകല യുവസാഹിത്യകാരന്മാരും താന്താങ്ങളുടെ ഗുണപുഷ്ടലമായ സാഹിത്യരസം തുളുമ്പിത്തുളുമ്പുന്ന സംഭാവനകളും ബുള്ളറിനിൽ അണിനിരത്തുന്നതു കേരളത്തിനുതന്നെ നല്ലൊരു ഭൂഷണമായിരിക്കും. നമ്മുടെ ഗ്രന്ഥങ്ങളെല്ലാം ബുള്ളറിനിൽ നിരൂപണം ചെയ്യുവിലയും നിലയും സമീക്ഷിക്കണമെന്നുള്ളതുകൊണ്ടുഅത്തരം ഗ്രന്ഥങ്ങളുടെ രണ്ടു കോപ്പിവീതം അയച്ചുതരാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ലേഖനങ്ങളും വൃത്തിയായികടലാസിന്റെ ഒരു വശത്തു് എഴുതിഅയക്കണം. ഏകാങ്കങ്ങളും ചെറുകഥകളും നാടകങ്ങളും ഗുണത്തിലും മൂല്യത്തിലും മികച്ചതും തികഞ്ഞതുമാകാൻ വളരുന്ന തലമുറ സവിശേഷം ശ്രദ്ധിക്കണമെന്നും ശ്രമിക്കണമെന്നും ഉൽബോധിപ്പിക്കുന്നു.

സ്ത്രീകളും ചുരുക്കമായേ രംഗത്തുവരുന്നുള്ളൂ. അതുപോരാ. സമുദായത്തിന്റെ സകലമണ്ഡലങ്ങളിലും സമത്വം അവകാശപ്പെടുകയും വർത്തിക്കാൻ സുനഹദോസിൽ പോലും ഭാഗഭാഗിത്വം ചോദിക്കുകയും ചെയ്യുന്ന മഹിളകളും എന്തുകൊണ്ടു ഈ പ്രവർത്തങ്ങളിൽ വിമുഖതയും നിരുത്സാഹവും കാണിക്കുന്നു? മഹിളകളേ, ഉണരുവിൻ; സമുദായം കെട്ടിപൊക്കുന്നതിലും അനീതികളെ ഒപ്പിക്കളയുന്നതിലും സാഹിത്യം സമ്പന്നമാക്കുന്നതിലും മറ്റാരെയുംപോലെ മികച്ചൊരു പങ്കു് നിങ്ങൾക്കു നിർവ്വഹിക്കാനുണ്ടു്. പുരുഷന്മാരുടെ മാത്രം മാസികയായി ഈ ബുള്ളറിൻ മാറ്റുവാൻ ചില പ്രസിദ്ധീകരണങ്ങളെപ്പോലെ അധ:പതിക്കാതിരിപ്പാൻ നിങ്ങളുടെ ശ്രദ്ധയും ശ്രമവും ഉത്സാഹവും വാരിക്കോരിപ്പകരുവിൻ. വരിക്കാരെ ചേർക്കുന്നതിലും സ്ത്രീസമുദായത്തിനു ഇണങ്ങുന്നമട്ടിൽ ലേഖനങ്ങളും തയ്യാറാക്കുന്നതിലും നിങ്ങളുടെ പങ്കു നിങ്ങളും തന്നെ നിർവ്വഹിക്കുക.

സംഘടന സമുദായത്തിന്റെ ശക്തിയാണു്. അപകടം വരുമ്പോൾ മാത്രം എഴുന്നേറ്റു മതിൽ കെട്ടാൻ ഉത്സാഹിച്ചാൽ പോരാ. ഇതാ നല്ലൊരു ജനവ്യൂഹം എന്തിനു, തയ്യാറായി മികച്ചൊരു സംഘടനയിലൂടെ ഒറ്റക്കെട്ടായി ഉണർന്നു വരുന്നു. സഹായവും നേതൃത്വവും സഹകരണവും മേകിയാൽ വളർന്നു പന്തലിച്ചു നൂറുമേനി ഫലം തരുന്ന കരുത്തുറ്റ സംഘടനയാണു എ. കെ. സി. സി. ഈ ബുള്ളറിന്റെ അതിന്റെ മുഖപത്രവും. കൂടുതൽവരിക്കാരെ ചേർക്കുന്നതിലും നിലവാരം ഉയർത്തുന്നതിലും അനുവാചകരെയും ലേഖകരേയും പ്രോത്സാഹിപ്പിക്കുന്നതിലും നല്ലൊരു ഭാഗം നിർവ്വഹിക്കാൻ വൈദീകരും കന്യാസ്ത്രീകളും കടപ്പെട്ടവരും ഇത്തരം അപ്പസ്തോലിക വൃത്തിയിലുണ്ടു് ഉണർവ്വേകേണ്ടവരുമാണെന്നാണു് ഞങ്ങളുടെ ഉറച്ച വിശ്വാസം. വർത്തിക്കാൻ കൗൺസിൽ ഈയിടെ ആശയവിനിമയോപാധികളെപ്പറ്റി ഒരു പ്രമേയം അംഗീകരിച്ചു വിളംബരപ്പെടുത്തിയതും ഇവിടെ ഞങ്ങൾ സ്മരിക്കുന്നു.

കേരളത്തിലെ ചില രൂപതകളിലോ ചുരുക്കം ആളുകളിലോ തുങ്ങിക്കഴിയേണ്ടതല്ല ബുള്ളറിൽ. സകല രൂപതകളിലും അഖില ജനപദങ്ങളിലും അതിനു് ഇടം വേണം. എല്ലാ കാരണവന്മാരും അദ്ധ്യാപകരും ബുള്ളറിൻ വാങ്ങാൻ ഉത്സാഹിക്കണം, ഉത്സാഹിപ്പിക്കണം. റീത്തും ഭാഷയും, അതിർത്തിയും ആളുകളും അതിനു തടസ്സമാകരുതു്. സംഘടനയുടെ ഓർഗനൈസർമാരും സമുദായത്തിലെ ഉത്തരവാദപ്പെട്ടവരും തെറ്റിദ്ധാരണകൾ നീക്കിയും പാരമ്പര്യാഭിപ്രായങ്ങളും കൈവെടിഞ്ഞും ബുള്ളറിനെസ്വീകരിക്കുംബങ്ങളിലും എത്തിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ബുള്ളറിൻകടലാസുവാങ്ങണം, പടങ്ങൾ അടിപ്പിക്കണം, അച്ചടിനിരത്തണം, ലേഖകർക്കു പ്രതിഫലംനൽകി പ്രോത്സാഹിപ്പിക്കണം, ഓരോ ഭവനങ്ങളിലും എത്തിച്ചുകൊടുക്കണം—ഇവയെല്ലാം പണംവേണം. വരിക്കാരുടെ ശ്രദ്ധ ഒരിക്കൽകൂടി ഇക്കാര്യത്തിലേക്കു ക്ഷണിക്കുന്നതിൽ ക്ഷമിക്കുമല്ലോ. കേരളത്തിലങ്ങോളമിങ്ങോളമുള്ള സകല സമുദായസ്നേഹികളുടേയും സഹായസഹകരണം പിൻബലമേകുമെന്നു ഉറച്ചുവിശ്വസിച്ചുകൊണ്ടു അടുത്ത ചക്രം മുതൽ ഈ പ്രസിദ്ധീകരണം കൂടുതൽ മെച്ചപ്പെടുത്തും മിഴിവുറ്റതുമാക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണു്.

എഡിറ്റർ

യുഗപ്രഭാവനായ പ്രസിഡണ്ട് കെന്നഡി

— ജോൺ പെല്ലിശ്ശേരി —

കെന്നഡിയുടെ വധം വെറും ഒരു രാഷ്ട്രത്തലവന്റെ അന്ത്യമല്ല കുറിക്കുന്നത്. മനുഷ്യസ്നേഹത്തിന്റെ ആവേശംകൊണ്ട് സ്വന്തം ജനങ്ങൾക്കും ലോകത്തിനും ആശ്വാസത്തിന്റെ മധുരസ്വപ്നങ്ങൾ ഉയർത്തിക്കാട്ടിയ ഒരു ധീരാത്മാവു് രംഗത്തുനിന്നു തിരോധാനം ചെയ്തിരിക്കുന്നു. ലോകത്തിനൊട്ടാകെ പ്രിയംകരനായിരുന്ന ആ മഹാന്റെ മരണംനിമിത്തം അമേരിക്കക്കു ധീരനും ഉൽബുദ്ധനുമായ ഒരു പ്രസിഡണ്ടും ഇന്ത്യക്കു ഉത്തമനും ഉദാരശീലനുമായ ഒരു സുഹൃത്തും ലോകസമാധാനത്തിനു വിശ്വസ്തനും വിവേകശാലിയുമായ ഒരു കാവൽഭടനും നഷ്ടപ്പെട്ടു.ഈ നഷ്ടം നികത്താനാവില്ല.

കെന്നഡി വെടിയേറ്റു മരിച്ചു. ലോകത്തെയാകമാനം ഞെട്ടിക്കുകയും വിറപ്പിക്കുകയും ചെയ്ത സംഭവം അടുത്തകാലത്തെങ്ങും ഉണ്ടായിട്ടില്ല. സകല ജനപദങ്ങളുടേയും ആദരവു സമ്പാദിച്ച മറ്റൊരു രാഷ്ട്രത്തലവനും ഭൂതകാലചരിത്രത്തിൽ കണ്ടുകിട്ടാനില്ല. ചെറുപ്പക്കാരനും ധീരചിത്തനും വിശാലവീക്ഷണശാലിയുമായ കെന്നഡി ഈ നൂറ്റാണ്ടിലെ മുഴുവൻ പ്രഭാവമായിരുന്നു. അദ്ദേഹത്തിന്റെ ദേഹത്തു വെടിയേറ്റപ്പോഴും ലോകം മണ്ടിപ്പോയി. സർവ്വ ജനവിഭാഗങ്ങളും വിറയ്ക്കുന്ന കൈകളോടെയും ഇരുട്ടുകയറുന്ന കണ്ണുകളോടെയുമാണു് ആ മരണവാർത്ത ഉരുട്ടിയെഴുതിയ ദിനപ്പത്രങ്ങളും കൈയ്യിലെടുത്തതു്. കോടിക്കണക്കിനു ലേഖനങ്ങളും കോടാനുകോടി ഫോട്ടോകളും പുറത്തുവന്നു. ഇനി അദ്ദേഹത്തെപ്പറ്റി പറയുന്നതെന്തും ആവർത്തനമായേക്കും. നമ്മുടെ മലയാളപത്രങ്ങളും ആ മഹാനെപ്പറ്റി നിരൂപിച്ചിരിക്കുന്നതു് അത്യന്തം കാര്യക്ഷമവും വിജ്ഞാനപ്രദവുമാണു്.

'മലയാളമനോരമ'

''.....കെന്നഡിയെപ്പറ്റി ചിന്തിക്കുമ്പോഴും ശോകാത്മകമായ പല വശങ്ങളും മനസ്സിൽ തട്ടുകയാണു്. അമേരിക്കൻ പ്രസിഡണ്ടുസ്ഥാനം അലങ്കരിച്ചവരിൽ ഏറ്റവും പ്രായംകുറഞ്ഞ ആളായിരുന്ന കെന്നഡി. മേലിൽ രാജ്യസേവനത്തിനുള്ള അനേക വർഷങ്ങൾക്കു പൊട്ടന്നു് വിരാമമിട്ട ഒരു ദുരന്തസംഭവമായിരുന്ന ഈ വധകൃത്യം. അടുത്ത തെരഞ്ഞെടുപ്പിലും ഡമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചു വിജയം വരിക്കാനുള്ള സാദ്ധ്യതയും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിനു മുമ്പു് 34 പ്രസിഡൻറുമാർ അമേരിക്കയിൽ ഭരണം നടത്തി. അവരിൽ ഒരാംപോലും കത്തോലിക്കാ സംഭാവമായിരുന്നില്ല. പ്രോട്ടസ്റ്റൻറുകാർക്കു ഭൂരിപക്ഷമുള്ള അമേരിക്കയിൽ ഒരു കത്തോലിക്കൻ പ്രസിഡണ്ടുസ്ഥാനത്തേക്കു അവരോധിക്കപ്പെട്ടതു ഒരു പുതിയ ചരിത്രംസൃഷ്ടിക്കലായിരുന്നു, സഭകൾ തമ്മിലും മതങ്ങൾ തമ്മിലും വളർന്നുവരുന്ന സാഹിഷ്ണുതാമനോഭാവത്തിന്റേയും സഹകരണത്തിന്റേയും ഒരു നിദർശനമായിക്കൂടി അദ്ദേഹത്തിന്റെ പ്രസിഡണ്ടുസ്ഥാനപ്രാപ്തിക്കു പ്രാധാന്യമുണ്ടു്. മറ്റു പല കാര്യങ്ങളിലും അദ്ദേഹത്തിനുള്ള പ്രഥമസ്ഥാനം അനുസ്മരണീയമാണു്. അമേരിക്കൻ നാവികവകുപ്പിൽ സേവനമനുഷ്ഠിച്ചവരാരും അദ്ദേഹത്തിനുമുമ്പു് പ്രസിഡണ്ടായിട്ടില്ല. അതുപോലെതന്നെ ഒരു അയർലണ്ട്വംശജൻ ഇദംപ്രഥമമായിട്ടാണു അമേരിക്കൻ പ്രസിഡണ്ടായതു്. ഈ പ്രഥമസ്ഥാനങ്ങളെല്ലാം ഒരു വസ്തുത വ്യക്തമാക്കുകയാണു്. വ്യക്തിപരമായി അദ്ദേഹത്തിനുള്ള കഴിവുകളും മാഹാത്മ്യങ്ങളും അദ്ദേഹത്തിന്റെ പ്രായം, വംശം, സഭ മുതലായവയെ എല്ലാം അവഗണിക്കത്തക്കവണ്ണം അത്രയ്ക്കു പ്രശസ്തമായിരുന്നുവെന്നുള്ളതാണു് അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിൽനിന്നത്ഥമാക്കേണ്ടതു്.

പരിതാപകരമായ ഒരു ദുരന്തനാടകത്തിന്റെ പ്രതീതികളെല്ലാം ഈ അത്യാഹിതത്തിൽ സമ്പൂർണ്ണമായിരുന്നു. അമേരിക്കയുടെ പ്രഥമവനിതാസ്ഥാനം സർവ്വജനസംപൂജ്യമായി വഹിച്ചുകൊണ്ടിരിക്കുന്ന മിസ്സസ് കെന്നഡിയുടെ മുഖകരങ്ങളിലാണു ധീരനും മഹാനുമായ സ്വഭർത്താവിന്റെ ശിരസ്സു ചാഞ്ഞുവീണതെന്നുള്ളതു് ഏതു കഠിനഹൃദയത്തേയും അലിയിക്കുന്ന ഒരു രംഗമാണു്. ഹൃദയമുള്ളവരുടെയെല്ലാം സഹതാപവും അനുശോചനവും ആ മഹതിക്കുണ്ടായിരിക്കുമെന്നതിൽ സംശയമില്ല.....''

'മാതൃഭൂമി'

''പ്രസിഡണ്ട് കെന്നഡി ഒരു ഘാതകന്റെ വെടിയേറ്റു മരിച്ചു. ദാരുണമായ ഈ വൃത്താന്തംകേട്ടുണ്ടായ പൂർണ്ണമായ നടുക്കത്തിൽനിന്നു ലോകം ഇനിയും വിമുക്തമായിട്ടില്ല. നമ്മുടെ കാലത്തു സംഭവിച്ചിട്ടുള്ള ഏറ്റവും പൈശാചികമായ സംഭവങ്ങളിലൊന്നാണു് ഈ വധം. മനുഷ്യവർഗ്ഗത്തിന്റെ മനസ്സാക്ഷിയെ എന്നുമെന്നും കരണ്ടുതിന്നുന്ന മഹാപാപങ്ങളുടെ പരമ്പരയിൽ ഒന്നുകൂടി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.

തൊണ്ണൂറ്റെട്ടു വർഷം മുമ്പു് ഒരു കൊലയാളിയുടെ വെടിയുണ്ടക്കിരയായ മറ്റൊരു മഹാനായ പ്രസിഡണ്ടിന്റെ മരണവുമായി പല അംശത്തിലും പ്രസിഡണ്ട് കെന്നഡിയുടെ അന്ത്യത്തിനു സാമ്യമുണ്ടു്. അബ്രാഹം ലിങ്കൺ ഏതാദർശത്തിനു വേണ്ടി ആത്മസമർപ്പണംചെയ്തുവോ, വർഗ്ഗസമത്വമെന്ന അതേ ആദർശത്തിന്റെ ബലിവേദിയിൽത്തന്നെയാണു കെന്നഡിയുടെ രക്തവും ഒഴുകിയതു്. ''എല്ലാ മനുഷ്യരും സമന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു'' എന്ന പ്രകടമായ സത്യത്തെ അമേരിക്കൻ രാഷ്ട്രീയഭൂമണ്ഡലത്തിലൊരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ കെന്നഡിയും ''ഹതാത്മാ'' വായി തൊലികറുത്ത അമേരിക്കൻ പൗരന്മാർക്കു് വോട്ടവകാശമുറപ്പുവരുത്തുന്നതിനായി അമേരിക്കൻകോൺഗ്രസ്സിലവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലിനു തന്റെ കക്ഷിയിലേതന്നെ യാഥാസ്ഥിതികാംഗങ്ങളിൽ



നിന്നു നേരിടേണ്ടിവരുന്ന എതിർപ്പ് ഇല്ലാതാക്കുന്നതിനുവേണ്ടി നടത്തിയിരുന്ന ഒരു പര്യടനത്തിനിടയിലാണു കെന്നഡി വധിക്കപ്പെട്ടതു്. അമേരിക്കയുടെ ചരിത്രത്തിൽ മാത്രമല്ല, ലോകചരിത്രത്തിൻതന്നെ അബ്രഹാം ലിങ്കനു തൊട്ടടുത്തു ശാശ്വതമായ ഒരു സ്ഥാനത്തിനു ഈ അന്തിമമായ ത്യാഗം അദ്ദേഹത്തെ അർഹനാക്കിയിരിക്കുന്നു.

കെന്നഡിയുടെ മരണംനിമിത്തം അമേരിക്കയ്ക്കു മഹാനായ ഒരു പ്രസിഡണ്ടും ലോകത്തിനു ഉദ്ബുദ്ധനായ ഒരു നേതാവും നഷ്ടപ്പെട്ടിരിക്കുന്നു. പലതുകൊണ്ടും മുൻ അമേരിക്കൻ പ്രസിഡണ്ടുമാരിൽ നിന്നു വ്യത്യസ്തനായിരുന്ന കെന്നഡി, അമേരിക്കയിലെ ഏറ്റവും ചെറുപ്പക്കാരനായ പ്രസിഡണ്ടായിരുന്ന അദ്ദേഹം; ആമേരിക്കയിലെ ആദ്യത്തെ റോമൻ കാത്തലിക് പ്രസിഡണ്ടും. റോമൻകാത്തലിക് എന്ന നിലയിൽ മതപരമായ ഒരു ന്യൂനപക്ഷത്തിൽപെട്ട ആളായിരുന്ന അദ്ദേഹം. എങ്കിലും അദ്ദേഹത്തിൻറെ പുരോഗമനപരമായ ചിന്താഗതി, അമേരിക്കയിലെ ധിഷണാശാലികളുടെ മുഴുവൻ സഹകരണം അദ്ദേഹത്തിനു നേടിക്കൊടുത്തു. ഹാർവാർഡ് സർവ്വകലാശാലയിലെ ആദർശവാദികളാണു അദ്ദേഹത്തിലൂടെ ഭരണംനടത്തിയിരുന്നതു എന്നുവരെ പറയപ്പെട്ടിരുന്നു. ലോകത്തിലെ ഏറ്റവും സമൃദ്ധവും ബലിഷ്ഠവുമായ രാജ്യമെന്ന നിലയിൽ അമേരിക്കയെ അഭിമുഖീകരിക്കുന്ന കർത്തവ്യങ്ങളേയും അവസരങ്ങളേയുംപറ്റി കെന്നഡി തികച്ചുംബോധവാനായിരുന്നു'...

മനുഷ്യവർഗ്ഗം കെന്നഡിയോടു ഏറ്റവുമധികം കൃതജ്ഞതാബന്ധമായിരിക്കുന്നതു ലോകസമാധാനത്തിനു അദ്ദേഹം നൽകിയ സംഭാവനയുടെപേരിലാണു്. കഴിഞ്ഞകൊല്ലം ഒക്ടോബറിൽ ക്യൂബയിലെ സംഭവങ്ങൾ ലോകത്തെ ഒരു അണുയുദ്ധത്തിൻറെ അഗ്നിജ്വാലകളിൽ കടുക്കുമെന്നു തോന്നിയിരുന്നു. കെന്നഡിയുടെ ധീരവും വിവേകപൂർണ്ണവുമായ നയം അണുയുദ്ധമുണ്ടാകാതെ കഴിച്ചു. ഇതിനു മി. ക്രൂഷ്ചേവിനോടും നമുക്കു നന്ദിപറയാം. തുടർന്നു് ഇക്കഴിഞ്ഞ ഒരു വർഷത്തിൽ, റഷ്യയും അമേരിക്കയും തമ്മിൽ പലകാര്യങ്ങളിലും ഏതാണ്ടൊരു യോജിപ്പ് ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. അന്തരീക്ഷത്തെ വിഷദ്രഷിതമാക്കുന്ന അണുസ്ഫോടനങ്ങളും ഇന്നു നിരോധിക്കപ്പെട്ടിരിക്കുന്നു. സമാധാനപൂർണ്ണമായ മാത്സര്യത്തിലൂടെ റഷ്യയും അമേരിക്കയും സഹവർത്തിക്കുകയും ലോകപ്രശ്നങ്ങൾക്കു ക്ഷമയോടെ സമാധാനം കണ്ടെത്തുകയും ചെയ്യുമെന്ന ആശ ഇന്നു ചിന്താശീലരായ മനുഷ്യരുടെ മുഴുവൻ ഹൃദയങ്ങളിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്.

രണ്ടു വർഷവും പത്തു മാസവും മാത്രമേ കെന്നഡി പ്രസിഡണ്ടായിരുന്നുള്ളു. ഈ ഹ്രസ്വകാലത്തിനുള്ളിൽത്തന്നെ അമേരിക്കയുടേയും ലോകത്തിൻറെയും മനോമണ്ഡലത്തിൽ മായാത്ത മുദ്രപതിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. പ്രസിഡൻറ് രാധാകൃഷ്ണൻ പറഞ്ഞതുപോലെ, ധീരതയുടെ മനസ്സാക്ഷിയുമാണു് അദ്ദേഹത്തിൻറെ വ്യഖ്യാതിമുദ്രയിലെ പ്രധാനരേഖകളും— ശത്രുവിൻറെയെന്നപോലെ സ്വന്തം നാട്ടുകാരായ പ്രതിലോമവാദികളുടേയും മുമ്പിൽ ചൂളാത്ത ധീരത, താൻ ന്യൂനപക്ഷത്തിലാണെന്നറിയുമ്പോഴും ന്യായത്തിനുവേണ്ടി നിലകൊള്ളുന്ന മനസ്സാക്ഷി. ഭാഗ്യത്തിൻറെ പരിലാളനയിൽവളർന്ന ധനികയുവാവിനെ മഹാനായ ലോകനേതാവായുയർത്തിയതു് ഈ രണ്ടു ഗുണങ്ങളാണു്....''

'കേരള കൗമുദി'

''അന്തർദ്ദേശീയ രംഗത്തു അത്ഭുതകരമായ വേഗതയിൽ ഉയർന്നുവന്നു് അന്യാകർഷകമായി മിന്നിത്തിളങ്ങിനിന്ന അതിമനോഹരമായ ഒരു ജ്യോതിസ്സിൻറെ തിരോധാനമാണു കെന്നഡിയുടെ മരണം മൂലം സംഭവിച്ചിരിക്കുന്നതു്. പരസ്പരഭയംമൂലം സകലരേയും കൊന്നൊടുക്കുന്ന സർവ്വനാശകരമായ ഒരു അണുവായുധയുദ്ധത്തിനു പാശ്ചാത്യപൗരസ്ത്യ ചേരികളും തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ പാശ്ചാത്യശക്തികേന്ദ്രത്തിൻറെ നേതാവായി അവരോധിക്കപ്പെട്ട അദ്ദേഹം സമാധാനത്തിൻറെ നിലനില്പിനെപ്പറ്റി പുതിയ പ്രതീക്ഷകളും ആശകളും ജനിപ്പിക്കുന്ന ഒരു ഘട്ടത്തിലേക്കു ലോകത്തെ നയിക്കുമെന്ന ധാരണകളും വളർത്തിക്കൊണ്ടിരിക്കുകയായിരുന്നു. മദ്ധ്യശതാബ്ദകാലങ്ങളുടെ മാനസികഘടനയുള്ളവർ, ലോകഗതിതീരുമാനിക്കാൻ കഴിവുള്ള അമേരിക്കയിൽ നിഷ്ക്രിയകരാഷ്ട്രീയശക്തികളായി വളർന്നുകൊണ്ടിരിക്കുമ്പോൾ യാഥാർത്ഥ്യങ്ങളെ കണ്ണുതുറന്നു കാണാനും വിവേകത്തിൻറെ ഭാഷയിൽ സംസാരിക്കുവാനുംകഴിയുന്ന കെന്നഡി അമേരിക്കയ്ക്കുമാത്രമല്ല, ലോകത്തിനു തന്നെയും ഇന്നു അത്യന്താപേക്ഷിതമായിരുന്നു. ലോകത്തിൻറെ വിധി നിർണ്ണയിക്കുവാൻകഴിയുന്ന അത്യന്തമായ സ്ഥാനത്തു" മൂന്നുകൊല്ലം മുമ്പേ അവരോധിതനായ ചോരത്തിളപ്പുള്ള 43—കാരനെ അമേരിക്കൻ വിത്തപ്രഭാവവും കർത്തൊലിക്കാമതഭ്രാന്തും അധികാരലഹരിയും കൂടിച്ചേർന്നു് ആപല്ക്കാരിയായ ഒരു ഭരണത്തലവനാക്കുമെന്നും അദ്ദേഹം ലോകസമാധാനത്തെ അപകടപ്പെടുത്തുമെന്നും ഭയപ്പെട്ടിരുന്നവരുണ്ടു്. പക്ഷേ. അനിതരസാധാരണമായ ആത്മസംയമനവും സംഭവവികാസങ്ങളെ പതറാതെ നേരിടുന്നതിനുള്ള ആത്മധൈര്യവും പരമാവധി വിട്ടുവീഴ്ചകളും ചെയ്യുന്നതിനുള്ള ദീർഘവീക്ഷണവുമാണു് അദ്ദേഹത്തിൻറെ നയങ്ങളുടെ ആണിക്കല്ലുകളായി കാണപ്പെട്ടതു്. കമ്യൂണിസത്തോടു തങ്ങൾക്കു എത്രതന്നെ എതിർപ്പുണ്ടെങ്കിലും അതു് ഇന്നൊരു ലോകശക്തിയും തങ്ങളെപ്പോലെയോ തങ്ങളെക്കാളുമോ ശക്തിയുള്ള ഒരു രാഷ്ട്രീയഘടകമാണെന്നും ആ സത്യം അവഗണിച്ചുകൊണ്ടുള്ള നീക്കങ്ങൾ ലോകത്തെ ആകപ്പാടെ നശിപ്പിക്കുന്ന മഹായുദ്ധത്തിലേക്കു വഴിതെളിക്കുമെന്നുമുള്ള തണുത്ത സത്യം കമ്യൂണിസത്തോടുള്ള കുരിശുയുദ്ധത്തിൻറെ ആവേശത്തിൽ മറന്നുപോകുന്ന അമേരിക്കാരുടെ കൂട്ടത്തിൽപെട്ട ആളല്ലതാനെന്നു പ്രസിഡൻറ് കെന്ന

ഡി ലോകത്തെ ബോധ്യമാക്കിയിട്ടുണ്ട്. ഏകാധിപത്യപരമായ കമ്യൂണിസത്തെ അതിന്റെ ഇന്നത്തെ വേലിക്കെട്ടിനകത്തു് ഒതുക്കിനിർത്തുന്നതിനുള്ള ബുദ്ധിപൂർവ്വകമായ നടപടികമ്യൂണിസ്റ്റേതര രാജ്യങ്ങളിൽ ജനാധിപത്യത്തിനു ഉറപ്പുള്ള അടിത്തറ ഉണ്ടാക്കുകയും ജനാധിപത്യ ഭരണസംവിധാനംവഴി സാമ്പത്തികാഭിവൃദ്ധി കൈവരുത്താമെന്നു തെളിയിക്കുകയും ആണെന്നു പ്രസിഡന്റു് കെന്നഡി വിശ്വസിച്ചിരുന്നു. പുതുതായി സ്വാതന്ത്ര്യംപ്രാപിച്ച ഏഷ്യൻ–ആഫ്രിക്കൻ രാഷ്ട്രങ്ങൾക്കു ഉദാരമായ സാമ്പത്തികസഹായങ്ങളും നൽകുന്ന ഒരു നയം ഊർജ്ജസ്വലതയോടുകൂടി അദ്ദേഹം പിൻതുടരുകയും ചെയ്തു. അതേസമയം കമ്യൂണിസ്റ്റുചേരിയുടെ സമ്മർദ്ദരാഷ്ട്രീയതന്ത്രങ്ങളെ, യേംജനിപ്പിക്കുന്ന ധീരതയോടുകൂടി നേരിടാനും അദ്ദേഹം തയ്യാറായിരുന്നു. അമേരിക്കയുടെ തലസ്ഥാനമായ വാഷിംഗ്ടണിനടുത്തുള്ള ക്യൂബയിൽ മിസൈലുകൾ നിർത്തുന്നതിനുള്ള റഷ്യയുടെ ശ്രമത്തെ വിജയകരമായി തടയുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞു. ബലത്തെ ബലംകൊണ്ടു നേരിടാനുള്ള കരുത്തുകാണിച്ചപ്പോഴും തന്നെ അതിന്റെ വിനാശകരമായ ഭവിഷ്യത്തിനെപ്പറ്റി ഓർമ്മയുണ്ടായിരുന്ന അദ്ദേഹം ആ യുദ്ധഭീതിയകറ്റി സമാധാനം പുനഃസ്ഥാപിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങളും തുടർന്നു നടത്തുകയും, ഒരു അണുവായുധയുദ്ധത്തിന്റെ ഭീഷണിയിൽ വീർപ്പടക്കിനിന്ന ലോകത്തിനു് ആശ്വാസനിശ്വാസത്തിനു വകനൽകുന്ന ആറാംആയുധപരീക്ഷണനിരോധനക്കരാർ റഷ്യയുമായുണ്ടാക്കുന്നതിൻ വിജയിക്കുകയും ചെയ്തു.

അന്തർദ്ദേശീയരംഗത്തു മാത്രമല്ല, ആഭ്യന്തരരംഗത്തും ആധുനികചിന്തകളുമായി പൊരുത്തപ്പെടുത്തുന്ന ഒരു നയമാണു പ്രസിഡന്റു കെന്നഡി സ്വീകരിച്ചതു്. മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യം കമ്യൂണിസ്റ്റുവ്യവസ്ഥയിൽ ഞെരിച്ചു കൊല്ലപ്പെടുമെന്നു ഭയപ്പെടുന്നവർക്കു് സ്വന്തംരാജ്യത്തുള്ള കറുത്തനിറക്കാരായ മനുഷ്യരുടെ സ്വാതന്ത്ര്യത്തെ വിലങ്ങിട്ടുവയ്ക്കാൻ അവകാശമില്ലെന്നു അദ്ദേഹത്തിനു് അറിയാമായിരുന്നു. അടിമക്കച്ചവടം നിലനിന്നകാലഘട്ടത്തെ സാമൂഹ്യബന്ധങ്ങളും വച്ചുപുലർത്തുന്നതു മനഃസാക്ഷിക്കുത്തുകൂടാതെ അമേരിക്കയിലെ ദുഷ്ടബുദ്ധികളായ റിപ്പർവാൻ വിങ്കിളുകളുടെ ലക്കില്ലാത്ത എതിർപ്പു് തന്മൂലം അദ്ദേഹം നേരിടേണ്ടിവന്നു....,''

'തൊഴിലാളി'

''ഞങ്ങളീ വരികൾ എഴുതുമ്പോഴും മോസ്കോ റേഡിയോ വിലാപഗാനങ്ങൾ ആലപിക്കുകയാണു്. വത്തിക്കാൻ ചാപ്പലിൽ നനഞ്ഞ കണ്ണുകളോടെ ആരംഭിച്ച പോപ്പ് പോൾ ആറാമൻ നിരുമേനിയുടെ പ്രാർത്ഥന മൂവായിരത്തോളം കൗൺസിൽപിതാക്കന്മാർ ആവർത്തിച്ചുകൊണ്ടിരിക്കുകയാണു്. വെടിയേറ്റുവീണ ആ രണ്ടാം ''ബാപ്പുജി''യെ ഓർത്തു് ഇന്ത്യ വിതുമ്പിക്കരയുകയാണു്. നീഗ്രോകൾക്കുവേണ്ടി ജീവൻ വെടിഞ്ഞ ആ ''ദ്വിതീയ ലിങ്കു''നെ ഓർത്തു ലോകജനതമുഴുവൻ ചങ്കുപൊട്ടി നിലവിളിക്കുന്നു. ഒരു പുതിയ ലോകത്തിന്റെ യുവശില്പിയായിരുന്ന ആ നാല്പത്തിയഞ്ചുകാരൻ. അമേരിക്കൻ ഐക്യരാജ്യങ്ങളുടെ നാലതിർത്തികൾക്കുള്ളിൽ ഒതുങ്ങിനില്പാത്തതും ഒരു വേള സൗരയൂഥത്തിലെ പല ഗ്രഹങ്ങളേയും സമാശ്ലേഷിക്കുന്നതുമായ സമാധാനത്തിന്റേയും ക്ഷേമത്തിന്റേയും ഒരു തലമുറയെ നോക്കി കൃതകൃത്യനാകാൻ വെള്ളമേധാവിത്വത്തിന്റെ ആ പൈശാചിക വെടിയുണ്ട ജോൺ കെന്നഡിയെ അനുവദിച്ചില്ല....''

'ജനയുഗം'

''പ്രസിഡന്റു് കെന്നഡിയുടെ അകാലികവും അപ്രതീക്ഷിതവുമായ മരണവാർത്ത കേട്ടു് ഞെട്ടാത്തവരോ ദുഃഖിക്കാത്തവരോ ആയി അധികമാരും ലോകത്തുണ്ടാവുകയില്ല. അത്രമാത്രം ജനസമ്മതി അദ്ദേഹം തന്റെ മുപ്പത്തിനാലുമാസത്തെ ഭരണത്തിനിടയിൽ സമ്പാദിച്ചുകഴിഞ്ഞു, അമേരിക്കയുടെ പ്രസിഡൻറായിരിക്കെതന്നെ വിശാല ലോകത്തിന്റെ യാകെ സമ്മതനോടാവം നേടുകയെന്നതു് വളരെ ശ്രമകരമായ സംഗതിയാണു്. കുത്തക മുതലാളിത്തം കൊടികുത്തിവാഴുന്ന ഒരു മഹാരാജ്യത്തിന്റെ ഭരണത്തലവനു ഉന്നതാദർശങ്ങളും അധികം വച്ചുപുലർത്താൻ സാധ്യമല്ല. എന്നിട്ടും, ആഭ്യന്തരവും സർവ്വദേശീയവുമായ പല പ്രശ്നങ്ങളിലും പ്രസിഡണ്ടു് കെന്നഡി ധീരവും ന്യായയുക്തവുമായ നടപടികളും തന്നെ സ്വീകരിച്ചു....''

'മലബാർ മെയിൽ'

''....ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ കരിനിഴൽ വീശിയിരുന്ന ഘട്ടത്തിലാണു് അദ്ദേഹം (കെന്നഡി) സ്വതന്ത്രലോകത്തിന്റെ നേതാവായി പ്രസിഡണ്ടുപദം ചാർജ്ജെടുത്തതു്. ലോകത്തെ യുദ്ധത്തിന്റെ വക്കിൽനിന്നു രക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു; മാത്രമല്ല, ഈ തലമുറയേയും വരും തലമുറകളേയും യുദ്ധവിപത്തിൽനിന്നു വിമുക്തീകരിക്കുന്നതിനുള്ള നിരന്തര ശ്രമത്തിലാണു അദ്ദേഹം വ്യാപരിച്ചിരുന്നതു്....''

'മലയാളി'

''....സമീപഭൂതകാലത്തെങ്ങും കെന്നഡിയെപ്പോലെ ശക്തനും ഊർജ്ജസ്വലനും ഭാവനാസമ്പന്നനും പുരോഗമനചിന്താഗതിക്കാരനുമായ ഒരു പ്രസിഡൻറിനെ അമേരിക്കയ്ക്കു ലഭിച്ചിട്ടില്ല. ക്യൂബയുടെ കാര്യത്തിൽ കെന്നഡി സ്വീകരിച്ച ഉറച്ച നിലപാടു് ലോകചരിത്രത്തിന്റെ ഗതിയിൽത്തന്നെ വിപ്ലവകരമായ ഒരു പരിവർത്തനം വരുത്താൻ പര്യാപ്തമായി. അമേരിക്കയെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതല്ല, അമേരിക്കയെമായി കഴിയുന്നിടത്തോളം കാര്യങ്ങളിൽ കഴിയുന്നത്ര സഹകരിക്കാൻ ശ്രമിക്കുന്നതാണു വിവേകമെന്നു സോവ്യറ്റുനേതാക്കൾക്കു മനസ്സിലായതുതന്നെ അത്രമതിയാണെന്നു പറയാം....,.''

'ദേശബന്ധു'

''...,.അധർമ്മത്തിനുമനീതിക്കുമെതിരായുള്ള പോരാട്ടത്തിൽ പ്രസിഡണ്ടു് കെന്നഡി പ്രദർശിപ്പിച്ചിട്ടുള്ള ധീരത ലോകത്തിന്റെ മുഴുവനും മുക്തകണ്ഠമായ പ്രശംസക്കു പാത്രീഭവിച്ചിട്ടുണ്ടു്. മനുഷ്യനെ കാട്ടാളത്വത്തിലേക്കും ശിലായുഗത്തിലേക്കും നയിക്കുന്ന അടിമത്തത്തിനും വർണ്ണവിവേചനത്തിനുമെതിരായി ശബ്ദമുയർത്തുവാൻ കെന്നഡി ഒരിക്കലും മടിച്ചിട്ടില്ല. ....അപകടരംഗങ്ങളിൽ ചങ്കൂറ്റത്തോടും ധീരതയോടും കൂടി മുന്നേറുവാനും രാജ്യത്തെ നേർവഴിക്കു തിരിച്ചുവിടാനും ലോകസമാധാനത്തിനുവേണ്ടി മറാരേയുംകാൾ മുന്നിൽനിന്നു പ്രവർത്തിക്കുവാനും പ്രസിഡൻറു കെന്നഡിക്കുണ്ടായിരുന്ന കഴിവും സാമർത്ഥ്യവും അസാമാന്യമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ എതിരാളികൾപോലും സമ്മതിക്കും....''

'ദിനമണി'

''പാശ്ചാത്യചക്രവാളത്തിൽ ഉദിച്ചുയർന്നു് മനുഷ്യഹൃദയങ്ങളിൽ പ്രകാശം ചൊരിഞ്ഞിരുന്ന ഒരു ഉജ്ജ്വല നക്ഷത്രം പൊലിഞ്ഞുപോയിരിക്കുന്നു. അങ്ങകലെ മഹാസമുദ്രങ്ങൾക്കപ്പുറം നടന്ന ഒരു ഭയാനകസംഭവം. ബ്രസീലിലെ വനാന്തരങ്ങളിലെന്നപോലെതന്നെ സൈബീരിയായിലെ കന്നിമണ്ണിലും കേരളക്കരയിലെ റോക്കറ്റുവിക്ഷേപമേഖലയിലും വികാരത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചിരിക്കണം. ഭൗതികശക്തി പരമകോടിയിലെത്തിയിരിക്കുന്ന അമേരിക്കയുടെ അധികാരപീഠത്തിൽ അവരോധിതനായിട്ടും ദൈവപുത്രരിൽ മാലാഖയാണെന്നു തെളിയിച്ച ജോൺ കെന്നഡിയെ വീഴ്ത്തിയ വെടിയുണ്ട മനുഷ്യസ്നേഹികളുടെ ഹൃദയം പിളർത്താൻ പോന്നവായാണു്.....''

'കേരള ഭൂഷണം'

''ലോകത്തിന്റെ ഭാവിയെ സാരമായി നിയന്ത്രിക്കുന്ന മഹാശക്തികളിലൊന്നായ അമേരിക്കയുടെ പ്രസിഡണ്ടു് ജോൺ എഫ് കെന്നഡിയുടെ മരണത്തിനിടയാക്കുകയും ടെക്സാസ് ഗവണ്മെന്റർ ജോൺ കോണല്ലിയെ ഗുരുതരമായി മുറിവേല്പിക്കുകയുംചെയ്ത ഞെട്ടിപ്പിക്കുന്ന സംഭവം, ഒരുവിധത്തി

ൽ പറഞ്ഞാൽ മനുഷ്യവംശത്തെതന്നെ ഒരു വഴിത്തിരിവിലെത്തിച്ച ഒന്നാണ്. വ്യക്തിപരമായും അമേരിക്കൻ പ്രസിഡണ്ടെന്നനിലയിലും ആഭ്യന്തരമണ്ഡലത്തിലും അന്താരാഷ്ട്രീയരംഗത്തും കെന്നഡിക്കുണ്ടായിരുന്ന സ്വാധീനശക്തിയാണ് ഇതിനു കാരണം.....''

'കേരളധ്വനി'

''.....ജോൺ എഫ് കെന്നഡി അമേരിക്കൻ പ്രസിഡണ്ടുപദം അലങ്കരിച്ചമൂന്നുകൊല്ലംകൊണ്ട്, മുന്നൂറുകൊല്ലംകൊണ്ടുണ്ടാകേണ്ട മാറ്റങ്ങളും ലോകത്തിൽ ഉണ്ടായിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. പ്രായേണ സൂക്ഷ്മമായ ആ മാറ്റങ്ങളുടെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ 1961 ജനുവരി 20-ാംനു ജോൺ എഫ് കെന്നഡി അമേരിക്കൻ പ്രസിഡണ്ടാകുന്നതിനു മുൻപേ അന്താരാഷ്ട്രീയരംഗത്തെ സ്ഥിതി എന്തായിരുന്നു എന്നോർക്കണം....രത്നച്ചുരുക്കമായി പറഞ്ഞാൽ കെന്നഡിയുടെ വ്യക്തിത്വം വിവേകം മസൃണമാക്കിയ ധീരതയുടെ മൂർത്തീഭാവമാകുന്നു.....''

'മലയാള രാജ്യം'

''...ലോകസമാധാനത്തിനു വേണ്ടിയും വർഗ്ഗപരമായ അസമത്വങ്ങൾ നീക്കുന്നതിനുവേണ്ടിയും പ്രസിഡന്റ് കെന്നഡി നൽകിയിട്ടുള്ള ധീരമായ നേതൃത്വം ലോകോത്തരമാണ്. 46 വയസ്സുമാത്രം പ്രായമുള്ള കെന്നഡി ഇതുപോലെയുള്ള മഹൽകാര്യങ്ങൾ ഭാവിയിലും നിറവേറ്റുമെന്ന വലിയ പ്രതീക്ഷകളുണ്ടായിരുന്ന ഒരു സന്ദർഭത്തിലാണ് കൊലപാതകികൾ അദ്ദേഹത്തെ കാലപുരിയിലേക്കു തള്ളിയത് എന്ന വസ്തുത ഏറ്റവും മർമ്മഭേദകമായിരിക്കുന്നു. കെന്നഡി തന്റെ ധീരവും രാജ്യതന്ത്രപരവുമായ രണംകൊണ്ട് ഒരു ചരിത്രപുരുഷനായി ഉയർന്നുകഴിഞ്ഞിരുന്നു. സമാധാനത്തിനും സ്വാതന്ത്ര്യത്തിനും സമത്വത്തിനുംവേണ്ടിയുള്ള ധീരസമരത്തിൽ അദ്ദേഹം ഘോരമായ ഈ കൊലപാതകം കൊണ്ട് രക്തസാക്ഷിയായി ഭവിച്ചിരിക്കുന്നു. കെന്നഡിയുടെ രക്തസാക്ഷിത്വം യു എസ്സിലേയും ലോകത്തിലേയും പുരോഗമനശക്തികൾക്കാകമാനം തങ്ങളുടെ പ്രിയതരമായ ലക്ഷ്യങ്ങൾ കൈവരുത്താൻ മഹത്തായ ഒരു പ്രചോദനമാകാതിരിക്കയില്ല.....''

'ദേശാഭിമാനി'

''...വെള്ളിയാഴ്ച, ബൈബിളിന്റെ കാലംമുതല്ക്കേ ഒരു ശപിക്കപ്പെട്ട ദിവസമാണ്. രാഷ്ട്രനേതാക്കന്മാരെ തട്ടുന്നതു വെള്ളിയാഴ്ചതന്നെ ആയിരിക്കണമെന്ന ഘാതകർക്ക് നിർബന്ധമുള്ളതുപോലെ തോന്നുന്നു. മഹാത്മജി വെടിയുണ്ടയേറ്റതും വെള്ളിയാഴ്ചയായിരുന്നു. സിലോൺ പ്രധാനമന്ത്രി ഭണ്ഡാരനായകെ വെടിയുണ്ടയേറ്റതും ഒരു വെള്ളിയാഴ്ച യാണെന്നതാണ് ഞങ്ങളുടെ ഓർമ്മ. ഇറാക്ക് പ്രസിഡണ്ട് കസ്സെം വധിക്കപ്പെട്ടതും ഒരു വെള്ളിയാഴ്ചയാണ്. ഇപ്പോഴിതാ കെന്നഡിയെ കൊലചെയ്യാനും ഘാതകൻ വെള്ളിയാഴ്ച തെരഞ്ഞെടുത്തിരിക്കുന്നു. ഇന്ത്യയുടെ രാജ്യരക്ഷാസേനയിലെ നാലഞ്ചു നായകന്മാർ ഒരു വിമാനാപകടത്തിൽ കൊല്ലപ്പെട്ടതും ഈ വെള്ളിയാഴ്ചതന്നെ. രാഷ്ട്രനേതാക്കന്മാരും എണ്ണപ്പെട്ട വ്യക്തികളും വെള്ളിയാഴ്ച ദിവസം പുറത്തിറങ്ങുന്നതു സൂക്ഷിച്ചുവേണമെന്നു കരുതുമോ?

മനസ്സിലാക്കാൻ കഴിയാത്തതാണ് കെന്നഡിയുടെ കൊലപാതകമെന്നു ലോകതലസ്ഥാനങ്ങളിൽകേട്ട ആദ്യത്തെ പ്രതികരണങ്ങളും പറയുന്നു. ജീവൻ അപഹരിക്കപ്പെടാൻമാത്രം അമേരിക്കയുടെ പ്രസിഡണ്ട് ആരെയും എതിരാക്കിയിട്ടില്ലെന്ന അനുമാനമാണ് ഈ മനസ്സിലാവായ്മക്കു നിദാനം. പക്ഷേ, കെന്നഡിയുടെ പോക്ക് ഇഷ്ടപ്പെടാത്ത പല പ്രബലവൃത്തങ്ങളും അമേരിക്കയിലുണ്ടെന്ന വസ്തുത കണ്ടില്ലെന്നു നടിച്ചുകൊണ്ടു കാര്യമില്ല....''

'കേരള ടൈംസ്'

''...അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ചൂണ്ടുപലകയായ ഗറിസ്ബർഗ് പ്രസംഗത്തിന്റെ ശതവാർഷികം ആഘോഷിച്ചതിന്റെ മൂന്നാം ദിവസം ''എല്ലാ മനുഷ്യനും തുല്യമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന സിദ്ധാന്തത്തെ'; മുറുകെപ്പിടിച്ചുകൊണ്ട് നീഗ്രോകളുടെ മനുഷ്യാവകാശത്തിനുവേണ്ടി സുധീരം പ്രവർത്തിച്ചതുമൂലം പ്രസിഡണ്ട് കെന്നഡി വധിക്കപ്പെട്ട, അല്പാതെ മറൊരു കാരണവും നീചമായ ഈ കൃത്യത്തിനു പ്രേരകമായി ഉണ്ടെന്നുതോന്നുന്നില്ല.

പ്രായത്തിനൊത്ത ധീരത, പ്രായത്തിൽ കവിഞ്ഞ പ്രാപ്തിയും വിവേകവും—അതായിരുന്നു കെന്നഡി. അദ്ദേഹത്തിന്റെ ആത്മധൈര്യവും കാര്യക്ഷമതയും പ്രസിഡണ്ടിന്റെ നിലയിൽ പ്രത്യക്ഷപ്പെടുത്തിയ ഒരു സംഭവമാണ് ക്യൂബപ്രശ്നം. സമയോചിതവും ധീരവുമായി അദ്ദേഹമന്നെടുത്ത നിലപാടല്ലെങ്കിൽ അമേരിക്കയുടേയും ക്യൂബയുടേയും മാത്രമല്ല, ലോകത്തിന്റെ തന്നെ വിധി ഇന്നു വ്യത്യസ്തമായിപ്പോയേനേ...''

'ജനകേരളം'

''....ഒരു കൊള്ളിമീനിന്റെ ഗതിവേഗതയിലാണ് ലോകരംഗത്തു ഏറ്റവും ശ്രദ്ധേയനായ രാഷ്ട്രതന്ത്രജ്ഞനെന്ന നിലയിലേക്കു കെന്നഡി അല്പകാലത്തിനുള്ളിൽ ഉയർന്നെത്തിയതു്. പുരോഗമനപരമായ വീക്ഷണഗതിയും സമാധാനവാഞ്ഛയും അവികസിതരാജ്യങ്ങളോടു് ഉദാരമനോഭാവവും, സാമൂഹ്യനീതി ലഭിക്കാത്ത അമേരിക്കൻ നീഗ്രോകളോടു് ഹാർദ്ദമായ സഹാനുഭൂതിയും പ്രകടിപ്പിച്ച കെന്നഡി സ്റ്റ്രാഷ്ടങ്ങളുടേയും ബഹുമാനാദരങ്ങളും കുറഞ്ഞൊരു കാലയളവിനുള്ളിൽ ആർജ്ജിച്ചുവെന്നതു് അദ്ദേഹത്തിന്റെ കിടയറ്റ വ്യക്തിമാഹാത്മ്യംകൊണ്ടുതന്നെയാണു്.....''

'ചന്ദ്രിക'

''....മൗലികങ്ങളായ പൗരാവകാശങ്ങളൊന്നും അനുഭവിച്ചാസ്വദിക്കാൻ കഴിയാതെ അടിമത്വത്തിലും അസമത്വത്തിലും അധമസ്ഥിതിയിലും വീർപ്പുമുട്ടിക്കഴിയുന്ന അമേരിക്കയിലെ കറുത്തവർഗ്ഗക്കാരായ നീഗ്രോകൾക്കു ഒരു വമ്പിച്ച തീരാനഷ്ടമാണ് കെന്നഡിയുടെ മരണം വരുത്തിവച്ചതു്. .....,കെന്നഡിയുടെ മരണംമൂലം ഒരു ഉത്തമസുഹൃത്തും അനുഭാവിയും ഗുണകാംക്ഷിയുമാണ് ഇന്ത്യക്കു നഷ്ടപ്പെട്ടതു്. കഴിഞ്ഞ കൊല്ലം ഒക്ടോബറിൽ ചൈന ഇന്ത്യയെ ആക്രമിച്ചപ്പോഴും, അക്രമിയെ തുരത്തുന്നതിനു് പെട്ടെന്നുള്ള സഹായം അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും മറ്റും ഇന്ത്യക്കു കിട്ടാനുള്ള പ്രധാന കാരണങ്ങളിലൊന്നു് കെന്നഡിയുടെ സന്ദർഭോചിതമായ പ്രവർത്തനമായിരുന്നുവെന്നു തന്നെ പറയാം,,,''

'എക്സ്പ്രസ്സ്'

''....അമേരിക്കൻചരിത്രത്തിൽ പുതിയൊരു വഴിത്താര വെട്ടിത്തെളിക്കുകയും ഇനിയും പലതും വെട്ടിത്തെളിക്കുമെന്ന സ്വന്തം പ്രവർത്തനംകൊണ്ട് ഉറപ്പുനൽകുകയും ചെയ്ത കെന്നഡി അങ്ങനെ കഥാവശേഷനായി. ലിങ്കനേയും മഹാത്മജിയേയും വെടിവെച്ചുകൊല്ലുന്നതിൽ ആത്മസംതൃപ്തി പ്രകടിപ്പിച്ച ദുർമ്മദാന്ധത ഇതാ പ്രസിഡണ്ട് കെന്നഡിയുടെ ജീവനും അപഹരിച്ചിരിക്കുന്നു. അമേരിക്കൻ പ്രസിഡണ്ടുമാരുടെ ചരിത്രത്തിൽ വാഷിംങ്ടനേയും ലിങ്കനേയും വിൽസനേയും റൂസ്വെൽറ്റിനേയും പോലെ എന്നെന്നും കൃതജ്ഞതാപൂർവ്വം ഓർക്കപ്പെടുന്ന ഒന്നായിരിക്കും കെന്നഡിയുടെ നാമധേയമെന്നതിൽ സംശയമില്ല....''

'ദീപിക'

നീഗ്രോകളെ അടിമകളാക്കുന്നതിനെതിരായി പോരാടിയ എബ്രഹാം ലിങ്കന്റെ അനുഭവംതന്നെ അവർക്കു പൗരസമത്വം അനുവദിക്കുന്നതിനുവേണ്ടി പോരാടിയ പ്രസിഡണ്ട് കെന്നഡിയ്ക്കുമുണ്ടായിരിക്കുന്നു. എബ്രഹാം ലിങ്കനേയും ഗാന്ധിജിയേയും പോലെ പ്രസിഡണ്ട് കെന്നഡിയും അജ്ഞാതനായ ഒരു ഘാതകന്റെ വെടിയേറ്റു മരിച്ചു. അമേരിക്കൻ പ്രസിഡണ്ട് കെന്നഡി വെടിയേറ്റു മരിച്ചു എന്ന വാർത്ത ലോകത്തെ മുഴുവൻ ഞെട്ടിപ്പിച്ചു. ഇതേ അനുഭവംതന്നെയാണ് ലിങ്കന്റേയും ഗാന്ധിജിയുടേയും അന്ത്യത്തിലും ലോകത്തിനുണ്ടാ

ചെറുകഥ

ആറടി മണ്ണ്

ഫാ. ജെ. സി. കാലായിൽ

പകലവൻ പടിഞ്ഞാറെല്ലാം ചെഞ്ചായം പൂശി. എരി പൊരികൊള്ളുന്ന വെയിലിൽ വേലചെയ്ത വാടിത്തളർന്ന കർഷകരുടെ മനസ്സിൽ ആശ്വാസത്തിന്റെ കളിർത്തെന്നൽ ഓടിയെത്തി. നീണ്ടരാത്രി, അതാണിനി അവക്കുള്ള ആശ്വാസകേന്ദ്രം. അന്തിച്ചെങ്കതിരവൻ ആഴിയിൽ മറഞ്ഞു കൈകാലുകൾ കഴുകുന്നതുകണ്ട തൊഴിലാളികൾ പണിക്കോപ്പുകൾ തോളിലേന്തി, സന്തോഷത്തോടെ അവരുടെ ഭവനങ്ങളിലേക്കു നടന്നുതുടങ്ങി.

അപ്പോഴും സന്തോഷത്തിന്റെ നിഴൽപോലും കളിയാടിയിട്ടില്ല. ജെയിൽചേട്ടന്റെ മുഖത്തു്. എങ്കിലും കൂട്ടുകാരോടൊത്തു് അയാളും നടന്നകന്നു. തോളിൽ മൺവെട്ടിയിരുന്നതും കൈയിൽ കുടയിരുന്നതും അയാൾ അറിഞ്ഞിട്ടില്ലെങ്കിൽ അതിലത്ഭുതമില്ല.

ആശ്വാസം! അതായാൾക്കുള്ളതല്ല. നീറുന്ന ഹൃദയവുമായി ഇടറുന്ന കാലുകളുമായി ആ മദ്ധ്യവയസ്കൻ പോകുകയാണു്, തന്നെ പ്രതീക്ഷിച്ചിരിക്കുന്ന തന്റെ ചെറ്റക്കുടിലിലേക്കു് സായം കാലത്തെ ഗ്രാമീണവിശേഷങ്ങൾ തിരക്കുവാൻ അയാൾ ബദ്ധപ്പെട്ടില്ല. അടുത്തുള്ളവായനശാലയിൽ നിന്നുമുതിരുന്ന റേഡിയോഗാനങ്ങളും ഒച്ചപ്പാടുണ്ടാക്കി വായുവേഗത്തിൽ മിന്നിപ്പായുന്ന ബസ്സുകളും ജെയിൽചേട്ടന്റെ യാത്രക്കു വിലങ്ങുതടികളുമായില്ല.

പക്ഷെ, ആ ഗ്രാമീണ കർഷകന്റെ ചിന്ത അപ്പോഴും ഉണർന്നുപ്രവർത്തിക്കുന്നുണ്ടായിരുന്നു. 'ദൈവമേ' ജെസി, അവൾ ക്കെങ്ങനെയിരിക്കുന്നു. കുറവുണ്ടോ, ചിന്തകളാൽ ഇളകിമറിയുന്ന ജെയിൽചേട്ടന്റെ ഹൃദയത്തിൽനിന്നും അടർന്നു വീണ ചൂടുറ്റ വാക്കുകളുയിരുന്നു, അവ.

* * * * * *

ജെസി! അവൾ ജെയിൽചേട്ടന്റെ സഹധർമ്മിണിയായിട്ടു് നീണ്ട നീണ്ട വർഷങ്ങൾ തന്നെ ഓടിമറഞ്ഞു. വിനയം പൊട്ടിവിടർന്ന ജെസിയെ അയാൾ കണ്ണും കരളുമായി കരുതി, സ്നേഹിച്ചു. അവൾ ജെയിൽചേട്ടനെയും. അല്പവരിയാത്ത കുടുംബനിയായി സ്നേഹപാശത്താൽ ബന്ധിതയായ ഭാര്യയായി അവൾ എന്നെന്നും ജീവിക്കണം; അതാണയാളുടെ ആഗ്രഹം. അവരുടെ ദാമ്പത്യവല്ലരി പൂത്തു. അതിൽ ഒരു പൈതൽ പിറന്നു. അവനു് ജെയിൽചേട്ടൻ ജോസഫെന്നു പേരിട്ടു. അവൻ വളർന്നു. അവനു് പതിനാറു വയസ്സായി. അവൻ പഠിക്കുന്നു. ജെസിയുടെ ഹൃദയത്തിൽ ഒരു ചെറിയ വേദന ഉടലെടുത്തു. അതു് ഹൃദയത്തിൽനിന്നും ശിരസ്സിലേക്കു പടർന്നു. അവൾ കിടപ്പിലായി. ജെയിൽചേട്ടൻ ഭാര്യയുടെ രോഗശയ്യയിൽ ഓടിയെത്തി. ഡോക്ടർമാർ വന്നു. മരുന്നുകൾ വന്നു. ജെസിയുടെ രോഗം മൂർച്ഛിച്ചു

രു മൊട്ടം വിടർന്നു. അതാണു് 'അല്ലിറാണി'.

നീണ്ടവർഷങ്ങളോടിമറഞ്ഞു. കാലത്തിനു കടിഞ്ഞാണിടുവാൻ ആർക്കാണുസാധിക്കുക. അതിനുമാത്രം സ്വതന്ത്രചിന്തകനും ബുദ്ധിമാനുമായ മനുഷ്യൻ ഒരുപെട്ടില്ലെങ്കിൽ അതിശയമില്ല,

'ജെസി' അവനു് ഇന്നു സുഖക്കേടിന്റെ ഒരവതാരമായി മാറിക്കഴിഞ്ഞിരിക്കുകയാണു്. അവനു് സുഖക്കേടിനോടു മല്ലടിക്കുന്നില്ല, എങ്കിലും സുഖക്കേടു് അവളോടപ്രകാരമാണു് വർത്തിക്കുക. ഇന്നും ഇന്നലെയും വന്നതല്ല അവളുടെ സുഖക്കേടു്. മാസങ്ങളായതന്നെ അതിനു പ്രായമായി. പക്ഷേ, അതിൽ അവനുക്കു പ്രധിഷേധമില്ല. എല്ലാം നല്ലദൈവത്തിനുവേണ്ടി അവനു കാഴ്ചയർപ്പിച്ചു.

പക്ഷേ, ദാരിദ്ര്യത്തിന്റെ കൈയ്പുനീരു കഷായം വച്ചതാണു് അവനു കുടിക്കുന്ന പ്രധാനമരുന്നു്. അതിലും അവനുക്കു സന്തോഷമേയുള്ളു. തന്റെ ഭർത്താവു് അവനുക്കുവേണ്ടി അലയുന്നതു കാണുമ്പോഴാണു് അവളുടെ കണ്ണുകളും നിറയുക. അങ്ങനെ ആ ഗ്രാമീണകുടുംബവനി എല്ലും തൊലിയുമായുള്ള ഒരു മനുഷ്യക്കോലമായി കട്ടിലിൽത്തന്നെ അനുനിമിഷം നോക്കിക്കിടക്കുകയാണു്.

* * * * * *

ഗ്രാമത്തിന്റെ വ്യഗ്രതകളറിയാതെ ഓടിയകലുന്ന ജെയിൽചേട്ടന്റെ ഹൃദയം ശക്തിയായി അടിച്ചു. ടിൽ–ടിൽ–ടിൽ– നാഴികമണിയുടെ നാഡിയടിപ്പുപോലെ.അർത്ഥം സാധാരണ വേഗത്തിൽ

'ജെയിൽചേട്ടാ' 'ഉം' അയാളം മൂളി. എങ്കിലും നിർത്താതെ പായുകയാണയാളം നീറുന്ന ഹൃദയവുമായി. തന്റെ സഹധർമ്മിണി: അതേ, കട്ടിലിൽത്തന്നെ കഴിഞ്ഞുകൂടുന്ന ജെസിയെപ്പറ്റിയാണു് അയാളുടെ ചിന്ത.

'ജെയിൽചേട്ടാ' വീണ്ടും പുറകിൽനിന്നു് വിളിയുടെ ശബ്ദം. 'ഒന്നുനില്ലു. എങ്ങനെയിരിക്കുന്നു ജെസിച്ചേടത്തിക്കു്

പുറംതിരിഞ്ഞുനോക്കിയപ്പോഴാണു് വാസ്തവത്തിൽ ആളിനെ മനസ്സിലായതു്. പൂവേലിലെ മാത്തുവാണു് അയാളെ വിളിച്ചതു്.

'ഒന്നുമറിവാൻപാടില്ല,മാത്തു'

അയാളം വീണ്ടും നടപ്പു് ധൃതിയിലാക്കി. മാത്തുവും അയാളെ പിൻതുടർന്നു.

ഇടവഴികടന്നു് പാടത്തിന്റെ വരമ്പിൽ കാലുകുത്തിയപ്പോളം അങ്ങകലെ തലയുയർത്തിനില്ക്കുന്ന ആ ചെറുപ്പുരതന്നെ മാടിവിളിക്കുന്നതായി അയാളംക്കുതോന്നി. ആഹാരം തേടിതിരിച്ചുപോകുന്ന പ്രാവുകളും മാടത്തകളും തന്റെ തലയ്ക്കുമീതെ പറന്നകന്നതുപോലും ജെയിൽചേട്ടൻ കണ്ടില്ല!

ഇരുട്ടാകുന്ന കമ്പിളിയും പുതച്ചു രാത്രിദേവി മെല്ലെരംഗപ്രവേശനം ചെയ്തു. അയാളം അതുവകവെച്ചില്ല. വേദനിക്കുന്ന ഹൃദയത്തോടും ക്ഷീണിച്ച ശരീരത്തോടും അയാളം നടപ്പടിയിൽ കാലുകുത്തി, ബലിഷ്ഠങ്ങളായ കാലുകളം അപ്പോഴും വിറകൊള്ളുന്നുണ്ടായിരുന്നു.

അന്നും പതിവുപോലെ ജെയിൽചേട്ടൻ തന്റെ ഓമനമകളെ നീട്ടി വിളിച്ചു. 'അല്ലിറാണീ–– അമ്മച്ചിക്കെങ്ങനെയിരിക്കുന്നു?

അല്ലിറാണി വിളികേട്ടു. പക്ഷേ പിന്നീടൊന്നും അവനു പറഞ്ഞില്ല. വികാരാധീനനായ അയാളം ഒടിമുറ്റത്തെത്തി.

'അപ്പച്ചാ' അല്ലിറാണിയുടെ സ്വരമായിരുന്നു അതു്. കരതലത്തിൽ താടിയുമൂന്നി അമ്മയുടെ കട്ടിലിനരികെ അവനു ഇരിപ്പുറപ്പിച്ചിരിക്കുന്നു. ഇടയ്ക്കിടയ്ക്കു മുഖകമലമയത്തി തന്റെ വത്സലമാതാവിന്റെ മുഖത്തേയ്ക്കും അവനു കണ്ണോടിയുന്നുണ്ടു്.

'ക്ലൂതലാണപ്പച്ചാ' അല്ലിറാണിയുടെ സ്വരം പതറി. ചുവന്നു തുടുച്ച കണ്ണുകളിൽ നിന്നു മുത്തുമണികളം അടർന്നു വീണതവനു അറിഞ്ഞതേയില്ല.

ആ ഗ്രാമീണകഷ്കൻ ഓടിക്കിട്ടിലിനരികെ ചെന്നു് വിദഗ്ദനായ ഒരു ഡോക്ടറെപ്പോലെ ആരോഗിയെ, അല്ല തന്റെ സഹധർമ്മിണിയെ പരിശോധിച്ചു.

'ദൈവമേ, ഇനി ആരെ കാണിക്കുന്നു. എന്താണുപോം വഴി അയാളം തന്നെത്താൻ ചിന്തിച്ചു. ദൈവഹിതം അപ്രകാരമെങ്കിൽ–– –– അതു പൂർത്തിയാക്കാൻ അയാളംക്കു സാധിച്ചില്ല, അതിനുമുൻപു അയാളുടെ കണ്ണുമിടറി, കണ്ണുകളം നിറഞ്ഞൊഴുകി.

* * * * * *

പാടത്തിനക്കരെ ഗാംഭീര്യം ഗർജ്ജിച്ചുകൊണ്ടു് ഒരു കുറവൻ മാളിക കാണാം. മേലേത്തു് വർഗീസു് മുതലാളിയുടെ മണിമേടയാണിതു്. പൊതുക്കാര്യതല്പരനും വലിയ ഭക്തനുമായ വർഗീസ്മുതലാളിയെ അറിയാത്തവരാരും ആ പ്രദേശത്തില്ല. നോക്കിയാൽ കാണാവുന്നനെൽപ്പാടങ്ങളും പുരയിടങ്ങളും അദ്ദേഹത്തിന്റെതാണു്. കരപ്രമാണിയായ വർഗീസുമുതലാളി നല്ലവനാണെന്നാണു് പരക്കെയുള്ള സംസാരം. പക്ഷേ, ഒരു കാര്യത്തിൽ മാത്രം മുതലാളിയെ ആരും പറഞ്ഞിക്കാറില്ല, അതിനു സാധ്യതയുമില്ല. ജീവനു തുല്യം സ്നേഹിക്കുന്ന പണത്തിന്റെ കാര്യം. അത്യാവശ്യമെങ്കിൽ പണം കടം കൊടുക്കുന്നതിൽ അയാളംക്കു വിരോധമില്ലെന്നു മാത്രമല്ല അതിൽ വളരെ സന്തോഷംകൂടിയാണു്. പക്ഷെ ഒന്നിനു 100–നു പന്ത്രണ്ടു പലിശ, അല്ലെങ്കിൽ വസ്തു ഒറ്റി. ഇതാണു വർഗീസുമുതലാളിയുടെ പ്രമാണം. ആ നീയമത്തിനു ഭേദഗതിയോ അപവാദമോ ഇല്ല.

വർഗീസുമുതലാളിയും ജെയിൽചേട്ടനും ചെറുപ്പംമുതല്ക്കേ കൂട്ടുകാരാണു്. ഒരു പാടത്തിന്റെ ഇരുകരയിലും ജീവിക്കുന്ന രണ്ടു സ്നേഹിതന്മാർ. പക്ഷേ, പണത്തിന്റെ കാര്യത്തിൽമാത്രം അവരുടെ സ്നേഹം ഇണങ്ങിച്ചേരാറില്ല. പണമില്ലാഞ്ഞിട്ടല്ല, പ്രത്യുത തന്റെ ജീവാത്മാവായ പണം വെറുതേ പുറത്തെടുക്കുവാൻ മുതലാളി ഒരിക്കലും ബദ്ധപ്പെടുകയില്ലെന്നു മാത്രം.

അന്നൊരിക്കൽ ജെസിച്ചേടത്തിക്കുവേണ്ടി ഡാക്ടറെകൊണ്ടുവന്നപ്പോഴം, വെറുംകൈയോടെ അയാളെ പറഞ്ഞയക്കാൻ ജെയിൽചേട്ടനൊരു മനഃപ്രയാസം. മുതലാളിയെ കണ്ടു്, ആ കൈയുള്ള പതിമുന്നു സെന്ററിന്റെ പകുതി പണയപ്പെടുത്തിയാണു് അന്നത്തെ ആവശ്യം നടത്തിയതു്. പണംകൊടുത്തതിൽ മുതലാളിക്കു സന്തോഷമേയുള്ളു. എങ്ങനെയും ആവശ്യം നടന്നതിൽ ജെയിൽചേട്ടനു തൃപ്തിയായി

'ജെസിയുടെ സുഖക്കേടു മാറണം, വസ്തുപോയാലുംശരി' അതാണു് കുടുംബത്തിന്റെ തീരാത്ത ആഗ്രഹം. പക്ഷേ, എന്തുചെയ്യും. രൂപായില്ലാതെ ചികിത്സനടക്കുകയില്ല; മുതലാളിയെ വീണ്ടും വിഷമിപ്പിക്കുവാൻ വളരെ മടി. ഇതായിരുന്നു അയാളുടെ പ്രശ്നം

'മനുഷ്യൻ മനസ്സിൽ കാണുമ്പോഴം മരത്തിൽ കാണുവാൻ തന്നോടു'മുള്ള വർഗീസുമുതലാളിക്കും ഒരാഗ്രഹമില്ലാതില്ല. 'ജെസി ചത്താലും തരക്കേടില്ല. ആ പുരയും പറമ്പും തന്റെ കൈയിൽ വരണം' പക്ഷേ, മുതലാളി അതുവെളിപ്പെടുത്തിയില്ലെന്നുമാത്രം. അതിനു് അവസരം കാത്തിരിക്കുന്ന മുതലാളി അന്നു സന്ധ്യാസമയത്തു് ജെയിൽചേട്ടൻ വരാന്തയിലേക്കു കയറിവരുന്നതുകണ്ടു ആകെ സന്തോഷിച്ചു.

'എന്താ, ഈ അസമയത്തു്' മുതലാളി എടുത്തവായിലേ ചോദിച്ചു.

'മുതലാളിയെ ഒന്നുകാണാം, ജെസിക്കു കൂട്ടുതലാണു്' ഒറശ്വാസത്തിൽ അയാളം പറഞ്ഞുതീർത്തു.

'ഉം, അതിനെന്താ, ഞാൻ ദൈവമൊന്നുമല്ലല്ലോ, മരണം പിടിച്ചുനിർത്തുവാൻ. ജനിച്ചാൽ ഒരിക്കൽ മരിക്കണം. ഇന്നല്ലെങ്കിൽ നാളെ. അതിലെന്താ ഇത്രഅത്ഭുതം!

അത്രയും അയാളം പ്രതീക്ഷിച്ചിരുന്നില്ല. വന്നപാടെ ഇറങ്ങിനടന്നാൽ കൊള്ളാമെന്നു് ജെയിക്കിനുതോന്നി. പക്ഷേ, സാഹചര്യം അതല്ലല്ലോ എന്നോർത്തപ്പോഴം അയാളം വീണ്ടും പറഞ്ഞു. 'മുതലാളി ഒന്നുകൂടി സഹായിക്കണം, മുതലാളി'.

'നിനക്കൊരു സഹായം' മുതലാളി ഗർജ്ജിച്ചു. എപ്പോഴം വന്നാലും സഹായം. എന്തൊരുനാശം.


മുതലാളി, വശമില്ല. ജസിയുടെ ജീവൻ രക്ഷിക്കുവാനായി ഒന്നുകൂടി സഹായിക്കു. ഒരമ്പതുറുപ്പികയെങ്കിലും. വേണമെങ്കിൽ ഉള്ളതുകൂടി എഴുതിതന്നേക്കാം. എന്നാലും എന്റെ ജെസിയുടെ–– –– അയാളം നിർത്തി

* ഫാദർ തീയോഡോഷ്യസ്

ഒരു സഹപ്രവർത്തകന്റെ ഓർമ്മകൾ

(സുകുമാർ അഴീക്കോട്)

പ്രിയപ്പെട്ടവരുടെ നിത്യവിയോഗങ്ങൾ നമുക്കു വിശ്വസിക്കുവാൻ ഇഷ്ടമില്ലാത്ത സത്യങ്ങളായിരിക്കും. എപ്പോഴും അവ വിശ്വസിക്കുവാൻ വയ്യാത്തവകൂടി ആയിത്തീരുമ്പോൾ ദുഃഖത്തോടൊപ്പം ഒട്ടൊരമ്പരപ്പും കലർന്നു മനസ്സു് മൂടിക്കെട്ടുന്നു പോകുന്നു. എനിക്കു വളരെ പ്രിയപ്പെട്ട ആ മഹിൽ വ്യക്തി ഞാൻ ഏറെക്കാലം പ്രവർത്തിച്ച ദേവഗിരി കോളേജിന്റെ ആ വലിയ പ്രിൻസിപ്പാൾ മൃതിമണ്ഡലത്തിലെത്തിച്ചേർന്നുവെന്ന കേട്ടതോടെ ദുഃഖിതനും വാമൂഢനും ആയിത്തീർന്നിരിക്കയാണു് ഞാൻ. ആ മരണത്തിന്റെ അവിശ്വസനീയതമൂലം ദുഃഖം തന്നെ അമ്പരന്നഴലുകയാണോ എന്നു തോന്നിപ്പോകുന്നു. ശരീരത്തിലും മനസ്സിലും അത്രയലിപ്പമാർന്നൊരാൾ മരിച്ചുപോകെ ജീവിച്ചിരിക്കുന്നവരെ വിധി പരിഹസിക്കുകയായിരിക്കാം!



ഔദ്യോഗിക രേഖകളിൽ സെൻറ് ജോസഫ്സ് കോളേജാണെങ്കിലും ജനങ്ങളുടെ നാവുകളിൽ ദേവഗിരികോളേജായിരിക്കുന്ന ആ ഉന്നതവിദ്യാലയത്തിലെ 'ദേവൻ' ആരായിരുന്നുവെന്ന ഇക്കഴിഞ്ഞ ഏഴുകൊല്ലത്തിലൊരിക്കലും നാമാരും ആലോചിച്ചിരുന്നില്ല. എന്നാൽ ഇക്കഴിഞ്ഞ നവംബർ പത്താം തീയതി വെല്ലൂരിൽ വെച്ചു് ഒരു ദിവ്യാത്മാവു് ദിവംഗതമായതോടെ ദേവഗിരിയിൽ ഒരു 'ദേവൻ' ഉണ്ടായിരുന്നുവെന്ന ലോകം മനസ്സിലാക്കി. അവിടെ ബാക്കിയായ മനുഷ്യർക്കു ആ ദിവ്യജീവിതത്തിന്റെ അവശിഷ്ടപ്രഭ എന്നും വഴികാട്ടിക്കൊണ്ടു് നിലനിൽക്കുമെന്നു നമുക്കു പ്രത്യാശിക്കുക!

വൈദികവസ്ത്രത്തിന്റെ പരിവേഷം അണിഞ്ഞുകൊണ്ടു് ഒരു കലാശാലാദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചുനിന്നവരിൽ, ശിഷ്യരും സഹപ്രവർത്തകരും ബഹുജനങ്ങളും ഒരുപോലെ സ്നേഹിച്ചും ആദരിച്ചും കൊണ്ടാടിയവർ അനുഗൃഹീതമായ ഒരു ന്യൂനപക്ഷമാണു്. അക്കൂട്ടത്തിൽ മംഗലാപുരത്തെ സെൻറ് അലോഷ്യസ് കോളേജു് പ്രിൻസിപ്പൽ ആയിരുന്ന ഫാദർ പ്രൊസർപിയോവിനെയും തൃശ്ശൂർ സെൻറ് തോമസ് കോളേജു് പ്രിൻസിപ്പൽ ആയിരുന്ന ഫാദർ പാലോക്കാരനേയും കേരളത്തിന്റെ ഇരുഭാഗങ്ങളിലുമുള്ള പലരും ഇന്നും ഓർക്കുന്നുണ്ടാവണം. അവരുടെ ശ്രേഷ്ഠമായ പാരമ്പര്യത്തിന്നു ഏറ്റവും പുതിയൊരു കനകക്കണ്ണി സമ്മാനിച്ചുകൊണ്ടാണു് ഫാദർ തീയോഡോഷ്യസ് നമ്മെ വിട്ടുപിരിഞ്ഞുപോയതു്. പക്ഷേ നമ്മുടെ തീവ്രമായ ശോകത്തിന്റെ കട്ടപ്പം കുറക്കുവാൻ ഈ വിചാരത്തിന്നു സാധിക്കുമോ ആവോ?

---

* ഡിസമ്പർ ഒന്നാംതീയതിലെ മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ നിന്നു്.

തവളയെക്കണ്ട പാമ്പിനെപ്പോലെ വർഗീസ്മുതലാളി ഒന്നു നിശ്വസിച്ചു. കടവയർ മെല്ലെ തിരുമ്മിക്കൊണ്ടയാൾ അറയിൽ പ്രവേശിച്ചു. അല്പം കഴിഞ്ഞു്, പച്ചനോട്ടുകൾ അട്ടിക്കിടിച്ചുകൊണ്ടുവന്നു് 'എന്നാൽ നാളെതന്നെ എഴുതണം നീട്ടിക്കൊണ്ടുപോകുന്നു് 'എന്നാജെയിൽ'' ജെയിൽചേട്ടനെ കടലാസു് നോട്ടമേൽപ്പിച്ചു.

അയാളുടെ വദനം പ്രസന്നമായി. കിടപ്പാടം പോകുന്നതിൽ അയാൾ വിഷമിച്ചില്ല. കാരണം, എന്നാലും തന്റെ സഹധർമ്മിണിയുടെ ജീവൻ രക്ഷിക്കാമല്ലൊ. മനസ്സുതെളിഞ്ഞപ്പോൾ ജെയിൽചേട്ടൻ പറഞ്ഞുതീർത്തു.

'ശരി' കൂടുതൽ പറയുവാൻ അയാൾക്കു സമയമില്ല. അയാൾ, കിട്ടിയ ത്രുപയുമായി ഇറങ്ങിയോടി. ഡോക്ടരെകൊണ്ടുവരണം, അതാണു് ഇനിയുള്ള പ്ലാൻ. ജീവനെ രക്ഷിക്കുന്ന മനുഷ്യനെ, വൈദ്യം പഠിച്ചഡോക്ടരെ— — —

* * * * * *

ആ ചെറുപ്പക്കാരന്റെ ചുറുചുറുക്കും ആളകമ്പും തിങ്ങിക്കൂടിയിട്ടുണ്ടു്, അടുത്തപരിപാടി നയാറാക്കുകയാണു് ബന്ധുജനങ്ങളും നാട്ടുകാരും.

'എന്റെ പ്രിയപ്പെട്ട അമ്മച്ചീ, എനിക്കിനി ആരുണ്ടു്, അല്ലിറാണി അപ്പോഴും കരയുന്നുകേൾക്കാം.

കിടപ്പാടം വിറ്റു പണവുമായി ജെസിയുടെ ജീവനിൽക്കൊതിച്ച ജെയിൽചേട്ടൻ കണ്ടകോഴ്ച മമ്മദേകേംതന്നെ. അയാൾക്കു കരച്ചിൽ വന്നില്ല, എങ്കിലും അയാളുടെ ഹൃദയം പൊട്ടിപ്പോയി.

ബന്ധുക്കളും നാട്ടുകാരും കണ്ണുനീരോടെയാണു് ആ വിലാപയാത്രയിൽ പങ്കുകൊണ്ടതു്. ജെസിയുടെ മരണത്തോടുകൂടി ആ ഗ്രാമീണകുടുംബത്തിന്റെ ദയനീയസ്ഥിതിയെക്കുറിച്ചാണു് അവർക്കെല്ലാം കരയുവാനുണ്ടായിരുന്നതു്.

വർഗീസ്മുതലാളിയും സജീവമായി പങ്കുകൊണ്ട ആ വിലാപയാത്രയിൽ. പക്ഷേ, അപ്പോഴും അയാളുടെ ഹൃദയത്തിൽ ഒരു സ്വരം മന്ത്രിക്കുന്നുണ്ടായിരുന്നു. ജെയിക്കിന്റെ പുരയിടം കൂടികിട്ടിയെന്നു്.

അങ്ങകലെയുള്ള പള്ളിവകശ്മശാനത്തിൽ പെട്ടെന്നൊരു മൺകൂന ഉയർന്നു. അവിടെയാണു് ലോകത്തോടു യാത്രപറഞ്ഞു പിരിഞ്ഞ ജെസിയുടെ അവശിഷ്ടങ്ങൾ ഇനിവിശ്രമിക്കുവാൻ പോകുന്നതു്.

സംസ്കാരചടങ്ങുകളുടെ അവസാനം, വൈദികൻ തൊട്ടു് വർഗീസ്മുതലാളിവരെയുള്ള എല്ലാവരും ജെസിച്ചേട്ടത്തിക്കു്, 'മനുഷ്യനാണീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ നീ പിന്തിരിയുക' എന്നുപറഞ്ഞുകൊണ്ടു് ഓരോ നുള്ളുമണ്ണു സംഭാവനയായി നൽകി. അങ്ങനെ ആ ആറടിമണ്ണിൽ അവർ വിശ്രമം അനുഭവിക്കുവാൻ തുടങ്ങി.

ബന്ധുക്കളും നാട്ടുകാരും കണ്ണീർ വാർത്തു. വർഗീസ് മുതലാളിയും ശ്മശാനത്തിന്റെ പരിശുദ്ധമായ മൂകതയിൽ നിർല്ലുന്നുണ്ടു്. അപ്പോഴും തെക്കുനിന്നും വന്ന മന്ദമാരുതൻ— ഇന്നുഞാൻ, നാളെനീ' എന്നു വർഗീസ്മുതലാളിയുടെ ചെവിയിൽ മന്ത്രിച്ചുകൊണ്ടു് കടന്നുപോയി.

—0—



ആര്യചരിതൻ

(T. S-)

അദ്ധ്യായം 11

തെരുവീഥി

പബ്ലിക്കുറോഡിൽക്കൂടി യാത്ര ചെയ്യുമ്പോഴും നിങ്ങളും വളരെയധികം ശ്രദ്ധാലുക്കളായിരിക്കണം. വളരെയധികം അപകടങ്ങൾക്കു സാധ്യതയുള്ള സ്ഥലമാണു് പബ്ലിക്കുറോഡുകളും, പ്രത്യേകിച്ചു പട്ടണങ്ങളിലെ തെരുവീഥികളും.

റോഡുനിയമങ്ങളും ശ്രദ്ധാപൂർവ്വം പഠിക്കുകയും നിഷ്കർഷയോടുകൂടി പാലിക്കുകയും ചെയ്യണം.

മറ്റുയാത്രക്കാർക്കു മാർഗ്ഗതടസം ചെയ്യരുതു്. റോസിൽ നില്ക്കുന്നതുതെറ്റാണു്. മറ്റുള്ളവരുടെ ഗതാഗതത്തെ അതു ത

1956-ൽ ദേവഗിരി കോളേജിൽ മലയാളം ലക്ചററായി ചേരുന്നതിനു വേണ്ടി സെൻറ് അലൂഷ്യസ് കോളേജ് വിടാൻ തീരുമാനിച്ചു എന്നോടു്, അവിടെ പ്രിൻസിപ്പൽ ആയിരുന്ന ഫാദർ ജേക്സ് പറഞ്ഞ വാക്കുകൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ''ഫാദർ തിയോഡോഷ്യസ് ആണു് അവിടത്തെ പ്രിൻസിപ്പൽ എന്നറിയുന്നു. ഒന്നിച്ചു പ്രവർത്തിക്കുവാൻ ഇതിലേറെ യോഗ്യനായ മറ്റൊരു പ്രിൻസിപ്പൽ ഇല്ല.'' ഇങ്ങനെ കേരളിയിൽ വലിയ ആ മനുഷ്യനെ കേഴിക്കോടു് അമലാപുരിയിൽ വെച്ചു് ഞാൻ ആദ്യമായി സന്ദർശിച്ചപ്പോൾ, കാഴ്ചയിലും വലിയ ആൾ തന്നെയെന്നു് അറിയാൻ കഴിഞ്ഞു. പിന്നെ ആ കൊല്ലത്തെ വേഴ്ചയിൽ അച്ചന്റെ വലിപ്പത്തെസംബന്ധിച്ചുള്ള ഈ മതിപ്പു് എനിക്കു മാറേണ്ടിവന്നിട്ടില്ല.

എന്താണു് ഈ വലിപ്പം അഥവാ മഹാത്മ്യം? 'രാക്ഷസന്റെ ശക്തിയുണ്ടെങ്കിലും അതു രാക്ഷസനെപ്പോലെ ഉപയോഗിക്കാതിരിക്കലാണു് മാഹാത്മ്യം എന്നു ഒരു ചൊല്ലുണ്ടു്. തിയോഡോഷ്യസ് അച്ചന്റെ ജീവിതം ഈ നിർവചനത്തിന്റെ വ്യാഖ്യാനമായിരുന്നു. അധികാരത്തിന്റെ ഭാഗത്തു അദ്ദേഹം ഒരിക്കലും തന്റെ ശക്തിപ്രയോഗിച്ചില്ല മാനേജ്മെൻറും അദ്ധ്യാപകരും തമ്മിലുള്ള തർക്കത്തിൽ അദ്ധ്യാപകമിത്രമായും അദ്ദേഹം അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഇടച്ചുലിൽ അദ്ദേഹം വിദ്യാർത്ഥിബന്ധുവായും, മാറു വ്യക്തികൾ തുല്യമായിരിക്കെ, എന്നും നിൽക്കുകയുണ്ടായി.

എത്രയോ സംവേഗങ്ങളും അനുവേഗങ്ങളും അദ്ദേഹത്തിന്റെ ഈ സ്വഭാവപ്രവണതക്കു തെളിവായി കിടക്കുന്നു. പ്രൊവിൻഷ്യൽ കോളേജ് അദ്ധ്യാപകരുടെ അഖിലകേരളസംഘടനയുടെ ഉത്തമനായ ഒരു സുഹൃത്തായിരുന്ന അദ്ദേഹം. മറ്റു കോളേജുകളിലെ ഉന്നതാധികാരസ്ഥാനങ്ങൾ ആ സംഘടനയെ സംശയത്തോടും ഭയത്തോടും നോക്കിക്കൊണ്ടിരുന്നതിന്റെ തിക്താനുഭവങ്ങൾ പലതും കോളേജദ്ധ്യാപകരായ ഞങ്ങളെ ഞെട്ടിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ, സ്നേഹത്തോടും അഭ്യുദയകാംക്ഷയോടുകൂടെ അതിനെ പ്രോത്സാഹിപ്പിക്കുവാൻ മുന്നോട്ടു വന്ന ആ ഉദാരചരിതനെ ഞങ്ങൾ എങ്ങനെ മറക്കും?

അദ്ധ്യാപകസ്നേഹംമൂലം അദ്ധ്യാപകസംഘടനയെപ്രോത്സാഹിപ്പിച്ച അദ്ദേഹം വിദ്യാർത്ഥിസ്നേഹംമൂലം വിദ്യാർത്ഥിസംഘടനയെയും പ്രോത്സാഹിപ്പിക്കുവാൻ മടിച്ചില്ല. പ്രിൻസിപ്പൽമാരെന്നല്ല, പല അദ്ധ്യാപകന്മാർപോലും ചെല്ലാൻ മടിച്ചിരുന്ന ഒരു രംഗത്തു ഈ വൈദീക ശ്രേഷ്ഠൻ നിസ്സങ്കോചം കടന്നുചെന്നു പ്രവർത്തിച്ചതു പലരേയും അത്ഭുതപ്പെടുത്തുകയുണ്ടായി. കുട്ടികളെത്തന്നെയായിരുന്നു അതു ഏറ്റവും അത്ഭുതപ്പെടുത്തിയതു്. തണലിനുവേണ്ടി മരത്തിനു ചുവടെ നിന്നവരുടെ മുമ്പിൽ ഒരു പഴക്കുല ആഞ്ഞുവീണുകിടന്നാൽ വിസ്മയിക്കാതെന്തു ചെയ്യും? അദ്ദേഹത്തിന്റെ ഈ സീമാതീതമായ ശിഷ്യവാത്സല്യത്തിന്റെ ഫലം ദേവഗിരികോളേജിൽ ഏറ്റവും പ്രത്യക്ഷമായി കാണപ്പെട്ടു-അച്ചന്റെ വാക്കിനും നോക്കിനും മുമ്പിൽ ശാന്തമാകാത്ത ഒരു ക്ഷോഭവും അവിടെ, എന്റെ അറിവിൽ ഉണ്ടായിട്ടില്ല. ഇന്നു ഒരു കോളേജിന്റെ പ്രിൻസിപ്പലായി കഴിഞ്ഞുകൂടുന്ന എന്റെ മുമ്പിൽ തെളിഞ്ഞു കിടക്കുന്ന വലിയൊരു കാൽപ്പാടു്, ശിഷ്യവാത്സല്യത്തിന്റെ മഹനീയമാതൃക കാണിച്ചുകൊണ്ടു് ഋതഗതിയിൽ നമ്മുടെ മുന്നിലൂടെകടന്നുപോയ അദ്ദേഹത്തിന്റേതാണെന്ന കൃതജ്ഞതാപൂവ്വം ഞാൻ ഇപ്പോഴും അനുസ്മരിക്കുന്നു.

വലിയ മനുഷ്യർ അദ്ധ്യാപകരായാലല്ലാതെ വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠലക്ഷ്യങ്ങളും സാക്ഷാൽക്കരിക്കപ്പെടുകയില്ലെന്നു ഡോ. ലിവിങ്സ്റ്റനെപോലുള്ള ചിന്തകന്മാർ ഉറച്ചുവിശ്വസിക്കുന്നു. അത്തരക്കാർ അധികമുണ്ടെന്നു അഭിമാനിച്ചുകൂടാത്ത കേരളത്തിലെ വിദ്യാഭ്യാസവേദിയിൽ ഡോ. തിയോഡോഷ്യസിന്റെ തിരോധാനം വളരെ കാലത്തോളം വലിയൊരു വിടവായിട്ടു നിലനിൽക്കുന്നതായിരിക്കും. ആ നിലയ്ക്കു നോക്കുമ്പോൾ, അദ്ദേഹത്തിന്റെ ചരമം ദേവഗിരി കോളേജിനു മാത്രമല്ല, നമ്മുടെ വിദ്യാഭ്യാസലോകത്തിനു തന്നെ ഏറ്റവിരിക്കുന്ന കനത്തആഘാതമാണു്. അതിൽ നിന്നു ആശ്വാസം നേടുവാനുള്ള മാർഗ്ഗങ്ങളും അദ്ദേഹം ഇവിടെ വിട്ടുംവെച്ചു പോയിട്ടുണ്ടു്. അവ കണ്ടെത്തി അനുസരിക്കയാണു്. അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കു ചെയ്യാവുന്ന ഏറ്റവും ധന്യമായ ഉദകക്രിയ.

ടസ്സപ്പെടുത്തും. എതിരെ വരുന്ന ഒരാളുമായി അത്യാവശ്യമായി നിങ്ങൾക്കു സംസാരിക്കാനുണ്ടായിരിക്കാം. ഒരു വശത്തു റോഡിൽനിന്നു വെളിയിൽ മാറിനിന്നു സംസാരിക്കാമല്ലോ.

വാഹനങ്ങൾ ഇടത്തുവശത്തുകൂടിയാണു് പോകുന്നതു കാൽനടക്കാർ വലത്തുവശത്തുകൂടിയും. നടക്കുന്നവർ എപ്പോഴും റോഡിന്റെ ഇരുവശങ്ങളിലുമുള്ള നടപ്പാതയിൽക്കൂടിയെ നടക്കാൻ പാടുള്ള. നടപ്പാതയിൽ വാഹനങ്ങൾ യാത്രചെയ്കയില്ല. അതുകൊണ്ടു് നിങ്ങൾ വാഹനങ്ങളിൽ നിന്നു സുരക്ഷിതമായിരിക്കും.

റോഡിൽ കളിക്കുന്നതു് വലിയ അപകടങ്ങൾക്കു കാരണമാകാറുണ്ടു്. പന്തുതട്ടുക, വണ്ടിയുരുട്ടുക മുതലായവിനോദങ്ങൾക്കു കുട്ടികൾ തെരുവീഥി ഉപയോഗപ്പെടുത്തുന്നതു് തെറ്റാണു്. പഴത്തൊലി, കല്ല്, കട്ട, തടിക്കഷണങ്ങൾ മുതലാവ ചിലർ റോസിൽ എറിഞ്ഞുകളയും. ഓരോവിധത്തിലുള്ള അപകടങ്ങൾ അതുമൂലം ഉണ്ടാകാം. ഒരു കെട്ടുപുല്ലുമായി സിമൻറ്റുറോഡിൽക്കൂടി മാക്കറിലേക്കുപോയ ഒരു വൃദ്ധ പഴത്തൊലിയിൽ ചവുട്ടിവീണു് ഒരു വഷ്ത്തോളം കിടക്കയിൽനിന്നു എഴുനേൽക്കാൻ പാടില്ലാതെ കിടന്നു മരിച്ച ഒരു സംഭവം കേട്ടിട്ടുണ്ടു്. അപകടകാരിയായ എന്തെങ്കിലും സാധനം റോഡിൽ കണ്ടാൽ ഒരാര്യചരിതൻ അതെടുത്തു കളഞ്ഞിട്ടെ മുൻപോട്ടുനടക്കുകയുള്ള.

റോഡിൽ തുപ്പുക, റോഡിൽ മലമൂത്രവിസ്സർജ്ജനം ചെയ്യുക ഇത്യാധികാര്യങ്ങളെല്ലാം സമുദായത്തിന്റെ ആരോഗ്യത്തിനു ഹാനികരമാണു്. സംസ്കാരമുള്ള മനുഷ്യർ ഈ ഹീനകൃത്യങ്ങൾ ചെയ്കയില്ല.

നിങ്ങളുടെ യാത്രയിൽ ഗതിവേഗം ക്രമാതീതമായി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുതു്. അതു മറ്റുള്ളവരുടെ ഗതാഗതത്തിനു തടസ്സമുണ്ടാക്കും. അവിടെയും ഇവിടെയും അലക്ഷ്യമായി നോക്കിക്കൊണ്ടു നടക്കുന്നതും അപകടത്തിനു കാരണമാക്കും. നാലുവശവും നടക്കുന്ന സംഭവങ്ങളിൽ ശ്രദ്ധയും 45 ഡിഗ്രി കീഴ്കോണത്തിൽ നോട്ടവും ഉണ്ടെങ്കിൽ അപകടങ്ങൾ കൂടാതെ നിങ്ങൾക്കു മുൻപോട്ടുപോകാം.

രണ്ടിലധികം ആളുകൾ ഒരുനിരയായി മുന്നോട്ടുനീങ്ങുന്നതും മറ്റുയാത്രക്കാർക്കു് അസൗകര്യങ്ങൾ ഉണ്ടാക്കുമല്ലോ. പലർ കൂടി യാത്രചെയ്യുമ്പോൾ രണ്ടുപേരിൽകൂടാതെയുള്ള നിരകളായി മുൻപോട്ട പോകേണ്ടതാണു്.

നിങ്ങളെക്കാൾ സ്ഥാനവും അധികാരവും ഉള്ള ആളിനോടുകൂടി യാത്രചെയ്യുമ്പോൾ ആ ആളിന്റെ ഇടത്തുവശത്താണു് നിങ്ങൾ നടക്കേണ്ടതു.

പരിചിതരായ ആളുകൾ നിങ്ങൾക്കെതിരായി കടന്നുപോകുമ്പോൾ അവരുടെ സ്ഥിതിക്കനുസരണമായി അവരെ ആദരിക്കേണ്ടതു നിങ്ങളുടെ കടമയാണു്. നിങ്ങളെക്കാൾ താണവരെങ്കിൽ ഒരു പുഞ്ചിരികൊണ്ടു്, അവർ അഭിവാദ്യംചെയ്യുന്നവെങ്കിൽ ആ അഭിവാദ്യം മടക്കിക്കൊടുത്തുകൊണ്ടു്; നിങ്ങൾക്കു സമന്മാരാണെങ്കിൽ പരസ്പരം വന്ദനം കൈമാറിക്കൊണ്ടു്: നിങ്ങളെക്കാൾ ഉയർന്നവരെങ്കിൽ തലകുനിച്ചു കൈകൂപ്പിക്കൊണ്ടു്, ഇങ്ങനെ വിവേകം നിർദ്ദേശിക്കുന്ന വിധത്തിൽ നിങ്ങൾ മറ്റുള്ളവരെ ആദരിക്കേണ്ടതാണു്.

അദ്ധ്യായം 12

നോട്ടം

പഞ്ചേന്ദ്രിയങ്ങളെ നിങ്ങൾ നിയന്ത്രിക്കുന്നില്ലെങ്കിൽ പഞ്ചേന്ദ്രീയങ്ങൾ നിങ്ങളെ നിയന്ത്രിക്കുകയും കീഴടക്കുകയും അങ്ങനെ നിങ്ങൾ അവയുടെ അടിമയായിത്തീരുകയും ചെയ്യും.

സർവ്വപ്രധാനമായി നിങ്ങൾ നിയന്ത്രിക്കേണ്ടതു കണ്ണിനെയാണു്. "നിന്റെ വലത്തുകണ്ണു നിനക്കു പാപകാരണമാകുമെങ്കിൽ അതിനെ ചൂഴ്ന്നു കളയുക. എന്തുകൊണ്ടെന്നാൽ എല്ലാ അവയവങ്ങളോടുംകൂടെ നരകത്തിൽ വീഴുന്നതിനെക്കാൾ ഒരവയവം ഇല്ലാതെ സ്വർഗ്ഗത്തിൽ പോകുന്നതു ഉചിതമാണു്" എന്നു യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നു.

ഒന്നാമതായി മറ്റുള്ളവരുടെ ശ്രദ്ധയേയും നോട്ടത്തേയും നിങ്ങളിലേയ്ക്കു ആകഷ്ിക്കത്തക്ക വേഷം നിങ്ങൾ ധരിക്കരുതു. നിങ്ങളുടെ നോട്ടത്തെ നിയന്ത്രിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണു് മറ്റുള്ളവരുടെ നോട്ടത്തെ നിയന്ത്രിക്കാനുള്ള നിങ്ങളുടെ കടമയും. സമൂഹത്തിൽ നിങ്ങളുടെ കടമയും. സമൂഹത്തിൽ നിങ്ങളുടെ വേഷവും സംസാരവും പ്രവൃത്തിയും മറ്റുള്ളവരെ നിങ്ങളിലേയ്ക്കു ആകഷ്ിക്കാൻ തക്കവണ്ണമായിരിക്കരുതു. ദേശകാലാനുസൃതമായ വേഷം ധരിച്ചാൽ പ്രത്യേക ആകഷ്ണത്തിനു കാരണമാകുകയില്ലല്ലോ.

രണ്ടാമതായി നിങ്ങളുടെ നോട്ടത്തെത്തന്നെ നിങ്ങൾ നിയന്ത്രിക്കണം. നിങ്ങൾക്കു പ്രയോജനമില്ലാത്തതും അർഹതയില്ലാത്തതും കാണാൻശ്രമിക്കരുതു്.ആഗ്രഹിക്കുകയുമരുതു്. വീടുവിട്ടു വെളിയിലിറങ്ങിയാൽ 45 ഡിഗ്രി കീഴ്ക്കോണത്തിൽ ദൃഷ്ടിവച്ചു നടക്കുന്നതു ഉത്തമമായിരിക്കും.

There is sin in the 2nd look എന്നൊരു ചൊല്ലുണ്ടു്. രണ്ടാമത്തെ നോട്ടത്തിൽ പാപം ഒളിഞ്ഞിരിക്കുന്നു എന്നാണതിന്റെ സാരം. ആദ്യനോട്ടം പാപകരമല്ല. ആദ്യനോട്ടത്തിൽ കൊള്ളാവുന്നതല്ല എന്നു നിങ്ങളുടെ ഉത്തമമനഃസാക്ഷി അനുശാസിക്കുന്നു എങ്കിൽ രണ്ടാമതു നോക്കുന്നതു തെറ്റാണു്, കുറ്റകരമാണു്. പാപമാണു്.

അദ്ധ്യായം 13

നടത്ത

നടത്ത അഥവാ പെരുമാറ്റം നിങ്ങളുടെ വില എത്രയാണെന്നു മറ്റുള്ളവരെ ധരിപ്പിക്കുന്നതിനുള്ള മാനദണ്ഡമാണു്. നിങ്ങളുടെ പ്രവർത്തികളിൽ ഒരിക്കലും അഭിനയം ഉണ്ടാകരുതു്. നിങ്ങൾക്കുള്ളതു ഇല്ലെന്നും ഇല്ലാത്തതു ഉണ്ടെന്നും ഭാവിക്കുന്നതാണു് അഭിനയം. നിങ്ങൾ മറ്റുള്ളവരോടു എങ്ങനെ പെരുമാറണമെന്നു അറിഞ്ഞിരിക്കണം. മറ്റുള്ളവർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നോ അപ്രകാരം നിങ്ങൾ മറ്റുള്ളവരോടും പെരുമാറിക്കൊള്ളുക.

'അകത്തു കത്തിയും പുറത്തുപത്തിയും' നിന്ദ്യമായ ഒരു അഭിനയമാണു്. ഭീരുക്കളും വഞ്ചകരുമാണു് മനസ്സിൽ ഒന്നു വച്ചുകൊണ്ടു് പുറമെ മറ്റൊന്നു നടിക്കുന്നതു്. മുഖം മനസ്സിന്റെ കണ്ണാടിയാണു്. കളങ്കമില്ലാത്ത ഒരു ഹൃദയവും കളങ്കമില്ലാത്ത സംസാരവും പ്രവൃത്തിയും നിങ്ങളെ സമുദായത്തിന്റെ മാന്യനാക്കിത്തീർക്കുന്നു.

ആര്യചരിതൻ എല്ലാവരെയും സ്നേഹിക്കുന്നു. ചുരുക്കമാളുകളെ വിശ്വസിക്കുന്നു. മനസ്സാവാചാകർമ്മണാ ആർക്കും ഒരു ദോഷവും നഷ്ടവും വരുത്തുന്നില്ല. കാപട്യമാണു് ഇന്നു ലോകത്തെ നിയന്ത്രിക്കുന്നതു്. സ്നേഹം അസ്ഥാനത്തും വിശ്വാസം അനർഹവും കളവും വഞ്ചനയും നിത്യജീവിതത്തിലുമായിത്തീർന്നിരിക്കുന്നു. അധഃപതിച്ച ലോകത്തെ ഉദ്ധരിക്കുന്നതിനും ശാശ്വതസമാധാനവും സംതൃപ്തിയും കൈവരുത്തുന്നതിനും സ്നേഹത്തിനുമാത്രമേ കഴിവുള്ള. നിങ്ങൾ സ്നേഹിക്കുക. പരിശുദ്ധമായ സ്നേഹം ശത്രുവിൽ പോലും അടിച്ചേൽപ്പിക്കുക. ശത്രു മിത്രമായി മാനസാന്തരപ്പെട്ടുകൊള്ളും.

കാലത്തിന്റെ വിളി ശ്രവിക്കുകതന്നെ വേണം

കേരള കത്തോലിക്കരുടെ ഇടയിൽ ഒരാവേശത്തിന്റേയും ഉന്മേഷത്തിന്റേയും പ്രത്യാശയുടേയും ലക്ഷണങ്ങൾ ഈ അടുത്ത നാളുകളിലായി കണ്ടുതുടങ്ങിയിരിക്കയാണു്. എവിടെ നോക്കിയാലും കേരളകത്തോലിക്കർ സംഘടനാപരമായി വളരെ പിന്നിലാണെന്നു് എല്ലാ നേതാക്കന്മാരും, എല്ലാ ജനങ്ങളും പറയുന്നതു് കേൾക്കുവാൻ സാധിക്കും. എന്നാൽ ഇതിനെല്ലാമുപരിയായി കേരളകത്തോലിക്കരുടെ സംഘടനാടിസ്ഥാനത്തിലുള്ള ഏകജിഹ്വയായ ഏ. കെ. സി. സി. ബുള്ളറ്റിന്റെ പേജുകളിൽകൂടി കടന്നുപോകുന്ന ഏതൊരുവനും കാണാം, കേരളത്തിലെ വളരുന്ന തലമുറയുടെ ആശയങ്ങളും ആദർശങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതിഫലിക്കുന്നതായി. എല്ലാവരും ഏകസ്വരത്തിൽ പറയുന്നു, ഏ.കെ.സിസി. സംഘടന നല്ല ഉശിരോടും ഉണർവ്വോടുംകൂടി പ്രവർത്തിക്കണമെന്നു്. സമുദായത്തിന്റെ മൗലികമായ അഭിപ്രായങ്ങളും ആദർശങ്ങളും പ്രശ്നങ്ങളുമെല്ലാം എല്ലാ കത്തോലിക്കരേയും അറിയിക്കണമെന്നു്. എന്നാൽ കത്തോലിക്കന്റെ ശവശരീരത്തിനു പോലും വേണ്ടവിധത്തിലുള്ള നീതി ലഭിക്കാതെ നമ്മുടെ സമുദായം ഇത്രമാത്രം പിമ്പിലായതെങ്ങനെയെന്നു് ഇനിയെങ്കിലും നാം ബോധപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

19—ാം നൂറ്റാണ്ടുവരെ നാം അഭിമാനിച്ചിരുന്ന മറ്റു് സമുദായങ്ങളിൽനിന്നു് ഒട്ടും പിന്നിലല്ലെന്നു്. അന്നുവരെ ബുദ്ധിപരമായും, ഭൗതീകമായും, സാംസ്കാരികമായും നാം മറ്റു് സമുദായങ്ങളിൽനിന്നു് ഒട്ടും പിന്നിലല്ലായിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ നാം ജീവിക്കുന്ന ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ലോകചരിത്രത്തിന്റെ ഗതിയിൽതന്നെ ഒരു വലിയ പരിവർത്തനം സംജാതമായി. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ മനുഷ്യനു് സിദ്ധിച്ച അത്ഭുതാവഹമായ വിജയം അവനെ പുരോഗതിയിൽനിന്നു് പുരോഗതിയിലേക്കു് ആനയിച്ചു. അങ്ങനെ ഉണ്ടായ ഭൗതീക മുന്നേറ്റത്തോടൊപ്പം മനഃശാസ്ത്രത്തിലുണ്ടായ നവീനങ്ങളായ കണ്ടുപിടുത്തങ്ങൾ മനുഷ്യനെപ്പറ്റി അന്നുവരെ അഗ്രാഹ്യമായിരുന്ന പല സംഗതികളിലും വെളിച്ചം വീശി. എന്നാൽ ഒരു വ്യവസ്ഥാപിത സംഘടനയായിരുന്ന തിരുസഭക്കു് ഈ പുരോഗമനങ്ങളേയും പരിഷ്കാരങ്ങളേയു, അപ്പാടെ സ്വീകരിക്കാൻ കഴിഞ്ഞില്ല. കാരണം ഈ ആധുനിക പരിഷ്കാരങ്ങൾ വരുത്തിവച്ച പ്രശ്നങ്ങളുടെ ധാർമ്മികവശത്തെപ്പറ്റി പഠിക്കുന്നതിനും, വേണ്ട നിഗമനങ്ങൾ എടുക്കുന്നതിനും ഒരു നീണ്ട കാലസന്ധിതന്നെ ആവശ്യമായിരിക്കുന്നു. എന്നാൽ കേരളസഭയെപ്പറ്റി പറയുകയാണെങ്കിൽ ഓടുന്ന ലോകത്തോടുകൂടി ഓടുന്നതിനും, പുരോഗമിക്കുന്ന ലോകത്തോടുകൂടി പുരോഗമിക്കുന്നതിനും വേണ്ടവിധത്തിൽ സാധിച്ചില്ലായെന്ന വസ്തുത തുറന്ന സമ്മതിക്കേണ്ടതാണു്. അഗാധപണ്ഡിതനായ 12—ാം പീയൂസിന്റെ വാക്കുകളിൽ പറഞ്ഞാൽ എല്ലാവിധമാനുഷികപുരോഗതിയേയും സ്നേഹിക്കയും അതിനെ പ്രാവർത്തികമാക്കുന്നതിനായി യത്നിക്കയും ചെയ്തുകൊണ്ടിരിക്കുന്ന തിരുസഭയോടുകൂടി വളരുന്നതിൽ കേരളസഭ കുറെയൊക്കെ പിന്നിലായിപ്പോയി. എന്നാൽ ഈ അവസരത്തിൽ മറ്റു് സമുദായങ്ങളും ഈ സാങ്കേതികപുരോഗതിയെ വേണ്ടവിധത്തിൽ ഫലപ്രദമായി വിനിയോഗിച്ചു.

അടുത്തതായി നമ്മുടെ സവിശേഷമായ ശ്രദ്ധയെ ക്ഷണിക്കുന്നൊരു യാഥാർത്ഥ്യമാണു് എന്നും പുരാതനവും നവീനവുമായ ക്രിസ്തീയ തത്വങ്ങളെ ആനുകാലികമാംവിധത്തിൽ ജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കുന്നതിൽ പിന്നിലായിരുന്നുവെന്നതാണു്. ദിവ്യമായൊരു ആന്തരികസത്തയാൽ പ്രചോദിതരായ നാം ദിവ്യമായ ഒരു സന്ദേശം ജനലക്ഷങ്ങളിൽ എത്തിക്കാൻ ബാദ്ധ്യസ്ഥരായിരുന്നിട്ടും ആ ബാദ്ധ്യത നിറവേറ്റുന്നതിൽ തീവ്രമായ താല്പര്യം പ്രദർശിപ്പിക്കുകയുണ്ടായില്ല. അതേ സമയത്തു് യാതൊരുവിധത്തിലുള്ള ആന്തരികചേതനയും ഇല്ലാതിരുന്ന ഹിന്ദുമതത്തിലേക്കു് ഒന്നു് കണ്ണോടിച്ചാൽ നമുക്കു് മനസ്സിലാക്കാം ഹിന്ദുമതങ്ങളെ മനുഷ്യഹൃദയങ്ങളിൽ സ്ഥലകാലസാഹചര്യങ്ങൾക്കനുകൂലമായവിധത്തിൽ അവതരിപ്പിക്കുന്നതിനായി എത്ര എത്ര മഹാന്മാരാണു് ശ്രീ ശങ്കരാചാര്യർമുതൽ ആധുനിക ഇൻഡ്യയുടെ അനിഷേധ്യ നേതാക്കളിൽ ഒരുവനായ രാധാകൃഷ്ണൻവരെ മുമ്പോട്ടു് വന്നിട്ടുള്ളതു്. ഇപ്രകാരം യാതൊരുവിധത്തിലുമുള്ള അതിസ്വഭാവിക ലക്ഷ്യങ്ങളില്ലാത്ത സ്വാഭാവികമതത്തിന്റെ അംഗങ്ങൾ അരയും തലയുംമുറുക്കി മുമ്പോട്ടു് വരുമ്പോൾ അതിസ്വഭാവികമായ ലക്ഷ്യങ്ങളോടുകൂടി നാം മൗനം ദീക്ഷിക്കുന്നതു് യാതൊരുവിധത്തിലും നീതീകരിക്കാവുന്നതല്ല. ഇതിനു വേണമെങ്കിൽ എത്ര എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കും. സുപ്രസിദ്ധ പണ്ഡിതനായ അർനോൾഡ് റൊയിൻ ബീയുടെ പഠനപ്രകാരം മാനവവംശം ഇന്നു് ഒരു പൗരസ്ത്യമതത്തെ ലാക്കാക്കി പുരോഗമിക്കുന്നു. ഈ പൗരസ്ത്യമതമാകട്ടെ ക്രിസ്തുമതവും. എന്നാൽ രാധാകൃഷ്ണൻ റൊയിൻബീയുടെ അഭിപ്രായത്തെ ഭാഗികമായി സ്വീകരിച്ചുകൊണ്ടു് പറയുകയാണു് ഈ പൗരസ്ത്യമതം ഹിന്ദുമതത്തിന്റേയും ക്രിസ്തുമതത്തിന്റേയും സങ്കലനത്തിൽനിന്നു് സംജാതമാകുന്ന ഒരു ലോകമതമാണെന്നു്. ഇങ്ങനെ ഉണ്ടാകുന്ന ഈ ലോകമതത്തിലാകട്ടെ മറ്റു് എല്ലാ മതങ്ങളും വെറും ഭാഗങ്ങൾമാത്രം.ഇങ്ങനെ അവർ ബുദ്ധിപരമായ വിധത്തിൽ മതാത്മക നിഷ്പക്ഷതയി

അഗസ്റ്റിൻ കുളക്കാട്ടവയലിൽ

ലേക്കാണു് ലോകത്തെ നയിക്കുന്നതു്. സ്ഥലകാല സാഹചര്യങ്ങളുടേയും മതത്തിന്റേയും മതപാനത്തിന്റേയും ചട്ടക്കൂട്ടിൽനിന്നു് വെട്ടിമാറുന്നതിനു് ചിന്തിക്കുന്ന യുവലോകം ഇതു് സ്വാഗതം ചെയ്യുമെന്നതിനു് രണ്ടഭിപ്രായമില്ല. ഇങ്ങനെയുള്ള അപകടങ്ങളെ ശരിക്കു മനസ്സിലാക്കി ഇവയെ നേരിടുന്നതിനായി നിസ്വാർത്ഥമായും സ്വജനങ്ങൾക്കുവേണ്ടി സേവനമനഷ്ടിക്കാൻ സന്നദ്ധരായവർ മുമ്പോട്ടുവരണം. എന്നാൽ മാത്രമെ സഭക്കും പുരോഗമിക്കാൻ സാധിക്കയുള്ളൂ.

നമ്മുടെ ശ്രദ്ധയിൽ പെടേണ്ട മറെറാരു സംഗതി വിശ്വവിശ്രുതനായ പന്ത്രണ്ടാംപീയൂസിന്റെ വാക്കുകളിൽ പറഞ്ഞാൽ അൽമായർക്കു് സഭയിൽ വേണ്ടത്ര ഭാഗഭാഗിത്വം ഇല്ലാതെയായിപ്പോയിയെന്നതാണു്. ഈ അടുത്തകാലംവരെ സഭയെ സംബന്ധിക്കുന്ന എല്ലാക്കാര്യങ്ങളും സഭാധികാരികൾക്കു് വിട്ടുകൊടുത്തിട്ടും നമ്മുടെ അൽമായ ജനം വെറും നാമമാത്രക്രിസ്ത്യാനികളായി ജീവിക്കയായിരുന്നു. അതുകൊണ്ടു് സൃഷ്ടിപരമായി ഒന്നും ചെയ്യുന്നതിനു് നമുക്കു കഴിഞ്ഞില്ല, സഭയുടെ ഓജസ്സും തേജസ്സും അഭിമാനവുമായ അൽമായ ജനതയിൽ ഉണ്ടായ ഈ വലിയ വിപത്തു് നമ്മെ മറ്റു സമുദായങ്ങളുടെ പിന്നിലാക്കുന്നതിനു സഹായിച്ചു. ഇതിനെല്ലാമുപരിയായി പ്രതിലോമശക്തികൾ സഭക്കു് എതിരായി എടുത്തു് കാട്ടിക്കൊണ്ടിരിക്കുന്ന കണ്ണു് തുറപ്പിക്കുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും വേണ്ടവിധത്തിലുള്ള സമാധാനം നൽകുന്നതിൽ ഭാഗികമായിട്ടെങ്കിലും സാധിച്ചില്ലായെന്ന യാഥാർത്ഥ്യം മറച്ചുവെയ്ക്കേണ്ടതല്ല. അതുകൊണ്ടു് തിരുസഭയെപ്പറ്റിയുള്ള നല്ല അഭിപ്രായവും ധാരണയും ജനഹൃദയങ്ങളിൽ കുറയുന്നതിനിടയായി. തിരുസഭക്കും ക്രിസ്തുവിനും എതിരായി നമുക്കു എത്രപറഞ്ഞാലും ചെറുക്കുന്നതിനു് പ്രാപ്തരായ അൽമായ ജനം നമുക്കില്ലാതെപോയി. പുരോഗമനം കാംക്ഷിക്കുന്ന ചെറുപ്പക്കാരിൽ ഇവയെല്ലാം സ്ഥായിയായ സ്വാധീനം ചെലുത്തുവാൻ സാധി

അല്ലിറാണി

— കോതനല്ലൂർ ജോസഫ് —

4 വെണ്ണിലാവു വെളിച്ചംകാട്ടിയ വഴിത്താര

ചന്ദ്രിക പരന്നൊഴുകുന്ന ഒരു വസന്തരാത്രിയിൽ ''ലയിനാർഡ്'' മഹാരാജാവു് പത്നീസമേതനായി അന്തഃപുരമാളികയിലെ പുറത്തളത്തിലിരുന്നു് കളിർത്തെന്നലേറ്റു് ആനന്ദിക്കുകയാണു്. വെള്ളിമേഘവിമാനങ്ങൾ ആകാശത്തിൽ അങ്ങുമിങ്ങും നിശബ്ദമായി പാഞ്ഞുകൊണ്ടിരുന്നു. അകലത്തിൽ അധിവസിക്കുന്ന ബന്ധുക്കളായ നക്ഷത്രങ്ങളുടെ സുഖാസ്വഖവർത്തമാനസന്ദേശങ്ങൾ വഹിച്ചുകൊണ്ടു് അവ സഞ്ചരിക്കുന്നതായിരിക്കാം. അല്ലെങ്കിൽ ആ നീലക്കടലിലെ നക്ഷത്രകളോട് ഭൂമിയിലെ ജീവജാലങ്ങളുടെ ക്ഷണികതയെപ്പറ്റി സംസാരിച്ചു് അവയെ ആശ്വസിപ്പിക്കുകയാവാം.

പരന്നിളകുന്ന പാൽക്കടലിൽ കളിച്ചു് പരിമളംപൂശിയ മന്ദമായുതൻ, എഴുന്നള്ളിവാഴുന്ന രാജദമ്പതികളുടെ തിരുമുമ്പിൽ പനിനീർക്കണങ്ങളെ കാഴ്ചവച്ചുകൊണ്ടു് മധുരസംഗീതംപാടിനിന്നു. കുസുമകുമാരിമാർ പുഞ്ചിരിച്ച തലയാട്ടിനൃത്തം വച്ചുകൊണ്ട് തന്നോട് സംസാരിക്കുന്നതായി മഹാരാജാവിനു തോന്നി:— ''അല്ലയോ തിരുമേനീ! ഞങ്ങടെ കൂട്ടംചേർന്നു ദൈവത്തെ സ്തുതിക്കുകയാണു്. ജന്മംതന്ന സർവ്വശക്തന്റെ തിരുനാമം ഗാനംചെയ്തു്, സുഗന്ധദ്രവ്യം പരത്തുകയാണു്. അങ്ങു വളരെക്കാലം മക്കളില്ലാതെ സങ്കടപ്പെട്ട ജീവിച്ചല്ലോ. അന്നു സിംഹാസനവും, പൊൻകിരീടവും, ചെങ്കോലും അങ്ങേയ്ക്കു് ഹൃദയസമാധാനം നൽകിയില്ല. കൊട്ടാരത്തിലെ സംഗീതരംഗങ്ങളും, പണ്ഡിതപ്രഭാഷണങ്ങളും, നൃത്തകോലാഹലങ്ങളും, മറ്റു രാജകീയപ്രൗഢികളും ആനന്ദം ഉളവാക്കിയില്ല. ഒരു പിഞ്ചുകാൽ കാണുവാൻ ഹൃദയം കൊതിച്ചുകൊണ്ടിരുന്നു. വംശത്തിന്റെ നിലനില്പിനു മാർഗ്ഗം കാണാതെ, പള്ളിമെത്തയിൽ ഉരുണ്ടും മറിഞ്ഞും നിർനിദ്രനായി അനേകം നിശാകാലങ്ങളും, തിരുമേനി കരഞ്ഞും, കരഞ്ഞുകരഞ്ഞും കഴിച്ചുകൂട്ടിയില്ലേ? അതെല്ലാം മറന്നുപോയോ? കാരുണ്യവാനായ ദൈവം അങ്ങേയുടെ കരളലിഞ്ഞയ്ന്ന സങ്കടം ശ്രവിച്ചു. ഒരു പൊന്നുമകളെത്തന്നു് അങ്ങയെ അനുഗ്രഹിച്ചു. എത്രകാലം പുകഴ്ത്തിയാലും അതിനു പ്രതിഫലമാകുമോ?'' ലതകളും മരങ്ങളും കുസുമങ്ങളുടെ സംസാരം ശ്രദ്ധിച്ച തലയാട്ടി രസിച്ചു കൈയടിക്കുന്നതായി തിരുമനസ്സിനു തോന്നി.

''ദേവാ! പതിവില്ലാത്തവിധം ഒരു വിചാരം അങ്ങയിൽ ഞാൻ കാണുന്നല്ലോ.'' രാജ്ഞി ചോദിച്ചു.

''പ്രിയേ! ശരിതന്നെ, എന്റെ ഹൃദയം ചിന്തയിൽ മുഴുകിയിരിക്കുകയാണു്. ഉറക്കം എന്നെ സമീപിക്കുന്നില്ല.''

''പ്രഭോ! അല്ലിറാണിയെ കാണായ്കയാലാണോ? വൃദ്ധനായ ആ പിതാവിന്റെ ഇംഗിതം ദൂതൻ ഉണർത്തിച്ചതു കേട്ടില്ലേ? എന്നെ ജനിപ്പിച്ച പിതാവല്ലേ; കുഞ്ഞുമകളെ കാണുവാനും, അവളുടെ പാട്ടും കഥയും കേൾക്കുവാനും താതനുണ്ടായ അതിയായ ആഗ്രഹം നമുക്കു നിരസിക്കുവാൻ പാടുണ്ടായിരുന്നോ? പോരെങ്കിൽ അവിടുന്നതന്നെയല്ലേ, തങ്കക്കുടത്തെ തോഴിമാരോടും വളർത്തമ്മമാരോടുംകൂടി അങ്ങോട്ടയച്ചതു്? പിന്നെന്തിനു ദുഃഖിക്കുന്നു? പൊന്നുമോളിപ്പോഴും ഇഷ്ടതോഴിമാരുമൊത്തു് അവിടത്തെ പള്ളിയറയിൽ നിദ്രാദേവിയുടെ അങ്കതലത്തിൽ പൂങ്കിനാക്കളം കണ്ടു വിശ്രമിക്കുകയാണു്. താമസിയാതെതന്നെ തിരിച്ചെത്തുകയും ചെയ്യും. പിന്നെന്തു്?''

''ജീവനേ! ഇതെന്തു സംസാരം? പൊന്നുമകളെക്കുറിച്ചുള്ള വിചാരമേ ഇപ്പോളെനിക്കുണ്ടായില്ല. ഹാ! ഹൃദയം വേദനിക്കുന്നു. തങ്കമേ! ഞാൻ രാജ്യത്തിനും പ്രജകൾക്കും ക്ഷേമകരങ്ങളായ കൃത്യങ്ങളും ചെയ്തു് ഇരുനാളും ജീവിച്ചു. ഇന്നോളമുള്ള എന്റെ ജീവിതലക്ഷ്യം ജനസുഖം ഒന്നു മാത്രമായിരുന്നു. എന്നാൽ യാതൊരു നന്മയും ഇന്നുവരെ ചെയ്യിട്ടില്ലാത്ത അവസ്ഥയാണു് എന്റെ ഹൃദയത്തിൽ പൊന്തിവരുന്നതു്.

ജീവനാഥേ! അമ്പിളി ഏന്നെ ശകാരിക്കുന്നല്ലോ. അക്കലാനിധി എന്നോട് പറയുന്നതായിത്തോന്നുന്നു: ''തിരുമേനീ! തൃക്കൺപാർത്താലും! ഞാൻ എന്റെ കീഴിലുള്ള ലോകത്തെ എത്ര വാത്സല്യത്തോടുകൂടി സംരക്ഷിച്ചുപോരുന്നു? എല്ലായിടത്തും ആനന്ദവും പുഞ്ചിരിയും നൃത്തമാടുന്നു. സമാധാനത്തിന്റെയും ശാന്തിയുടെയും തറവാടായി അതു മാറിയിരിക്കുന്നു. വിശപ്പിന്റെ മുറവിളികളോ, നിരാശയുടെ ഞരക്കങ്ങളോ, സംരക്ഷണക്കുറവിന്റെ പരാതികളോ, അസ്വാതന്ത്ര്യത്തിന്റെ ദീർഘനിശ്വാസങ്ങളോ ഒന്നും എങ്ങും തലപൊക്കുന്നില്ല. എന്റെ ഉയർച്ച ലോകത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രമുള്ളതാണു്. എനിക്കുള്ള സമ്പത്തു മുഴുവനും ലോകത്തിനുവേണ്ടി ഞാൻ ചെലവഴിക്കുന്നു. വൃക്ഷലതാദികളിലും പുൽക്കൊടിത്തുമ്പുകളിലും മുത്തുമണികളും, പൂക്കളിൽ ശോണരത്നങ്ങളും അണു കാണുന്നില്ലേ? പക്ഷിമൃഗാദികളെ ഞാൻ പാലൂട്ടി വയറുനിറച്ചു. ലോകത്തെ മുഴുവനും വെള്ളപ്പട്ടു പുതപ്പിച്ചു സുഖനിദ്രയിൽ ആഴ്ത്തിയിരിക്കുന്നു. ഇതിനെല്ലാം പുറമേ ഞാൻ ഒരു പുതിയ ലോകത്തിനുള്ള വഴിയും വെളിച്ചവും കാട്ട

ട്ടുള്ള തയ്യാറാക്കിക്കഴിഞ്ഞു.

എനിക്ക് എഴുന്നള്ളിപ്പാക്കുവാൻ കൊട്ടാരമോ, പള്ളിയുറക്കംകൊള്ളുവാൻ ഹംസതൂലികാമഞ്ചമോ, ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ പരിത്യാഗജീവിതം അങ്ങു കണ്ടു പഠിക്കുക. എന്റെ രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റെയറ്റംവരെ ഞാൻ എന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. എവിടെയും എന്റെ സാന്നിദ്ധ്യം കതിരിട്ടുനിൽക്കുന്നു. ഞാൻ കാണാത്ത മുക്കും മൂലയും രാജ്യത്തിന്റെ ഒരിടത്തുമില്ല, എന്നാൽ അങ്ങേയുടെ രാജ്യത്തടൽ പലേടത്തും അങ്ങേയ്ക്ക ദുർഗ്ഗന്ധങ്ങളായ ഇടുക്കുവഴികളും, വള്ളിക്കെട്ടുകളും, പരൽക്കുന്നുകളും ഇല്ലേ? അങ്ങെയുടെ രേണത്തിന്റെ സൽഫലങ്ങളും അനുഭവിക്കാത്ത കടിലുകളും, വിഷമജീവിതങ്ങളും പലേടത്തും അവശേഷിക്കുന്നില്ലേ? അങ്ങു രാജ്യത്തിലെ കുഗ്രാമങ്ങളിലൂടെ സഞ്ചരിച്ചിട്ടുണ്ടോ? ഒന്നെഴുന്നള്ളുക.'' എന്നെല്ലാം.

കരളേ! നാം കൊട്ടാരത്തിലെ പൂമ്പരവതാനിക്കുമുകളിൽ പ്രശോഭിക്കുന്ന സിംഹാസനങ്ങളിൽ, ആനന്ദത്തിന്റെ മധുരഫലങ്ങളുമുണ്ട്, സൗഖ്യത്തിന്റെ തങ്കക്കിനാക്കളും കണ്ടു വാഴുകയാണ്. പക്ഷെ, നമ്മുടെ രാജ്യത്തിലെ കുഗ്രാമപ്രദേശങ്ങളും പലതും ദരിദ്രകുടുംബങ്ങളിൽനിന്നുയരുന്ന പഞ്ഞത്തിന്റെ പടവിളികളും. രോഗത്തിന്റെ രോദനങ്ങളും, അനാഥതയുടെ നെടുവീർപ്പുകളും മറ്റും ഇപ്പോഴും കേൾക്കുന്നുണ്ടാവണം. നമ്മുടെ പൊന്നുമോടെ ചേവടിത്താരുകയും ഇവിടത്തെ പട്ടുവിരിപ്പിൽ കളിയാടുമ്പോഴും, അവിടെപ്പാക്കുന്ന പാവങ്ങളുടെ സന്താനങ്ങളും കല്ലും മുള്ളും നിറഞ്ഞ കാന്താരത്തിലെ ഊടുവഴികളിൽ കാൽതട്ടിത്തടഞ്ഞുവീണു കരയുന്നുണ്ടാകാം. രാജ്യത്തിന്റെ പിതാക്കളായ നാം അവ എങ്ങനെ ഓർത്തു സഹിക്കും? മനം തകരുകയാണ്.

ജീവന്റെ കൂട്ടുകാരീ! എനിക്കു കരയാൻ തോന്നുന്നു. ദൈവം നമുക്കു ചെയ്ത അനുഗ്രഹത്തിനു നാം എന്തു പ്രതിനന്ദി സമർപ്പിച്ചു? ഞാൻ ശോകയാണ്— കുഗ്രാമങ്ങളിലെ പുൽക്കുടിലുകളിൽ പാർക്കുന്ന പാവപ്പെട്ട മക്കളെക്കാണുവാൻ. അവരെക്കണ്ട് അവരുടെ സുഖാസുഖങ്ങളും നേരിട്ടറിഞ്ഞെങ്കിലേ എനിക്കു സമാധാനമാകൂ; തൃപ്തിയുണ്ടാവൂ. അതിനുമുമ്പ് ഇവിടത്തെ പുമെത്തകളും എനിക്കു മുൾപ്പടപ്പുകൾ; സുവർണ്ണസിംഹാസനം നാരായുമനയാണ്; ചെങ്കോൽ ഹൃദയംതുളയ്ക്കുന്ന കഠാരിയാണ്.

മഹാരാജാവിന്റെ അവസാനത്തെ വാക്കുകളെ ഗദ്ഗദം തടഞ്ഞുനിറുത്തി. രാജ്ഞിക്കു സങ്കടംതോന്നി. രണ്ടുപേരും കുറേനേരം ചിന്താമഗ്നരായി— ശോകമൂകരായി ഇരുന്നുപോയി. അവർ എങ്ങനെ ദുഃഖിക്കാതിരിക്കും? പ്രജകളുടെ പ്രത്യക്ഷദൈവതങ്ങളല്ലെ? അനന്തരം കുണിതം ഉള്ളിലൊതുക്കിക്കൊണ്ടു രാജ്ഞി പറഞ്ഞു: ''ദേവാ! ആത്മത്രാണമാണു നമ്മുടെ ജീവിതലക്ഷ്യം. ദിവാനിശം അതിനായി നാം പ്രയത്നിക്കുകയും ചെയ്യുന്നു. നമ്മുടെ കൃത്യവിലോപംകൊണ്ടു പ്രജകളിൽ ഒരുത്തർക്കും ഖിന്നതയുടെ വഴിയില്ല. നിശ്ചയം.''

''അതു ശരിയായിരിക്കാം,'' ഖേദസ്വരത്തിൽ രാജാവു പറഞ്ഞു.

''പ്രാണനാഥാ! എനിക്കൊന്നു തോന്നുന്നു.'' രാജ്ഞി തുടർന്നു. ''അവിടത്തെ പ്രജാവാത്സല്യാതിരേകം ഇന്നു് ഏതിനെയോ സ്വപ്നംകാണുന്നു. അതും ഓണത്തിനു് ഒരു മൂലമെന്നു ഞാൻ കരുതുന്നുള്ളൂ. അങ്ങയിൽ അങ്കുരിച്ച ഈ ചിന്ത ഗ്രാമീണഗൃഹസ്ഥയുടെ ഭാഗ്യോദയമാണു്.

തിരുമനസ്സിൽനിന്നും അയച്ച ദൂതന്മാർ രാജ്യം പുറപ്പെട്ടിവന്നറിയിച്ചല്ലോ— 'ഈ നാട്ടിലെ പ്രജകളുടെ ഐശ്വര്യസമ്പത്തിനെ, അയൽരാജ്യങ്ങളോടു വിളിച്ചുചൊല്ലിക്കൊണ്ടു നഗരങ്ങളോടും വ്യാപാരശാലകളും മാളികകളും ഇടതൂർന്നു ഉയർന്നുനിൽക്കുന്നു. തിരുമേനിയുടെ പ്രജാവാത്സല്യത്തെ പ്രഘോഷണംചെയ്യുന്ന വിദ്യാലയങ്ങളും, നീതിന്യായക്കോടതികളും, ആതുരാലയങ്ങളും തുടങ്ങിയ ഇതര സ്ഥാപനങ്ങളും ഓരോ നഗരങ്ങൾക്കും ധാവല്യം പരത്തുകയാണു്. അനുക്ഷണം കുതിക്കുന്ന വ്യാവസായികയന്ത്രങ്ങൾ തിരുമനസ്സിലെ ജയഘോഷം മുഴക്കിക്കൊണ്ടു രാപ്പകലുകളോടു സല്ലപിക്കുന്നു. വിപണികളും അവിടത്തെ സാന്നിദ്ധ്യം സമാദരിച്ചു് വിവേശത്തെയും കാണിക്കനിരത്തി പ്രശോഭിക്കുന്നുണ്ടു്. കേരപൂഗാദിഫലവൃക്ഷങ്ങളും കൃഷ്കനാട്ടിനു കല്യാണപ്പന്തൽ ഒരുക്കിയിരിക്കുകയാണു്. വാണിജ്യാഭിവൃദ്ധിയുടെ വണ്ടിവർഗ്ഗങ്ങളായ വിവിധ വാഹനങ്ങളും രാജ്യത്തിലുടനീളം പാട്ടുപാടി സഞ്ചരിക്കുന്നു. വിളനെൽപ്പാടങ്ങളും കാത്തുകൊണ്ടു മാകന്ദാദിവൃക്ഷങ്ങളുടെ പൊൻതണലുകളിലിരുന്നു പൂങ്കുഴലൂതുന്ന ഗ്രാമീണകുമാരന്മാർ അവിടവിടങ്ങളിൽ വസന്തപ്രതീതിയുളവാക്കുന്നു. അക്രമം സമ്പൽസമൃദ്ധിയിലും, ക്ഷാമം പാപകർമ്മങ്ങളിലും, അനീതി ആരോഗ്യസമ്പത്തിലും, വിരോധം അലങ്കാരശാസ്ത്രത്തിലും, വക്രത ചക്രവാളപരിധിയിലും, അസൂയ വിജ്ഞാനത്തിലും, മാത്സര്യം സൽക്കർമ്മങ്ങളിലുംമാത്രമേ കാൺവാനുള്ളൂ'' എന്നെല്ലാം.

''നാഥേ! അവയെല്ലാം പ്രശംസകളും മുഖസ്തുതികളുമായി മാറിയെന്നു വരാം. പക്ഷേ . . . ''

''എന്താണു പക്ഷേ?, കല്പിക്കുക.''

''നാം ഒന്നു നിശ്ചയിച്ചുകഴിഞ്ഞു. അതിനു മാറ്റമില്ല'' മഹാരാജാവു ചിന്താധീനനായിത്തുടർന്നു— ''ഓമനേ! നാട്ടിൽ എല്ലായിടത്തും സമ്പത്തും സംസ്കാരവും കളിയാടുന്നുവെന്നാണോ ഭവതി വിചാരിക്കുന്നതു്? പലേടവും പലതരത്തിൽ ഉയരുവാനുണ്ടു്. രാജ്യത്തിൽ ഓരോഭാഗത്തും വിളയുന്ന കാർഷികവിഭവങ്ങളെ കൈകാര്യംചെയ്തു ജനങ്ങൾക്കു സുഖജീവിതം കൈവരിക്കുവാനുള്ള സൗകര്യം ഇല്ലാത്ത അനേകം സ്ഥലങ്ങളുണ്ടു്. അതിനു് അടുത്തടുത്തു ചന്തകളും അങ്ങാടികളും അങ്ങനെയുള്ള സ്ഥാനങ്ങളിൽ ഉണ്ടായേ കഴിയൂ. ആയതിലേക്കു് റോഡുകളും വാഹനസൗകര്യങ്ങളും ആവശ്യമാണു്. ഇവയാണു് ഓരോ പ്രദേശങ്ങളുടെയും സുഖജീവിതത്തിനു് അടിസ്ഥാനം. പത്രങ്ങളിൽ ഓമന വായിക്കാറില്ലേ,—റോഡില്ല, പാലമില്ല, വാഹനസൗകര്യമില്ല, പള്ളിക്കൂടമില്ല, ചന്തയില്ല എന്നെല്ലാമുള്ള പ്രാദേശിക വാർത്തകൾ? അവ ആവശ്യങ്ങളുടെ മുമ്പിൽ നാട്ടുകാർ അറിയിക്കുന്നതാണു്,''

''ദേവാ! വായിച്ചാലും ഇല്ലെങ്കിലും അവിടത്തെ പ്രജാവാത്സല്യത്തിൽ ഞാൻ ഏറ്റവും സന്തോഷിക്കുന്നു. ജനസുഖമാണല്ലോ നമ്മുടെ സുഖം. വലയുന്ന നമ്മുടെ മക്കളുടെ അല്പൽ തീർക്കുവാൻ മറന്നാലും ഉടയോരില്ലതന്നെ, അതാണു സത്യം,''

''ഓമനേ! ഒരു രാജ്യത്തിന്റെ പിതാക്കൾ എന്തെല്ലാം ദുഃഖങ്ങൾ അനുഭവിക്കണം? സാധാരണ ജനങ്ങൾ കരുതുന്നു, രാജവാഴ്ച ലോകത്തിൽ ഏറ്റവും സുഖദായകമെന്നു്. വാസ്തവത്തിൽ അതു തെറ്റല്ലേ? ഈ നാം ഇന്നുവരെ സുഖമെന്നുള്ളതു് എന്തറിഞ്ഞു?''

''നാഥാ! ജനങ്ങളുടെ നന്മ ദീക്ഷിക്കുന്ന ഒരു രാജാവിനു സുഖം അനുഭവിക്കുക സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ ജീവിതം ത്യാഗത്തിന്റെ പര്യായമാണു്. പ്രജാക്ഷേമപ്രയത്നങ്ങൾ അദ്ദേഹത്തിൽ അലൗകികമായ ആനന്ദം ഉളവാക്കുന്നു. അതിലത്രേ ആ നരപുംഗവൻ സന്തുഷ്ടനാകുന്നതു്—തൃപ്തിയടയുന്നതു്.''

''പ്രിയേ! അതുസത്യം''

''ജീവിതേശ്വരാ! അവിടത്തെ നിശ്ചയം അങ്ങു പരിപാലിച്ചാലും! അങ്ങു ചെയ്യുന്ന സുകൃതകൃത്യങ്ങളുടെ ഫലം അനുഭവിച്ചു സന്തുഷ്ടരാകുന്ന മക്കളും അവരുടെ ഹൃദയങ്ങളിൽ അങ്ങയെ പൂജിച്ചിരുത്തുവാൻ രത്നപീഠങ്ങളൊരുക്കട്ടെ! അതു കണ്ടു ഞാൻ സന്തോഷിക്കും.''

''തങ്കമേ! പൊന്നുമക്കളെ നമ്മെ മറക്കാത്ത രാജ്യക്ഷേമകരങ്ങളായ പരിഷ്കാരങ്ങളും നാട്ടിന്റെ ഓരോ ഒഴിഞ്ഞമൂലകളിലും നടപ്പാക്കുവാൻ, നാം ഉറച്ചുകഴിഞ്ഞിരിക്കുന്നു.''

''ദേവാ! അങ്ങു നട്ടുപിടിപ്പിക്കുന്ന ത്യാഗവൃക്ഷങ്ങളെ നനച്ചുവളർത്തുവാൻ ഈയുള്ളവളെ അനുവദിക്കുമോ? മലനാട്ടിന്റെ മക്കളെ വളമിട്ടുവാനുണ്ടു്. പൊന്നുമോടെ കടത്തിൽ വെള്ളംമുക്കി നിറയ്ക്കും. ഞാൻ അതു മുമലിലേന്തി, ഓരോന്നിന്റെയും ചുവട്ടിലൊഴിക്കും. ആ വൃക്ഷങ്ങളെ തളിരിട്ടു തഴച്ചുവളരും; പൂവ്വുചൂടി പരിമളം പരത്തും. അതു കണ്ടു നമുക്കു സന്തോഷിക്കാം. അങ്ങയെ അനുഗമിച്ചുകൊണ്ടു് ചെയ്യുന്ന കൃത്യം എനിക്കെത്ര ആനന്ദകരമാണു്.''

''ദേവീ ഓമന പരോപകാരത്തിന്റെ ദേവതയാണു്; പരസ്നേഹത്തിന്റെ തറവാടാണു്. ദേവിയുടെ സൽഗുണങ്ങളെ എ

ന്നെ ദാസനാക്കിത്തീർക്കുന്നു. രാജ്യനന്മയിൽ ഭേതിയുടെ നിർദ്ദേശങ്ങളും ഞാൻ അനുവർത്തിക്കാം.''

''അഴകേ! ഞാൻ പിന്തുടരാം. അവിടത്തെ തൃപ്പാദശുശ്രൂഷയാണല്ലോ എന്റെ ജീവിതവ്രതം. നമ്മുടെ മക്കളുടെ കണ്ണുനീർ തുടച്ചു് അവരുടെ കൃതജ്ഞതാനിർഭരമായ പുഞ്ചിരി കാണുന്നതിലാണു് എന്റെ ജീവിതാനന്ദം നിലകൊള്ളുന്നതു്.''

''പൊന്നോമനേ! നമ്മുടെ മാതൃകപൗരാവലിയിൽ സംസംസ്കാരത്തിന്റെ വെളിച്ചം പരത്തട്ടെ!''

''നമ്മുടെ പൗരമുഖ്യന്മാർ രാജ്യാഭിവൃദ്ധിക്കുള്ള തണൽമരങ്ങളായീ ഭവിക്കട്ടെ.''

''അതെ, ആ ഒപാൽത്തണലിൽ സാധുജനങ്ങളും ആശ്വാസം കണ്ടെത്തും. ദാരിദ്ര്യം അവിടെ ചൂട്ടപരത്തുകയില്ല. സമതയുടെ സമൂഹഗാനം അവിടെ വിതുമ്പാനില്ലും. ആ സ്നേഹത്തിന്റെ ആരാമത്തിൽ സുഖത്തിന്റെ പൂക്കാലത്തെപ്പുകഴ്ത്തിക്കൊണ്ടു് സാഹോദര്യമാകുന്ന പൂങ്കുയിൽ ആനന്ദമധുമുണ്ടു നിത്യവാസം ചെയ്യും. കളകളായ ജാതിവ്യത്യാസങ്ങളും അവിടെ നാമ്പിടുകയില്ല; കുചേലകുബേരഭേദം നഴഞ്ഞുനടക്കുകയില്ല. ആ ആനന്ദസങ്കേതത്തിൽ, സജ്ജനങ്ങളുടെ വാദകോലാഹലങ്ങളും, ദാനശീലങ്ങളുടെ സ്തുതിഗീതങ്ങളും യുവതീയുവാക്കന്മാരുടെ പരിത്യാഗകൃത്യങ്ങളും കലകളുടെ കമനീയ രംഗങ്ങളും എങ്ങും എന്നും ജാഗരിതമായി നിരന്തനിന്ന നൃത്തമാടും.''

''ദൈവം അതിനനുഗ്രഹിക്കുമാറാകട്ടെ!''

തങ്കമേ! നമ്മുടെ ജീവിതം പ്രജകളിൽ ഓരോ വ്യക്തിയേയും ദൈവഭക്തിയുടെ പര്യായമായും ത്യാഗത്തിന്റെ മാർഗ്ഗദീപമായും സത്യത്തിന്റെ പ്രകാശമായും സാഹോദര്യത്തിന്റെ സാക്ഷാൽക്കാരമായും സൽഗുണങ്ങളുടെയും സഹനത്തിന്റെയും സങ്കേതസ്ഥാനമായും സ്നേഹത്തിന്റെ നിത്യമണിയറയായും മാറുവാൻ തക്കതായിപ്പരിണമിക്കട്ടെ!

''മഹതാ മനരോധതേനപുംസാം
വരുമേവർക്കുമയത്നമായദീഷും''

എന്നുള്ള മഹദ്വാക്യം അപ്പോഴും അർത്ഥവത്തായിത്തീരും.

പ്രിയേ? സുകൃതവാനായ ഒരു രാജാവിന്റെ മുമ്പിൽ സത്യവും നീതിയും കൈകോർത്തു വാഴും; പരോപകാരവും ത്യാഗകർമ്മങ്ങളും കാവൽനില്ക്കും; ജീവകാരുണ്യം വെളിച്ചം വീശും, വിവേകം കുഴൽ വിളിക്കും. ആ തിരുമുമ്പിൽ ജഡീയചിന്തകനും മുഖം കാണിക്കുവാൻ എത്തുകയില്ല. അവിടെ നിന്നാണു സംസ്കാരം കതിർ പൊഴിക്കുന്നതു്; ലോകോപകാരപ്രദങ്ങളാക്കിത്തീർക്കുവാനുള്ള കഴിവു വളർത്തുന്നു ഒരു ശ്രേഷ്ഠകലയാണു സംസ്കാരംകൊണ്ടു്, അറിയേണ്ടതിനെ അറിഞ്ഞ മനസ്സിന്റെ അഗാധതയിൽനിന്നും ഉയർന്നവരുന്ന വിജ്ഞാനപ്രകാശമാണു് മനുഷ്യരുടെ അന്തസൗന്ദര്യത്തിനു വില കല്പിക്കുന്നതു്. ആ പ്രകാശമാണു് അകക്കണ്ണു തുറപ്പിക്കുന്നതു്. അപ്പോഴാണു ജന്മത്തിന്റെ ഉദ്ദേശം മനുഷ്യൻ കാണുന്നതു്; ദൈവസാന്നിധ്യം ദർശിക്കുന്നതു്. ആ കവളിച്ചത്തിലാണു നന്മയുടെ കിരീടവും, നീതിയുടെചെങ്കോലും വിധിയാളനായെഴുന്നള്ളുന്ന ദൈവത്തിന്റെ തിരുസന്നിധിയിൽ കർത്തവ്യത്തിന്റെ കൈത്തിരിയർപ്പിക്കുവാൻ കഴിയുന്ന ഭൂത്യൻ, കൃത്യവിലോപംവരുത്തിയ രാജാവിനേക്കാളും ഭാഗ്യവാനെന്നും, നീതിമാനായ ജീവിച്ച ദരിദ്രൻ അധർമ്മിയായിരുന്ന ധനവാനേക്കാളും വലിയവനെന്നും ഉള്ള ബോധം അവനിൽ അങ്കുരിക്കുന്നതു്

''യഥാരാജാ, തഥാപ്രജാ:—''

ഓമനേ! പിതാവു നല്ലവനായിരുന്നാൽ മക്കളും ഗുണമുള്ളവരായിത്തീരും. ഒരു രാജാവു് എങ്ങനെയോ ആ ശരീരപ്പകർപ്പായിരിക്കും പ്രജകളും. ജനങ്ങളുടെ നന്മയും തിന്മയും രാജാവിനെ ആശ്രയിച്ചുനില്ക്കുന്നു. അതിനാൽ പ്രജാപാലകൻ എല്ലാ പ്രകാരത്തിലും നല്ലവനായിരിക്കണമെന്നു സിദ്ധിക്കുന്നു. ഏതു രാജ്യത്തു ശരിയായ ഭരണരീതി പുലരുന്നുവോ അവിടെ സ്വർഗ്ഗതുല്യമാണു്. എങ്ങും സുഖവും സമാധാനവും സംതൃപ്തിയും നിറകതിർ പൊഴിക്കും. സംസ്കാരസമ്പന്നമായ ഒരു നാടിന്റെ ലക്ഷണം അതാണു്. അത്തരം ഒരു നാടിനെയാണു് നാം പ്രതീക്ഷിക്കുന്നതു്,''

''നമ്മുടെ കുഞ്ഞുമകനുംകൂടവേണ്ടി—അല്ലേ?''

''അതെ; തങ്കം! പൊന്നോമനേ നല്ലതേ കാണൂ നല്ലതേ കേൾക്കാവൂ!''

''എന്റെ പൊന്നോമനേ മംഗളംനിറഞ്ഞ ആ മോഹനരാജ്യത്തിന്റെ റാണിയാകും; മുടിചൂടി രണം നടത്തും. നാഥാ! അക്കാര്യം ഓർക്കുമ്പോഴും ഞാൻ ആനന്ദപുളകം ചാർത്തുകയാണു്.''

ഓമനേ! ആ ശാന്തിയുടെ തറവാട്ടിൻ ഓമനമോനേ പൊന്നുതമ്പുരാട്ടിയായി ദീർഘകാലം വാഴുവാൻ നമുക്കു പ്രാർത്ഥിക്കാം. അതാ! പ്രകൃതിയുറങ്ങി. മന്ദമാരുതൻ വിശ്രമം തുടങ്ങി. നമുക്കും പോകാം. മഞ്ചത്തെയാശ്രയിച്ചു, നാളത്തെ യാത്രാപരിപാടിസംബന്ധിച്ചു ചിന്തിച്ചു കഴിഞ്ഞുകൂടാം.''

അനന്തരം മഹാരാജാവും പത്നിയും പള്ളിയറകളിലേയ്ക്കു തിരിച്ചു. അപ്പോഴും പള്ളിയണിയറക്കാർ പാടുന്നതു കേൾക്കായി:—

''പാതിരായിലിരുന്നകൊണ്ടൊരു
പാതിരാക്കിളി പാടുന്നു—
''എന്തുകൊണ്ടിന്നുറങ്ങിയില്ലെന്റെ
പൊന്തിരുമനിമാരിവർ,
നൊന്തുപോയ് ജനസങ്കടത്തിന്റെ
ചിന്തയാൽപ്പൂകരളുംകൊ''

മുഖക്കുരു

ഡോ. റ്റി. കെ. ജോസഫ്.

(ഹോമിയോപ്പതി)

യുവതിയുവാക്കളിൽ സാധാരണ കണ്ടുവരുന്നു. മുഖത്തു ചെറിയ കുരുക്കളും, വേദനയും ചിലപ്പോഴും നീരും ഉണ്ടാകുന്നു. നമ്മുടെ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണല്ലോ മുഖം. സന്തുഷ്ടനായവന്റെ മുഖം എപ്പോഴും പ്രസന്നമായിരിക്കും. പുഞ്ചിരിക്കുന്ന മുഖം എല്ലാവർക്കും ഇഷ്ടപ്പെടുന്നു. നിങ്ങൾ എപ്പോഴും പുഞ്ചിരിക്കുക; നിങ്ങൾക്കു് യാതൊന്നും നഷ്ടപ്പെടുവാൻപോകുന്നില്ല പിന്നയോ അനവധി സുഹൃത്തുക്കളെ നേടിയെടുക്കുകയും ആരോഗ്യം വർദ്ധിക്കുകയും ചെയ്യും.

മുഖം വികൃതമായവരുടെ പുഞ്ചിരി പലർക്കും ഇഷ്ടമല്ലാതെവന്നേക്കാം. അതിനാൽ മുഖക്കുരു മാറിയെടുക്കണം. മുഖക്കുരു മുഖംമുഴുവൻ വന്നു് കവിളിൽ ചെറിയ കുഴികളും കറുത്ത പാടുകളും സൃഷ്ടിക്കുന്നു. ഇതിനു് അനവധി കാരണങ്ങളുണ്ടു്. 20 വയസ്സിനു ശേഷവും 30 വയസ്സിനു താഴെയുമുള്ളവരെയാണു് മുഖക്കുരു വളരെയധികം പീഡിപ്പിക്കുന്നതു്. മുഖത്തുള്ള ചർമ്മത്തിന്റെയടിയിൽ അധികമായി കൊഴുപ്പുകൂടി വന്നു് മുറ്റുന്നതുമൂലമാണു് ഇതു് അധികമായി വരുന്നതു്. അവിവാഹിതരിൽ കൂടുതൽ കാണപ്പെടുന്നു. മധുരപദാർത്ഥങ്ങളും അണ്ടിവർഗ്ഗങ്ങളും മാംസവും മുഖക്കുരു ഉള്ളവർ ഉപേക്ഷിക്കണം. ധാരാളം വ്യായാമം ചെയ്യണം. ചൂടുവെള്ളത്തിൽ മുഖംകഴുകുന്നതു് നല്ലതാണു്. ഹോമിയോപ്പതി രീതിയിൽ ഉള്ളിൽ ഔഷധം സേവിച്ചാൽ മുഖക്കുരു മാറിപ്പോകുന്നതാണു്. കൂടാതെ ഹോമിയോപ്പതിയിൽ ഉള്ള പൈനാസ് ഓയിൻമെന്റ് മുഖത്തു് പുരട്ടുന്നതു് വളരെ നല്ലതാണു്.

മുഖക്കുരുവിനു് നല്ല ചുമപ്പും വേദനയും ഉണ്ടെങ്കിൽ ബെല്ലഡോണ 30 ഉപായോഗിക്കാം. ചെറുപ്പക്കാർക്കു് നിസാരതരം മുഖക്കുരുവിനു് കാർബോ വെജി: 30 (Carbo Veg 30) വളരെ പഴകിയ മുഖക്കുരുവിനു് വാളി ബ്രോമെറം 30 ഉപയോഗിക്കണം.

കൂടാതെ ലക്ഷണാനുസരണം പൽസാറില, സംഫർ ഇവയും കൊള്ളാം.

ഔഷധങ്ങൾ ദിവസം മൂന്നു നേരം വീതം തേച്ചാൽ മതിയാകും. 3 ഗ്ലാളികവീതം സേവിക്കാം. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കരുതു്.

വാക്സിനേഷൻ

(കുത്തിവയ്പു്)

മസൂരിയുടെ അണുക്കൾ പശുക്കളിൽപ്രവേശിപ്പിച്ചു് അതിന്റെ ദേഹത്തു പഴുക്കുമ്പോൾ അതിൽ നിന്നു് അണുക്കളെ എടുത്തു് സിറമാക്കി മനുഷ്യശരീരത്തിൽ കുത്തിവെച്ചാൽ മസൂരി വരുകയില്ല. അതു് ഇന്നു വ്യാപകമായ തോതിൽ കുത്തിവെയ്പു് നടത്തിക്കൊണ്ടിരിക്കുകയാണു്. ഗോവസൂരി പ്രയോഗംമൂലം ഇന്നു് പലർക്കും പല അസുഖങ്ങളും അനുഭവപ്പെടുന്നു. വാക്സിനേഷനുശേഷം ശക്തിയായ കുളിരും പനിയും മറ്റു് അസുഖങ്ങളുണ്ടായാൽ ആദ്യം അക്കോണയറ്റം 30 ഓരോ മണിക്കൂർ ഇടവിട്ടു് കൊടുക്കുക. വിയർത്താൽ പിന്നെ ഉപയോഗിക്കരുതു്. അച്ചുകുത്തിയ സ്ഥലത്തു് ചുമപ്പും നീരും തലവേദനയും പനിയും ഉള്ളപ്പോൾ ബല്ലഡോണ 30 ഉപയോഗിക്കാം. ശക്തിയായ നീരുള്ളപ്പോൾ എപ്പിസ് 30 കൊള്ളാം. പഴുത്തു് ചലംപൊകുമ്പോൾ മെർക്കു്നോം 30 ഉപയോഗിക്കാം. പഴുപ്പുകറഞ്ഞു് ചൊറിച്ചിൽ ആരംഭിക്കുമ്പോൾ സൽഫർ 30 നല്ലതാണു്.

വാക്സിനേഷന്റെ ദുഷ്യഫലങ്ങൾ ഇല്ലാതാക്കുവാൻ തുയാ 30 ആൻറി ടാർട്ട്, മെലാഡ്റിനം ഇവ കൊള്ളാം. അച്ചുകുത്തിയ സ്ഥലം ശക്തിയായി പഴുത്തുകഴിഞ്ഞു് ചലംഉള്ളപ്പോഴും വ്രണമാകുമ്പോഴും സിലിഷ്യ 200 ഒന്നോസ് കൊടുക്കുക. മെക്കു്സോം ഉപയോഗിക്കുമ്പോഴും സിലിഷ്യാ ഉപയോഗിക്കരുതു്. അവ വിരുദ്ധ ഔഷധമാണു്. വറിയോലിനം 200, വാക്സിനിയം 200 മെലാഡ്റിനം 200 ഇവയിലേതെങ്കിലും ഒന്നു് ഒരാഴ്ചയിൽ ഒരു ഡോസ്കഴിച്ചാൽ മതി മസൂരി വരുകയില്ല. വാക്സിനേഷൻ ചെയ്താലും ഒന്നും വരുകയില്ല. അച്ചുകുത്തിയാലും പഴുക്കുകയില്ല. വിശ്വാസയോഗ്യമായ സ്ഥലത്തുനിന്നും നല്ല കമ്പനിക്കാരുടെ മരുന്നു് ഉപയോഗിക്കണം.

ജലദോഷം

ജീവിതത്തിൽ ജലദോഷം ബാധിക്കാത്ത ആളുകൾ ഉണ്ടോയെന്നു് സംശയിക്കുന്നു. ഒരുതരം ചെറിയ അണുക്കളാണു് ഇതിനു കാരണം. ഇതു് ഒരു നാസാരോഗമാണു്. അതിനാൽ മൂക്കിനുള്ളിൽ ഇതിന്റെ അണുക്കൾ ധാരാളം ഉള്ളതിനാൽ മറ്റു പല രോഗാണുക്കളും മൂക്കിൽകൂടി ഉള്ളിൽ പ്രവേശിക്കുന്നു. മൂക്കിന്റെ പ്രതിരോധശക്തി കുറയുന്നു. ആദ്യം തൊണ്ട വേദനിക്കുന്നു. തലയ്ക്കു് ഒരു ഭാരം, മൂക്കിൽനിന്നും വെള്ളമൊലിക്കും ഇതുയും ആരംഭിക്കുന്നു. പല രോഗങ്ങളും ജലദോഷത്തോടുകൂടി ആരംഭിക്കുന്നു. ന്യുമോണിയ, ശ്വാസനാളരോഗം എന്നിവ ബാധിക്കുന്നതിനു് ഈ കാരണമായിത്തീർന്നേക്കാം; സൂക്ഷിച്ചില്ലെങ്കിൽ വളരെ അപകടമായിത്തീരും. ശിശുക്കൾക്കും ആരോഗ്യം കുറഞ്ഞവരെയും ഇതു് വളരെ പീഡിപ്പിക്കുന്നു. വ്യാപകമായ രീതിയിൽ ഇതു് പകരുന്നതിനാൽ ജലദോഷക്കാരുമായി അടുത്തുപെരുമാറാതെ സൂക്ഷിക്കുക. കാലാവസ്ഥയുടെ പെട്ടെന്നുള്ള മാറ്റത്തോടുകൂടി ജലദോഷം പിടികൂടുന്നു. ജലദോഷം വന്നാൽ വിശ്രമം എടുക്കുകയും അദ്ധ്വാനം ഒഴിവാക്കുകയും ചെയ്യണം. പ്രത്യേകിച്ചു് ശിശുക്കളെ സംബന്ധിച്ചു് ജലദോഷത്തിനു് ഉടനെ ചികിത്സിക്കേണ്ടതു് ആവശ്യമാണു്. ചുമച്ചുതുപ്പുന്നതിനും തുമ്മുന്നതിലും അണുക്കൾ നിറഞ്ഞിരിക്കും,

പ്രതിവിധികൾ

വിയർത്തിരിക്കുമ്പോൾ തണുത്തവെള്ളം കുടിക്കരുതു്. ജലദോഷം ബാധിച്ചവർ കിടക്കുന്ന സ്ഥലത്തു് കിടക്കാതെയിരിക്കുക. പാലും പഴച്ചാറുകളും കഴിക്കുക. പതിവായി ജലദോഷം വരുന്നവർ വിറ്റാമിൻ എ, ഡി എന്നിവ അടങ്ങിയിട്ടുള്ള ഭക്ഷണം കഴിക്കുക. സൂക്ഷിച്ചില്ലെങ്കിൽ വളരെ അപകടകാരിയാണു ജലദോഷം കുഞ്ഞുങ്ങൾക്കു ജലദോഷം. ബാധിച്ചാൽ അതിനെ കുളിപ്പിക്കാതിരിക്കണം. തണുപ്പടിക്കാതെ പാൽകൊണ്ടുള്ള ഉടുപ്പിടീക്കണം.

അക്കോണയിറ്റം 6 x ആദ്യത്തെ അവസ്ഥയിൽ തലഭാരം, നെഞ്ചിൽ വിമ്മിഷ്ടം. പുകച്ചിൽ, കുളിരു് ഇവ അനുഭവപ്പെടുമ്പോൾ 2 മണിക്കൂർ ഇടവിട്ടു് സേവിക്കുക. വിയർത്താൽ പിന്നെയതു് ഉപയോഗിക്കരുതു്.

അലിയംസെപ്പ 30. നിറമുള്ള വെള്ളം മൂക്കിൽനിന്നു് ധാരാളം ഒലിക്കുക, മുറിക്കുള്ളിൽ ഇരിക്കുന്നതു് അസുഖം.

പൽസാറില 30. മഞ്ഞ മൂക്കട്ടയുടെ അവസ്ഥയിൽ ഗന്ധം അറിയുവാൻ സാധിക്കാതെവരുക. ചുമയുള്ളപ്പോഴും. കൂടാതെ കാലിമൂർ, ഫെറംഫോസ്, ജൽസിമിയം, ആഴ്സെനിക്കം. ഇപ്പോക്കു് ഇവയ്ക്കു പുറമെ ശക്തിയായ മൂക്കടപ്പു് അനുഭവപ്പെടുക. കുഞ്ഞു മുലകുടിക്കാതെയിരിക്കുക, മലബന്ധം ഇവയ്ക്കു് നക്സ്വോമിക്ക 30. കൊള്ളാം.

ശിശുക്കൾക്കു് ഒരു ഗ്ലാളികവീതവും കുട്ടികൾക്കു് 3 ഗ്ലാളികയും പ്രായമായവർക്കു് 3 ഗ്ലാളികയും ഉപയോഗിക്കാം

ഭക്ഷണത്തിനു് ഒരു മണിക്കൂർ മുമ്പോ ഭക്ഷണശേഷം രണ്ടുമണിക്കൂർ കഴിഞ്ഞോ ഉപയോഗിക്കണം.

മദ്യം; കാപ്പി, ചായ, മസാലചേർത്ത ഭക്ഷണം, പുകയില, ബീഡി ഇവ ഉപയോഗിക്കരുതു്.

അസുഖങ്ങൾ വർദ്ധിച്ചിരിക്കുമ്പോൾ ഓരോ മണിക്കൂർ ഇടയിട്ടും രോഗലക്ഷണങ്ങൾക്കു് ആശ്വാസം കാണുമ്പോൾ ദിവസം മൂന്നുനേരവും ഔഷധം കഴിച്ചാൽ മതിയാകും.

ലജ്ജാകരമായ വിജ്ഞാനപ്രവർത്തനം.

(ജെ. പി.)

വിജ്ഞാനരംഗത്തു വിജയകരമായി പ്രവർത്തിച്ചുപോന്ന ഒരു പാരമ്പര്യവും തഴക്കവുമുണ്ട് ക്രൈസ്തവർക്ക്. ആദ്യനൂറ്റാണ്ടുകളിലെ സഭോപിതാക്കന്മാരുടെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും, മധ്യകാലയുഗങ്ങളിലെ കലാലയങ്ങളും ഗവേഷണങ്ങളും അധുനാതനഘട്ടങ്ങളിലെ സർവ്വംസ്പർശിയായ വിജ്ഞാനസപര്യകളും അതിനു സാക്ഷ്യം വഹിക്കുന്നു. കേരളത്തിൽ വന്ന പാശ്ചാത്യ മിഷനറിമാരും വിജ്ഞാനോപാസകരായിരുന്നു. വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും രചിച്ചു ഭാഷയെ പുഷ്ടമാക്കിയതു് അവരാണു്. ഗദ്യശൈലി നൂതനരീതിയിൽ അവതരിപ്പിച്ചതും ആ വിജ്ഞാനകുതുകികളാണു്. കേരളത്തിലെ മികച്ച കലാലയങ്ങൾക്കും അച്ചടിശാലകൾക്കും അടിസ്ഥാനമിട്ടതും മറന്നുകൂടാ. സമുദായപ്രശ്നങ്ങളും മിക്കതും രാജാക്കന്മാരെ ആശ്രയിച്ചിരുന്നതിനാൽ ആവക കാര്യങ്ങളെ നിരൂപിക്കാനും വിലയിരുത്താനും അനുവാദവും ആശീർവ്വാദവും ഉണ്ടായിരുന്നില്ല, തത്വചിന്തയിലും ചരിത്രത്തിലും ഗവേഷണം നടത്തി വിശ്വജ്ഞാനത്തേയും ചിന്താസരണികളേയും ധന്യമാക്കിയ അനേകം സന്ന്യാസപുംഗവരും ആധ്യത്മിക വിചക്ഷണരും നമുക്കുണ്ടായിട്ടുണ്ടു്.

പത്തൊമ്പതാം ശതകത്തിന്റെ മദ്ധ്യത്തോടുകൂടി ഈ വകകാര്യങ്ങളിൽ വലിയൊരു പരിവർത്തനം ദൃശ്യമായി. വ്യവസായവും ശാസ്ത്രവും വളരുകയും സാമുദായികവും സാംസ്കാരികവുമായ പ്രശ്നങ്ങളും തിളച്ചുപൊന്തുകയും ചെയ്തതോടെ വിജ്ഞാനമണ്ഡലത്തിൽ പൊട്ടിച്ചീറലുകളും കീറിപ്പൊളിക്കലുകളും മുണ്ടായി. അന്തർമുഖമായ ആശയങ്ങളും ആത്മഗതാനുകഥനത്തിന്റെ സൂഷ്മികളായും അശാസ്ത്രീയ ചിന്തയുടെ നീക്കിയിരുപ്പുകളായും വ്യാഖ്യാനിക്കപ്പെട്ട. പുരോഗമനചിന്തയുടെ പിൻ ബലത്താലും സ്വഭാവിരോധികളുടെ നിരന്തരശ്രമത്താലും വിജ്ഞാനരംഗം പള്ളിയിൽനിന്നും വൈദികരിൽ നിന്നും കൈവിട്ടുപോയി, സമുദായങ്ങളും പാർട്ടികളും, ദേശീയതയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളും അവിടെ പതാകപറപ്പിച്ചു. കത്തോലിക്കാസഭയാകട്ടെ, ഈ വക കാര്യങ്ങളിൽ വിമുഖതയും നിഷ്പക്ഷതയും പരിപാലിച്ചു. ലെയോ. പതിമൂന്നാമൻ പാപ്പയുടെ നിരന്തരാധ്വാനം അക്കാര്യത്തിൽ സർവ്വവ്യാപകമായ ഒരു വ്യതിയാനം വരുത്തിയെങ്കിലും പിന്നീടു് അതു ആറിപ്പോകയാണുണ്ടായതു്. ദൈവശാസ്ത്രപരവും തത്വചിന്താപരവുമായ രംഗങ്ങളിൽ ഇന്നും നമുക്കു എണ്ണപ്പെട്ട ചിന്തകരുണ്ടെന്നതു ശരിതന്നെ. പക്ഷേ, അവമാത്രമല്ലല്ലൊ ആധുനികലോകം വിലമതിക്കയും കൈകാര്യം ചെയ്കയും ചെയ്യുന്ന പ്രധാന വിഷയങ്ങളും. സാമ്പത്തികവും സാസ്കാരികവും സാമൂഹികവും ശാസ്ത്രീയവുമായ എത്രയോ പ്രശ്നങ്ങളാണു് ഇന്നത്തെ മനുഷ്യനെ ഒഴിച്ചുവെയ്ക്കാൻ പാടാർത്തതായിട്ടുള്ളതു്!

ഈ ദൈവശാസ്ത്രതത്വശാസ്ത്രാദികളും തന്നെയും കേരളീയർക്കു അജ്ഞാതമാണു്. രണ്ടുമൂന്നു നൂറ്റാണ്ടുകൾക്കുമുമ്പുവന്നമിഷനറിമാർ മലയാളം കഷ്ടിച്ചുപഠിച്ചു ചിലഗ്രന്ഥങ്ങളും രചിച്ചു. മതപ്രചരണാർത്ഥം അവ ഉപയോഗിച്ചു. അവയൊന്നും ലക്ഷണമൊത്ത ഗ്രന്ഥങ്ങളായിരുന്നില്ല. പിന്നീടു് വന്ന അകത്തോലിക്കമിഷനറിമാരാണെന്നു തോന്നുന്നു വിജ്ഞാനമണ്ഡലത്തിൽ കൂട്ടത്തൽ പ്രവർത്തിച്ചതു്. ഇന്നു മിഷനറിമാരുടെ സഹായമില്ല, ആക്കാലം പോയിമറഞ്ഞു. നമ്മുടെ നാട്ടിൽത്തന്നെ പഠിച്ചും ചിന്തിച്ചും എഴുതുന്ന നല്ല എഴുത്തുകാരും സാഹിത്യകാരന്മാരും ഉണ്ടു്. അവക്കിന്നു സംഘടനയുണ്ടു്, പ്രത്യേകസമുദായങ്ങളുണ്ടു്. സാമുദായികസാംസ്കാരികമണ്ഡലത്തിൽ ഇന്നു പാശ്ചാത്യമാതൃകയിലാണു ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും. അപ്പോഴും മതത്തിനും അന്തർമുഖാശയങ്ങൾക്കും പ്രസക്തിയും സ്ഥാനവും കുറയും. കമ്യൂണിസത്തിന്റെയും പുരോഗമനചിന്തയുടേയും തള്ളിക്കേറലും കൂടിയായപ്പോൾ ക്രൈസ്തവർ ഇന്നു പാശ്ചാത്യനാട്ടുകളിലും ഇവിടെയും നിഷ്ഠാസിതരാവുകയാണു്. ഈ നൂറ്റാണ്ടിൽത്തന്നെ വിജ്ഞാനമൂല്യമുള്ള ഗ്രന്ഥങ്ങൾ നമ്മുടേതായി ചൂണ്ടിക്കാണിക്കാമെന്നുള്ള. ചില ജീവചരിത്രങ്ങൾ തരക്കേടില്ല. പക്ഷേ, അവ ദേശാഭിമാനചരിത്രത്തിന്റെ വിവിധകാഴ്ചപ്പാടുകളുടെ പാശ്ചാത്തലത്തിൽനിന്നു നിഷ്പക്ഷമായി രുചിക്കപ്പെട്ടവയല്ല. ഈ തഞ്ചവും തക്കവും നോക്കിയാണു്, പാശ്ചാത്യചിന്തകരുടെ ചേരിപിടിച്ചു്, ഇംഗ്ലീഷുപഠിക്കാൻ ഭാഗ്യമുണ്ടായചിലകേരളീയർ എഴുതിത്തെളിഞ്ഞതു്. അവരുടെ മുഖ്യജോലി അതേവരെ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളേയും ചിന്തകളേയും നശിപ്പിക്കുകയായിരുന്നു.

അത്തരം എഴുത്തുകാരുടെ അശയങ്ങൾ അബദ്ധപൂർണ്ണമെന്നും വായിച്ചാൽ നരകത്തിൽ പതിക്കുമെന്നും പറയുന്നതിനപ്പുറം നാമൊരു നിലപാടു സ്വീകരിച്ചിട്ടില്ല. പലരും എതിർക്കുന്ന ആ അശ്ലീലതയല്ല ഇവിടെ വിഷയം. അക്കാര്യം തന്നെ എഴുതിത്തള്ളിയിട്ടുള്ളവരുടെ നിലവാരവും അന്തസ്സും ഇന്നാട്ടുകാർക്കു അറിയാം. സാഹിത്യമെന്നു കേൾക്കുമ്പോൾ ഉടനെ ഓർമ്മിക്കുന്നതു അശ്ലീലത പച്ചയായി ചിത്രീകരിച്ചു് കുടിച്ചും മദിച്ചും നടക്കുന്ന എഴുത്തുകാരെയാണു്. അവരും റൗഡികളും തമ്മിൽ സ്വഭാവത്തിൽ വലിയ അന്തരം കാണുകയില്ല, നമ്മുടെ ചില കവികളും ശാസ്ത്രീമാരും ചിലമനുഷ്യരുടെ ഉന്തിയുംപൊന്തിയും നില്ക്കുന്ന ഭാഗങ്ങളും വിവരിച്ചും വിശദമാക്കിയും കളഞ്ഞ ഒരു കാലമുണ്ടായിരുന്നു. അക്കാലം കഴിഞ്ഞു. ഇന്നു വിശ്വവ്യാപകവും സർവ്വം സ്പർശിയുമായ ചിന്തയുടെയും ചർച്ചയുടേയും കാലമാണു്. സാഹിത്യത്തിലും ചിന്തയിലും ഇന്നു നമുക്കു വിമോചനസമരങ്ങളും സത്യഗ്രഹങ്ങളും അത്യന്താപേക്ഷിതമായിത്തീർന്നിട്ടുണ്ടു്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ വിജ്ഞാനരംഗത്തു നമുക്കുള്ള പാപ്പരത്വം വ്യക്തമായിട്ടുണ്ടു്. മറ്റു സമുദായക്കാർ ചരിത്രപ്രസിദ്ധമായ സമരങ്ങളും അവകാശവാദങ്ങളും നയിച്ചിരുന്നപ്പോഴും, പത്രങ്ങൾ വടക്കുനിന്നും തെക്കുനിന്നും ഇറങ്ങിയപ്പോഴും ശക്തിയും ഉത്സാഹവുമില്ലാത്ത ചില്ലറ പ്രസിദ്ധീകരണങ്ങളുമായി കഴിയുകയായിരുന്നു നാം. അജ്ഞാനികളുടെ ഗ്രന്ഥങ്ങൾ വായിക്കരുതെന്നും സംസ്കൃതം പഠിക്കരുതെന്നുമുള്ള ഒരു ശാഠ്യം തന്നെ പലകാരണവന്മാർക്കും ഉണ്ടായിരുന്നു. തന്മൂലം വായിച്ചതും പഠിച്ചതും നേടിയതും ഇതരസമുദായക്കാരായി, അവർ പൊതുരംഗത്തും ഭരണരംഗത്തും മഹാരഥന്മാരായി. ക്രൈസ്തവരാകട്ടെ, കച്ചവടത്തിലും കൃഷിയിലും ബിസിനസ്സിലുമാണു കൂട്ടത്തൽ ശ്രദ്ധപതിച്ചതു്. ആസ്പത്രികളും അനാഥമന്ദിരങ്ങളും കലാലയങ്ങളും പണിതീർത്തു. തൊഴിലാളികളേയും സാഹിത്യകാരന്മാരേയും അപകടക്കാരെന്ന മട്ടിൽ കൈവിട്ടുകളഞ്ഞു. പണ്ടെത്തീർത്തകലാലയങ്ങളിൽ എന്തു പഠിപ്പിക്കണമെന്ന വിചാരം ആരെയും ശല്യപ്പെടുത്തിയില്ല.

നമ്മുടെ ആളുകൾ എന്തെങ്കിലും എഴുതിയെന്നിരിക്കട്ടെ, അതു മറ്റുള്ളവരുടെ സമക്ഷം അവജ്ഞാപൂർവ്വം വിഗണിക്കപ്പെടുന്നു. കലാപരമായ കഴിവു് അതിൽ കാണാത്തതാണു പ്രധാന കാരണം, സ്വതസിദ്ധമായ വാസനാവികസിപ്പിക്കാൻ പറ്റിയ അന്തരീക്ഷം ലഭിക്കയുമില്ല. തന്മൂലം വികസിപ്പിച്ചേ അടങ്ങൂ എന്നുള്ളവർ മതിൽചാടി സൗകര്യപൂർവ്വം വ്യാപരിക്കുന്നു. അതേവരെ പ്രോത്സാഹനത്തിന്റെ പേരിൽ ഒരു വിരൽപോലും അനക്കാത്തവർ താമസംവിനാ അവരെ പഴിക്കുകയും വിമർശിക്കുകയും ശപിക്കയും ചെയ്യു. ചികിത്സ'ന

ടത്തുകയും പെയ്യുന്നു. അങ്ങനെ എത്ര പേരാണു നമ്മുടെ സമുദായത്തിനു് നഷ്ടപ്പെട്ടിരിക്കുന്നതു്. എഴുത്തുന്നതിലും ചിന്തിക്കുന്നതിലും എളിമയും വിനയവും ദൈവസാന്നിദ്ധ്യസ്മരണയും അന്വേഷിച്ചാണു പലരുടേയും പുറപ്പാടു്. അവയൊന്നുമില്ലെങ്കിൽ അയാളും സമുദായദ്രോഹിയായി. താന്തോന്നിയായി. അഹങ്കാരിയായി. താപസക്കും നിർവീര്യക്കും മാത്രം ചേരാവുന്ന പദങ്ങളും വാചകങ്ങളും മാത്രമേ ഇക്കൂട്ടരുടെ കണ്ണിൽ ശുദ്ധ സാഹിത്യമാകുന്നുള്ളൂ.

ഇരുപതു നൂറ്റാണ്ടുകളുടെ വികാസക്ഷയങ്ങളുടെ സുദീർഘ ചരിത്രമുള്ള ഒരു സംഘടനയാണു ക്രൈസ്തവരുടേതു്. വിശ്വവ്യാപകമായ മിഷൻപ്രവർത്തനവും ആന്തരികവികാസപ്രവർത്തനങ്ങളുമടങ്ങുന്ന ആ ചരിത്രത്തെ മലയാളത്തിൽ കലാപരമായി അവതരിപ്പിക്കാൻ നാം ഇനിയും വളർന്നിട്ടില്ലേ? മാനവികളുടെ മട്ടിൽ അകവും തിരിച്ചു് അവയിൽ കുറെ സഭാവങ്ങളും കുത്തിനിറച്ചുവിടുന്നതല്ല ഇവിടെ പറയുന്ന ചരിത്രം. പരിണാമവികാസങ്ങളും കോത്തുകോർത്തങ്ങനെ ഇടവിടാതെ ഒന്നു മറ്റൊന്നിന്റെ കാരണമായും ഏറെക്കുറെ ജന്യജനകമായും നിർഗ്ഗമിക്കുന്ന മട്ടിലായിരിക്കണം ചരിത്രം. വിവിധ കാഴ്ചപ്പാടുകളിലൂടെ വിവിധ ദേശക്കാർ സദാ ചരിത്രത്തെ പ്രസ്ഥാനങ്ങളായും കാലഘട്ടങ്ങളായും വീക്ഷിക്കുമ്പോഴും പഴയ കാഴ്ചപ്പാടിലുള്ള ഒരു പഴഞ്ചൻ കൃതിയുമായി കഴിയുന്നതു വിജ്ഞാനനിലവാരത്തിന്റെ അധോഗതിയെ അല്ലേ വിളിച്ചറിയിക്കുന്നതു്. കേരള ക്രൈസ്തവരുടെ ചരിത്രം തന്നെ ഇന്നു് അവതാളത്തിലല്ലേ കിടക്കുന്നതു്. മെത്രാൻ വഴക്കുകളും രാജാക്കന്മാരുടെ പക്കൽ കൈമണിയടിക്കലും അധികാരവടംവലികളും ആഭിജാത്യപ്രകടനങ്ങളും വിവരിക്കുന്ന ചില ഭാഗിക വീക്ഷണങ്ങളേ ഇന്നു ലഭിച്ചിട്ടുള്ളൂ. സമഗ്രമായും വസ്തുനിഷ്ഠമായും ദേശചരിത്രത്തിലും ഇതര സമുദായചരിത്രത്തിലും സമുചിതമായി അധിഷ്ഠിതമായ ഒരു സമുദായചരിത്രഗ്രന്ഥം നമുക്കുണ്ടോ? ആ കാര്യത്തിലും ഭൂമിയിലുമല്ലാത്തമട്ടിൽ സഭാചരിത്രം എഴുതിയാൽ അതു വായിക്കാൻ ആളുകളെ കൂലി കൊടുത്തിറക്കണം.

ഓരോ വിഷയത്തെ സംബന്ധിച്ചും ഇതുതന്നെയാണു് പറയാനുള്ളതു്, പ്രാർത്ഥനാ പുസ്തകങ്ങളും ഭക്തികീർത്തനങ്ങളായ ചില ജീവചരിത്രങ്ങളും അച്ചടിച്ചുവിറ്റഴിക്കുന്നതിൽ ചിലർ മുന്നോട്ടുവരുന്നുണ്ടു്. ആ രീതിയിൽ വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു. ക്രൈസ്തവതത്ത്വശാസ്ത്രം തന്നെ എത്ര ഉൽപ്പരിവുകളുള്ള ഒരു വിജ്ഞാനശാഖയാണു്. അതു ഇന്നും ലത്തീൻ ഭാഷയുടെ പുതപ്പിട്ടു് എങ്ങോ കഴിയുന്നു. തത്ത്വശാസ്ത്രം, മനഃശാസ്ത്രം, വിജ്ഞാനശാസ്ത്രം, നമുക്കങ്ങനെ നഷ്ടപ്പെട്ടുന്ന, സഭോപിതാക്കന്മാർ, മതം, സഭ, മനുഷ്യവതാരം, മാതാവു് അനുഗ്രഹം, പാപം പുണ്യങ്ങൾ, ക്രൂശാരോഹണം, മരണാനന്തരജീവിതം, വിവിധമതതത്ത്വങ്ങൾ, കാനൻ നിയമങ്ങൾ തുടങ്ങി ദൈവശാസ്ത്രത്തിന്റെ അത്യന്തമഭാഗങ്ങളും എടുത്താൽപ്പൊങ്ങാത്ത ഗ്രന്ഥങ്ങളിൽ കുമിഞ്ഞു കിടക്കുകയാണു്. നമുക്കിനിയും അങ്ങോട്ടുള്ള പടി തുറന്നുലഭിച്ചിട്ടില്ല. ഈ വക വിഷയങ്ങൾ കഷ്ടിച്ചുപഠിച്ചു് തടിതപ്പേണ്ടിവരുന്നവർ അടുത്ത കാലത്തു ചില പുസ്തകങ്ങൾ പഠിച്ചുവിടുന്നുണ്ടു്. അവയ്ക്കു തന്നെ നല്ല രൂപമില്ലാത്ത വിഷയങ്ങളെ ഇങ്ങനെ തല്ലിച്ചതച്ചു മലയാളത്തിലാക്കി വിട്ടുകൊണ്ടെന്തുപ്രയോജനം? ദൈവശാസ്ത്രത്തിലെ ആധുനിക പ്രവണതകളും അതിൽ മുങ്ങിത്തപ്പിയാൽപ്പോലും ലഭിക്കയില്ല. വേദോപദേശഗ്രന്ഥങ്ങളുടെ രീതിയിൽതത്ത്വശാസ്ത്രവും ദൈവശാസ്ത്രവും എഴുതി, ആധുനികമെന്നുതോന്നാൻ ബിബ്ലിയോഗ്രഫിയും അടിക്കുറിപ്പുകളും ചായം തേച്ചുകവറും നൽകിപുറത്തിറക്കിയാൽ അതു ജനങ്ങളുടെ ഉപകാരത്തിനു പകരം ബുദ്ധിയുടെ ക്ഷയത്തിനും മതവിരോധത്തിനും മാത്രമേ ഇന്നു ഉപയോഗപ്പെടുകയുള്ളൂ, നമ്മുടെ തത്വങ്ങളും ചിന്താഗതികളും ചോദ്യം ചെയ്യുന്നവരെ നേരിടാൻ തക്ക കരുത്തുറ്റ മനസ്സും ദൃഢമായ ചിന്താശീലവും ഉള്ളവർ ഇന്നു കേരളത്തിൽ എത്രപേരുണ്ടു്? ഒരു പുസ്തകത്തെപ്പറ്റി വാദപ്രതിവാദമുണ്ടായാൽ ഒരോരുത്തരും 'മുടന്തൻകാലു'കൊണ്ടു തല്ലുകയായി. ആ ഗ്രന്ഥത്തിനു പേരും പെരുമയും നൽകി എന്നതുവിട്ടു ഒരു ഗുണവും അതുകൊണ്ടു കൈവരികയുമില്ല. വെല്ലുവിളികളും പോർവിളികളും നെടുങ്കൽ വാചകങ്ങളും 'ഞാൻ പറയുന്നു' എന്ന മട്ടിലുള്ള അവസാനമൊഴികളുമാണു പലരുമെടുത്തു പ്രയോഗിക്കുന്നതു്.

പണ്ഡിതനും ചിന്തകനും നിരീക്ഷകനും ധൈര്യവാനുമായ പത്രാധിപരില്ലെന്നതാണു നമ്മുടെ വലിയൊരു കുറവു്. വെട്ടിത്തുറന്നുപറയുന്നവരെ നിശ്ശൂരാക്കുന്ന തരത്തിലുള്ള പ്രവർത്തനവും കുറവല്ല. രൂപതാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലും നടത്തുന്ന പത്രമാസികകളും സംവിധാനത്തിലും ലേഖനസമ്പാദനത്തിലും താഴ്ന്ന നിലവാരമല്ലേ പുലർത്തുന്നതു്? കച്ചേരിക്കാര്യങ്ങൾക്കു ഒരു വക; ഭക്തികീർത്തനങ്ങൾക്കു മറെറാരുവക. സമുദായത്തിന്റെ സമഗ്രമായ പ്രശ്നങ്ങളും ഏക സ്വരത്തിൽ നിരത്തിക്കാട്ടുന്ന, പാഠശാലമുതൽ കാസർകോട്ടവരെയുള്ള നമ്മുടെ സമുദായത്തെ അറിയുമറിച്ച കാണാതെ, ഒന്നായിക്കാണാനുള്ള വിശാലമനോഭാവം ഇന്നും കുറവല്ലേ? കേരളക്രൈസ്തവരെന്നതിൽ ആ ''കേരളത്തെ'' പലരും വിസ്മരിച്ചാണു വീക്ഷിക്കുന്നതു്. ആകാശത്തിൽ വെടിവഴുന്നതുപോലെതന്നെ ലേഖനമെഴുത്തും. വിദേശിയപ്രസിദ്ധീകരണങ്ങളിൽ നിന്നുള്ള പകർപ്പും ധാരാളം. നമ്മുടെ സമുദായത്തിൽ തിളച്ചുമറിയുകയും പൊന്തിമുങ്ങുകയും ചെയ്യുന്ന കാര്യങ്ങളെ ഈ മണ്ണിന്റെ അടിസ്ഥാനത്തിൽ ചർച്ചചെയ്യുതീരുമാനത്തിലെത്തുന്ന രീതിയിൽ എഴുതാനും എഴുതിക്കാനും കഴിവുള്ളവർ എത്രയോ വിരളം. മറ്റുള്ളവരുടെ പ്രസിദ്ധീകരണങ്ങളെ വിലവക്കുകയും രഹസ്യമായും ചിലപ്പോൾ പരസ്യമായും അവ വായിച്ചാസ്വദിക്കുകയും ചെയ്യുന്ന ധാരാളം പരിശുദ്ധന്മാരുണ്ടു് നമ്മുടെ സമുദായത്തിൽ.

നമുക്കു ചില എഴുത്തുകാരുണ്ടു്, പത്രാധിപന്മാരുണ്ടു്. അവരും ലേഖനങ്ങളെഴുതും. ചിലരുടേതു് നന്നു്. അങ്ങനെയുള്ളവർ വളരെ ചുരുക്കം. മിക്കമാസികലേഖനങ്ങളും ഉണ്ടയില്ലാത്ത വെടികളാണു്. മാസത്തിലൊരു പ്രസിദ്ധീകരണം വേണമെന്നതുകവിഞ്ഞൊന്നും ചിന്തിക്കയില്ല. കോളേജുവേണം, മാസികവേണം. വെടിക്കെട്ടവേണം എന്നതുവിട്ടു അതിലെന്തു്, എങ്ങനെവേണമെന്ന പ്രശ്നം ഉദിക്കാറില്ല. സാധാരണക്കാരുടെ വായനാശീലം, വിശദമായ അവതരണം, പത്രഭാഷയുടെ പ്രത്യേകതകൾ എന്നിവയൊന്നും പരിഗണിക്കാതെ എഴുതുന്നവർ ധാരാളമുണ്ടു്. ചില പള്ളിപ്രസംഗങ്ങൾപോലെ ആവർത്തനങ്ങളും നിവ്വീര്യാശയങ്ങളുമായിരിക്കും അവരുടേതു്, ലേഖനസൗകുമാര്യംകൊണ്ടെന്നതിനെക്കാളും മറുചിലർ നിർബന്ധങ്ങളാണു ഇത്തരം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താൻ നട്ടെല്ലില്ലാത്ത പത്രാധിപരെ പ്രേരിപ്പിക്കുന്നതു്. പത്രാധിപരാണു വാസ്തവത്തിൽ നാടിന്റേയും സമുദായത്തിന്റേയും മനസ്സിനെ പ്രതിനിധാനം ചെയ്യുന്നതു്. ജനങ്ങൾക്കു എന്തെല്ലാം ഏതു തരത്തിൽ ഒരുക്കിക്കൊടുക്കണം എന്നു നിശ്ചയിക്കേണ്ടതും പത്രാധിപരാണു്, ഒരു വർഷത്തിൽ പ്രതിവാദിക്കുന്ന കാര്യങ്ങൾ ഏതാണ്ടതേ രീതിയിൽത്തന്നെ അടുത്തവർഷത്തിലും ആവർത്തിച്ചുകാണുന്നതു് നമ്മുടെ പത്രമാസികകൾക്കുള്ള വലിയൊരു സവിശേഷതയാണു്.

പരിചയവും വശവുമില്ലെങ്കിൽ പരിചയമുള്ളവർക്കും പരിചയപ്പെടാൻ സൗകര്യമുള്ളവർക്കും ഏല്പിച്ചുകൊടുക്കപതിവില്ല. പലരും അച്ചന്മാരുടെ പത്രമാസികളെന്നു പറഞ്ഞുപിന്മാറുന്നു. അച്ചനിരുത്തുന്ന ജോലിയിൽപ്പോലും ഇന്നു അൽമായക്കു ചാൻസ് കിട്ടാതെവന്നാൽ അൽമായർമുൻകൈ എടുനടത്തുത്തുന്നഎത്ര പ്രസിദ്ധീകരണങ്ങളും നമുക്കിന്നുണ്ടു്? സഭാകാര്യങ്ങളെ ആധികാരികമായി ചർച്ചചെയ്യുവാൻ സാധിക്കുന്നവർ എത്രപേരുണ്ടു്? പിന്നെഎങ്ങനെ സമുദായത്തിന്റെ സമഗ്രമായ പ്രശ്നങ്ങളും സമീപിച്ചെഴുതാൻ കഴിയും? പ്രദക്ഷിണം നടത്താനും അരങ്ങു കെട്ടാനും പല്ലുചെത്താനും കുടപിടിക്കാനും ചിരെ ഒഴിഞ്ഞിട്ടുന്നതിന്റെ ഫലം ഭാവിയിലെങ്കിലും അനുഭവപ്പെടാതിരിക്കുകയില്ല. അൽമായരുടേതായ സാമുദായിക പ്രശ്നങ്ങളും അവരുടേതായ വീക്ഷണത്തിൽ പ്രകടിപ്പിക്കാൻ, നിരീക്ഷിക്കാൻ, കുറ്റം പറയാതെ വിമർശിക്കാൻ സാധിക്കുന്ന എത്ര പത്രമാസികകളുണ്ടു്?

നമുക്കു ചുരുക്കം നല്ല എഴുത്തുകാരുണ്ടു്. എന്നാൽ, കേരളത്തിലെ പതിനേഴു രൂപതകളിലും അവരുടെ പ്രവർത്തനം വ്യാപിക്കുന്നുണ്ടോ? എഴുതുന്നതിലും പ്രവർത്തിക്കുന്നതിലും അ

സാമൂഹ്യനാടകം

വിഷുക്കണി

(ഡി. എം. കൊച്ചുചമ്പിൽ)

കഥാപാത്രങ്ങൾ:—

1) ബേബി— ഒരു തൊഴിലാളി. 28 വയസ്സ് പ്രായം. സ്വപ്രയത്നംകൊണ്ടു കുടുംബം പുലർത്തുന്ന ഒരു ചെറുപ്പക്കാരൻ. കുടുംബസംവിധാനം എന്ന വിഷംകുടിച്ചു നിരാശനായ ഒരു മനുഷ്യൻ.

2) മേരി— ബേബിയുടെ ഭാര്യ—ഉത്തമയായ ഒരു തരുണി. 25 വയസ്സ് പ്രായം വരും. ഭർത്താവിന്റെ കഴിവുകേടിൽ കുടുംബം പുലർത്താൻ യത്നിക്കുന്ന ഒരമ്മ.

3) കുഞ്ഞുമോൻ— ബേബിയുടെ മൂത്തമകൻ— 8 വയസ്സ്. പ്രായത്തിൽ കവിഞ്ഞ ബുദ്ധിയും സംസാരവും.

4) വറീതുചേട്ടൻ— ബേബിയുടെ അയൽക്കാരൻ. സരസനായ ഒരു കത്തോലിക്കൻ—വയസ്സ് 55 വരും.

5) നാരായണപിള്ള— ഒരു ഗാന്ധിഭക്തൻ— ബേബിയുടെ നിസ്സഹായതയിൽ വറീതുചേട്ടനോടൊപ്പം സഹതപിക്കുന്ന ഒരു മുപ്പത്തുകാരൻ.

6) പോത്തൻസാർ— കുടുംബസംവിധാന പ്രചാരകൻ—പ്രായം 35. വയസ്സ്.

രംഗം 1.

(ഫാക്ടറിതൊഴിലാളിയായ ബേബിയുടെ ഭവനം. ബേബിയുടെ ഭാര്യ (മേരി) മകന്റെ മുടിചീകി ഒരുക്കുന്നു. സ്കൂളിൽപിടിക്കുന്നതിനുള്ള ഒരുക്കമാണ്.)

കുഞ്ഞുമോൻ— കേട്ടോമ്മേ, ഞങ്ങടെ പുതിയ സാറിന്റെ പല്ലുമുഴുവൻ പൊങ്ങിയതാ.

മേരി— എന്നോ മോനേ, സാറന്മാരെ അങ്ങനെ കളിയാക്കരുത് കേട്ടോ. സാറിനെ മോൻ കളിയാക്കിയാൽ ഇനി മോനുവരുന്ന പല്ലുമുഴുവൻ പൊങ്ങിയിരിക്കും.

കുഞ്ഞു— അയ്യോ എന്നാ ഇനി ഞാൻ സാറിനെ കളിയാക്കിയേല. (അല്പം ആലോചിച്ചിട്ട്) കേട്ടോമ്മേ, ഞങ്ങടെ കോങ്കണ്ണുടീച്ചറിന്റെ പാട്ടുകേക്കണം മാക്രികരയുന്നതുപോലിരിക്കും.

മേരി— നിന്നോട് ഞാൻ പറഞ്ഞില്ലേ, സാറന്മാരെ കുറ്റംപറയരുതെന്ന്. ഇനി ഇങ്ങനെ വല്ലതും പറഞ്ഞാൽ നീ തല്ലുമേടിക്കും കേട്ടോ.

കുഞ്ഞു— (വിഷയംമാറ്റി) ഞാൻ എന്നതൊട്ടു പറയുന്നതാ ഒരു പുതിയ സ്ലേറ്റുവാങ്ങിത്തരാൻ. ഈ മൂലപൊട്ടിയ സ്ലേറ്റുംകൊണ്ടെങ്ങനെയാ പള്ളിക്കൂടത്തിൽ പോകുന്നതു്. (സഞ്ചിയിൽനിന്നു പൊട്ടിയ സ്ലേറ്റെടുത്തുകാണിച്ചിട്ട്)

ഇന്നാള് ഈ സ്ലേറ്റുകണ്ടോണ്ട് ആ ഞൊണ്ടൻ സാറു ചോദിക്കുവാ ഇതെന്നാടാ പഴയ തിരുവിതാംകൂറിന്റെ രൂപമാണോന്നു്. പഴയ തിരുവിതാംകൂറ് ഇങ്ങനെ ആണോമ്മേ?

മേരി— ആ സാറു ചുമ്മാ പറഞ്ഞതാ. അടുത്ത ആഴ്ചനിനക്കൊരു സ്ലേറ്റുവാങ്ങിച്ചുതരാം.

കുഞ്ഞു— അമ്മ ചുമ്മാ നുണപറയാവാ. ഇപ്പം എത്രതോണ ഇങ്ങനെ പറഞ്ഞതാ.

മേരി— അപ്പച്ചനോടുപറഞ്ഞു തീർച്ചയായും അടുത്ത ആഴ്ച മേടിപ്പിച്ചുതരാം.

കുഞ്ഞു— കൂട്ടത്തിൽ ഒരു റബ്ബർപെൻസിലും. അതിട്ടേച്ചല മാത്തുണ്ണി ഇന്നാള് ഒരെണ്ണം കൊണ്ടുവന്നാരുന്നു. അതുപോലൊരെണ്ണം മേടിക്കേട്ടോമ്മേ,

മേരി— ഉം—നീ എന്നാ പ്രസംഗിച്ചോണ്ടു നില്ക്കുവാ പള്ളിക്കൂടത്തിൽ പോകാൻ നേരംപോയില്ലേ.

കുഞ്ഞു— ഒന്നാം മണിയടിച്ചിട്ട് ഇവിടുന്ന് ഓടിയാലും മതി. രണ്ടാം മണിക്കുമുമ്പ് അവിടെ ചെല്ലാം.

മേരി— മോൻ ഓടിയാൽ വല്ലടത്തും വീഴും, അതുകൊണ്ട് പതുക്കെ പോയാൽ മതി. (ബേബി പ്രവേശിക്കുന്നു—ചിന്താഭാരത്താൽ താണമുഖം)

ബേബി:— നീ ഇന്നു പള്ളിക്കൂടത്തിൽ പോകുന്നില്ലേടാ.

കുഞ്ഞു— ഞാൻ പോകാനിരുന്നിയതാ. ഈ അമ്മയൊ

വക്ക കാര്യമായ ഒരു പ്രതിഫലം ലഭിക്കുന്നുണ്ടെന്നുതോന്നുന്നില്ല. പലകാര്യങ്ങൾക്കും ഔദ്യോഗിക പ്രതിഫലമുള്ളവർ വിഷമിച്ചും ചിന്തിച്ചും സമയം ചെലവാക്കി എഴുതുന്നവക്ക പ്രതിഫലം നൽകാത്തതു് എന്താദർത്തിന്റെയും ജീവകാരുണ്യത്തിന്റെയും പേരിലാണു്?.

കോംഗാർ, ചാംസ് ജൂർണെ, ഹെൻറിലൂബക്ക്, കാംറാനർ, ജീൻഡാനിയേൽ തുടങ്ങിയവരുടെ അത്യൽകൃഷ്ട ചിന്ത നമുക്കു ബലം നൽകേണ്ടതാണു്. ജിൻസൺ മാരിറായിൻ ഡോജൻഗിറൗൺഎന്നിവരുടെപ്രവർത്തനംനമുക്കുവൈജ്ഞാനികമണ്ഡലത്തിൽ ആവേശംകോരിപ്പകരേണ്ടതാണു്. സയേടെ ആദർശങ്ങളിലും തത്വസംഹിതകളിലും അവൈദീകർക്കും പരിശീലനവും ഉപരിപഠനവും ഇന്നൊരു ആവശ്യമായിരിക്കുന്നു. ആധ്യാത്മികവിഷയങ്ങളും സംബന്ധിച്ചപോലും ഇന്നു ചില പ്രവണതകളുടെ പൊരിയും അറിയാനും അതുസഹായിക്കും.

അവൈദികർക്കു പഠിക്കാനും ചിന്തിച്ചെഴുതാനുമായി ലുവെയിൻ, വാങ്ങിംഗ്ടൺ എന്നീ സർവ്വകലാശാലകൾപോലെ ചെറിയതോതിൽ കേരളത്തിലും ഒന്നാരംഭിക്കാൻ തുനിഞ്ഞപ്പോഴും അനുവാദവും സൗകര്യവും ലഭിക്കാതെ പോയി. എന്നാൽ, ആ കുറവു് മാറ്റുതരത്തിൽ പരിഹരിക്കാനുള്ള കരുനീക്കങ്ങളും ഒന്നും എടുത്തുകാണാനില്ല. കേരളത്തിൽ നല്ലൊരു ഗ്രന്ഥശാല സ്ഥാപിക്കുകയും അവിടെ ആ ഗ്രന്ഥങ്ങൾക്കപുറമേ ഗവേഷണപ്രധാനങ്ങളായ ഇതരവസ്തുക്കളും ശേഖരിച്ചു പഠിക്കുന്നതും നന്നായിരിക്കും. ആരെയും പരിഹസിക്കാതെ അധിക്ഷേപിക്കാതെ, നല്ലൊരു പ്രസിദ്ധീകരണത്തിനു ആരംഭമിടുന്നതോ കത്തോലിക്കകോൺഗ്രസിന്റെ ബുള്ളറ്റിനെ നിലവാരമുയർത്തി ഒരു വാരികയാക്കി മാറ്റുന്നതോ ഉപകാരപ്രദമാണു്. വിമർശനത്തിനും സമീക്ഷണത്തിനും കൂട്ടരിൽ സ്ഥാനം അനുവദിക്കുകയും മുഖസ്തുതികളും അവസരസേവനങ്ങളും കറസ്പ്പുകയും ചെയ്തു് വിജ്ഞാനമണ്ഡലത്തിൽ കൂട്ടരിലായി അവൈദികരേയും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതു ഉപകാരപ്പെടുമെന്നു തോന്നുന്നു. അതോടൊപ്പം തന്നെ അൽമായരെ ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനു വിടുന്നതും നമ്മുടെ സമുദായ വീക്ഷണത്തിൽ ക്രൈസ്തവാന്തരീക്ഷം സംജാതമാക്കാൻ സഹായിക്കുന്നതാണു്. ഇന്നു കേരളത്തിലെ സ്ഥിതിപരിഗണിക്കുമ്പോഴും സന്യാസിനീസന്യാസികൾക്കാണെന്നു തോന്നുന്നു ഈ മണ്ഡലത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുക. എങ്ങനെയായാലും സഹകരിച്ചും ശ്രമിച്ചും നമ്മുടെ വിജ്ഞാനനിലവാരത്തെ അതിവേഗം ഉയർത്തിയില്ലെങ്കിൽ സമുദായ പുരോഗതിയെത്തന്നെ അത്ത ഭാവിയിൽ അതു സാരമായി അപകടത്തിലാക്കും.

ന്ന വിടണ്ടെ തലചീക്കുതന്നെ, തലചീക്കു്—എത്ര നേരായെന്നോ തുടങ്ങീട്ടു്.

മേരി— നീയല്ലേടാ കണ്ട സാറന്മാരുടെ കുറ്റം പറഞ്ഞു നിന്നതു്.

കുഞ്ഞു— (വിഷയം മാറ്റി) ഞാൻ പറഞ്ഞ കാര്യം അപ്പച്ചനോടു പറഞ്ഞു മേടിപ്പിക്കണം കേട്ടോമ്മേ.

ബേബി— എന്നതാടാ?

കുഞ്ഞു— ഒരു നല്ല സ്റ്റോറലെഴതാൻ എത്ര കൊതിയാ. ഒരു പൊട്ട സ്റ്റോറും കൊണ്ടു നടന്നു മടുത്തു.

ബേബി— അടുത്ത ആഴ്ചയാകട്ടെടാ, ഒരെണ്ണം മേടിച്ചു തരാം. നീ പള്ളിള്ളടത്തിൽ പൊക്കോ,

(കുഞ്ഞുമോൻ സഞ്ചിയും എടുത്തു പോകുന്നു)

മേരി— ഇന്നെന്നാ ജോലിയിലേ?

ബേബി— ഫാക്ടറിയിലേക്കുള്ള ഇലക്ട്രിക്കലൈൻ തകർന്നുകിടക്കുവാ. ഇനി നന്നായിവരണം.

മേരി— അതിനെത്ര ദിവസം എടുക്കും?

ബേബി— ഇന്നു തീരാനേയുള്ള. നാളെ ജോലികാണും.

മേരി— എന്നാൽ ഞാൻ അടുക്കളേലോട്ടു ചെല്ലട്ടെ.

ബേബി— നിൽക്കു്. ഒരു കാര്യം പറയാനുണ്ടു്.

മേരി— (അടുത്തുചെന്നു) എന്താ?

ബേബി— സംഗതി രഹസ്യമാ— ആരോടും പറയരുതു്.

മേരി— ഞാനാരോടും പറയാൻപോണില്ല.

ബേബി— എന്നാൽ പറയാം. നമ്മുടെ ആശുപത്രിയിൽ ഒരു പുതിയ ലേഡീഡോക്ടർ വന്നിട്ടുണ്ടു്. നീ ഒന്നു പോയി അവരെ കാണണം.

മേരി— എനിക്കു് അസുഖമൊന്നുമില്ലല്ലോ.

ബേബി— അസുഖമുണ്ടായിട്ടല്ല. ാവരെ ചില കാര്യങ്ങളുണ്ടു്. ഇപ്പോഴത്തെ സ്ത്രീകൾംജീവിക്കേണ്ടതു് എങ്ങനെയാണെന്നു് അവർ പറഞ്ഞുതരും,

മേരി— ഓ—ഇനി ഡോക്ടർ പറയുന്നതുപോലെ ജീവിക്കാഞ്ഞിട്ടാ—ഇത്രേംനാളത്തെ ജീവിതത്തിനു് എന്താരുന്നു കുഴപ്പം.

ബേബി— കുഴപ്പമൊന്നുമില്ല' പക്ഷേ....

മേരി— നിങ്ങളെന്താ ഇങ്ങനെ മറച്ചുവച്ചു സംസാരിക്കുന്നതു്? കാര്യം ഉള്ളതു തുറന്നുപറ.

ബേബി— ഇപ്പഴത്തെ നിരക്കിൽ ജനം പെരുകിയാൽ അടുത്ത ഭാവിയിൽ ഭൂമിയിൽ കാലുകുത്തിനില്ക്കാൻ സ്ഥലം കാണത്തില്ലെന്നു്.

മേരി— അതിനു ഞാനെന്തുവേണം. ജനം പെരുകിവരുന്നതിനു് നമുക്കെന്താ നഷ്ടം.

ബേബി— നീയിങ്ങനെ ബുദ്ധിശൂന്യമായി സംസാരിക്കാതെ. നമുക്കെന്താ നഷ്ടമെന്നു് നമുക്കും ഭാവിയിൽ വലിയ നഷ്ടങ്ങളുണ്ടു്.

മേരി— അന്നു വരുന്നതുപോലെ അനുഭവിക്കാം. അല്ലാതെന്താ.

ബേബി— നിനക്കതു പറഞ്ഞാൽ മതി. ജനപ്പെരുപ്പം മൂലം നാടു മുടിയുകയാണു്. നിനക്കറിയാമോ.

മേരി— എന്നാൽ ഉണ്ടായ കുട്ടികളെയെല്ലാം കൊന്നുകളയുവാൻ പറയുമോ.

ബേബി— ജനിച്ചവർ ജീവിക്കട്ടെ. ഇനി ജനനം ഉണ്ടാകാതെ സൂക്ഷിക്കണം,

മേരി— അതു നമ്മളംനിശ്ചയിക്കുന്ന കാര്യമാണോ, ദൈവം തിരുമനസ്സാകണ്ടെ.

ബേബി— പോടീ—ദൈവം! അതൊക്കെ പണ്ടായിരുന്നു; അന്നു ദൈവം നിശ്ചയിക്കുന്നതുപോലെയൊക്കെ നടന്നു. ഇന്നു നമ്മളം നിശ്ചയിക്കുന്നതുപോലെയാ സംഗതിയുടെ പോക്കു്.

മേരി— നിങ്ങളം ചുമ്മാ ദൈവദൂഷണം പറഞ്ഞു ദൈവശാപം തലയിൽ കെട്ടിവയ്ക്കരുതു്. ഞാൻ പറഞ്ഞേക്കാം.

ബേബി— ആ ശാപം ഞാനേറ്റോളാം പോരെ? നമുക്കിപ്പോൾ രണ്ടു കുട്ടികളുണ്ടു്. അതു മതി.

മേരി— ദൈവം തരുന്നിടത്തോളം എനിക്കുവേണം.

ബേബി— നിനക്കതു പറഞ്ഞാൽ മതി. ഞാൻ വേണം ഇതുങ്ങൾക്കെല്ലാം ചെലവിനുകൊടുക്കാൻ.

മേരി— വാ കീറിയ തമ്പുരാൻ ഇരയും തരും എന്നാ പഴമൊഴി.

ബേബി— നീ പഴമൊഴിയും കേട്ടോണ്ടിരുന്നാൽ വയറ്റിലോട്ടൊന്നും പോകത്തില്ല.

മേരി— അതിനു ഞാനെന്തുചെയ്യണമെന്നാ പറയുന്നതു്.

ബേബി— നീ ആശുപത്രിയിൽ പോയി ജനനനിയന്ത്രണത്തിനുള്ള ഓപ്പറേഷൻ കഴിക്കണം.

മേരി— ഞാനോ—അതീജന്മത്തിൽ പറ്റില്ല. എനിക്കു ദൈവശാപം തലയിൽ കെട്ടിവയ്ക്കാൻ ഒക്കത്തില്ല.

ബേബി— നിന്നെപ്പോലെ പലരും ഇങ്ങനെ ചെയ്തുകഴിഞ്ഞു. പിന്നെ നിനക്കെന്താ ഇത്ര പ്രയാസം.

മേരി— മറ്റുള്ളവർ ചെയ്യുന്നതെല്ലാം ഞാൻ ചെയ്യണമെന്നുണ്ടോ?

ബേബി— ചിലതെല്ലാം ചെയ്യേണ്ടിവരും. ഇതു നീ ചെയ്തേ പറ്റൂ. അതു നമ്മുടെ കുടുംബഭദ്രതയ്ക്കുവേണ്ടിയാണു്.

മേരി— ഇതു കുടുംബം നശിപ്പിക്കാനുള്ള പണിയാണു്.

ബേബി— അങ്ങനെയാണെങ്കിൽ കോടിക്കണക്കിനു ശുപാ ചിലവുചെയ്തു് കുടുംബസംവിധാനം നടപ്പിൽവരുത്തുന്ന ഗവണ്മെന്റു് വലിയ ചതിവാണല്ലോ ചെയ്യുന്നതു്,

മേരി— തീർച്ചയായും. ഇങ്ങനെ കുടുംബം സംഹരിക്കുന്നതിലും നല്ലതു് വെറുതെ വെടിവച്ചുകൊന്നേക്കുകയാണു്.

ബേബി— നീ വെറുതെ ദോഷത്വം പറയാതെ. നിന്നെക്കാം പഠിപ്പും ബുദ്ധിയുമുള്ളവരൊക്കെയാ ഇതു നടപ്പിൽവരുത്തിയിരിക്കുന്നതു്.

മേരി— അതിനു ഞാൻ എതിക്കുന്നില്ലല്ലോ. എന്നെ സംബന്ധിച്ചിടത്തോളം ഇതിനു പറ്റില്ലെന്നേ ഞാൻ പറയുന്നുള്ള.

ബേബി— അതു നീതന്നെ നിശ്ചയിച്ചാ പോരല്ലോ.

മേരി— ഇക്കാര്യം ഞാൻ തന്നെയാണു നിശ്ചയിക്കേണ്ടതു്.

ബേബി— മേരീ, നീയെന്താ ഇത്ര വിവേകശൂന്യമായി പറയുന്നതു്. നിനക്കും സാമാന്യവിദ്യാഭ്യസമൊക്കെയില്ലേ.

മേരി— ഞാനെന്താണു വിവേകശൂന്യമായി പറഞ്ഞതു്. ദൈവദത്തമായി എനിക്കു കിട്ടിയിരിക്കുന്ന മാതൃത്വം ഞാൻ നശിപ്പിക്കണമെന്നു പറഞ്ഞാൽ അതിൽ വിവേകക്കുറവൊന്നുമില്ല അല്ലേ?

ബേബി— അപ്പോഴും നീമാത്രം ഒരു ബുദ്ധിമതി. ബാക്കി ഇതിനു സമ്മതിച്ചവരെല്ലാം ദോഷികൾം അല്ലേ. കൊള്ളാംകൊള്ളാം എന്നാൽ നീയൊന്നു മനസ്സിലാക്കണം. നാടിന്റെ പുരോഗതിക്കുവേണ്ടി, ഭാവിയിൽ ജീവിതങ്ങൾം പട്ടിണിയിൽ കഴിഞ്ഞുകൂടാതിരിക്കാൻവേണ്ടിയാണു് ഇന്നീ പദ്ധതികൾം നടപ്പിലാക്കുന്നതു്. അപ്പോഴും മറ്റുള്ളവരോടൊപ്പം നാമും സഹകരിക്കണം. നീ വെറുതെ ദുർവാശി പിടിക്കരുതു്.

മേരി— ആരൊക്കെ എന്തൊക്കെ ചെയ്താലും ശരി, എനിക്കീ പണിയൊന്നും വേണ്ട. അതിന്റെ ആവശ്യം നമുക്കൊട്ടില്ലതാനും.

ബേബി— നീ ഏതായാലും ഡോക്ടറെ പോയി ഒന്നു കാണു്. കാര്യമെല്ലാം പിന്നീട് നിശ്ചയിക്കാം.

മേരി— എന്റെ കാര്യത്തിനു് ആരും നിശ്ചയിക്കാൻ പോരണ്ട. ഈ കാര്യം നീക്കി വേറെവല്ലതും പറയാനുണ്ടെങ്കിൽ പറ. എനിക്കു് അടുക്കളയിൽ ജോലികിടക്കുന്നു.

ബേബി— നീ ഒന്നുകൂടി ചിന്തിക്കു്. എന്നിട്ടു് തീരുമാനിച്ചാൽ മതി. പൊയ്ക്കോ. (മേരി അകത്തേക്കു പോകുന്നു. ബേബി വിദൂരതയിലേക്കു നോക്കി ചിന്താമഗ്നനായി നിൽക്കുന്നു.)

കർട്ടൻ.

o ——— o

ലോക ക്രൈസ്തവ വാർത്തകൾ

(തലയോലപ്പറമ്പ് സേവ്യർ)

നീതിക്കുവേണ്ടി ഒരാൾകൂടി രക്തസാക്ഷിയായി

നീതിക്കുവേണ്ടി ദാഹിക്കുകയും, മനുഷ്യമഹത്വം നിലനിർത്തുന്നതിനായി കഠിനമായി കലരാത്ത ഹൃദയത്തോടുകൂടി പ്രവർത്തിക്കുകയും ചെയ്ത ജോൺ കെന്നഡിയുടെ രക്തസാക്ഷിത്വത്തിനുകൂടി നാം ജീവിക്കുന്ന ഈ നൂറാണ്ട് സാക്ഷ്യംവഹിക്കേണ്ടിവന്നിരിക്കുന്നു. ലോകത്തെ ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്ത ആ ഭീകരദുരന്തസംഭവത്തിന്റെ ഹൃദയം തകർക്കുന്ന ഓർമ്മ ജനഹൃദയങ്ങളിൽനിന്നകന്നുപോയിട്ടില്ല. മനുഷ്യനെ സ്നേഹിക്കുകയും, മനുഷ്യർക്കുവേണ്ടി ജീവിക്കുകയും ചെയ്ത മനുഷ്യസ്നേഹികളെ ഇന്നും എന്നും നിർദ്ദയം കൊല്ലുന്ന പാരമ്പര്യമുള്ള ലോകത്തിന്റെ ക്രൂരവും പൈശാചികവുമായ ദുഷ്ടശക്തി, മഹാനായ അമേരിക്കൽപ്രസിഡണ്ട് ജോൺ കെന്നഡിയുടെ ശിരസ്സിനെ വെടിയുണ്ടകൊണ്ട് ശിഥിലമാക്കി വധിച്ച ഭയാനകമായ വേദനിപ്പിക്കുന്ന സംഭവംനിമിത്തം പൊട്ടിക്കരയുന്ന മനുഷ്യമനഃസാക്ഷിയോടുകൂടി നമുക്കും പങ്കുചേരാം.

മഹാനായ അബ്രഹാം ലിങ്കൺ ഏതാദർശത്തിനുവേണ്ടി സ്വന്തജീവൻ ബലികഴിച്ചുവോ, വർഗ്ഗസമത്വമെന്ന അതേ ആദർശത്തിന്റെ ബലിവേദിയിൽത്തന്നെയാണ് കെന്നഡിയുടെ രക്തവും ഒഴുകിയത്; അമേരിക്കയുടെ ചരിത്രത്തിൽമാത്രമല്ല, ലോകമനസ്സാക്ഷിയിൽത്തന്നെ കളങ്കംപരത്തുന്ന വർണ്ണവിവേചനം സ്വന്തം നാട്ടിൽനിന്നു പൂർണ്ണമായി തുടച്ചുനീക്കുവാൻ കെന്നഡി പൗരാവകാശബിൽ അമേരിക്കൻകോൺഗ്രസ്സിൽ അവതരിപ്പിച്ചു. ബില്ലിനെതിരായി സ്വന്തം പാർട്ടിയിൽപെട്ട ചിലർപോലും ദക്ഷിണസംസ്ഥാനങ്ങളിൽ രംഗത്തിറങ്ങി. ആ ഭിന്നത പറഞ്ഞൊതുക്കി മനുഷ്യാവകാശങ്ങളും പൂർണ്ണമായിത്തന്നെ നിലനിർത്തുവാനുള്ള അന്തരീക്ഷം സംജാതമാക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ടെക്സാസിൽ പര്യടനം നടത്തിയത്. അവിടെവച്ച് ലീഹാർവി ഓസ്വാൾഡ് എന്നൊരാൾ അദ്ദേഹത്തെ വെടിവെച്ചുകൊല്ലുകയുംചെയ്തു.

മനുഷ്യരെല്ലാം സമന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന നിത്യസത്യത്തെ അമേരിക്കൻ രാഷ്ട്രീയമണ്ഡലത്തിലെ ഒരു യാഥാർത്ഥ്യമാക്കിമാറ്റുവാനുള്ള ശ്രമത്തിനിടയിൽ കെന്നഡി സ്വന്തജീവൻപോലും ബലിയർപ്പിച്ചു. അതേ, അതുകൊണ്ടുതന്നെ അദ്ദേഹം മഹാനായ ഒരു മനുഷ്യസ്നേഹിയായി ഉയർന്നുകഴിഞ്ഞിരിക്കുന്നു. കെന്നഡി മഹാനായി ജീവിച്ചു; മരണത്തിലൂടെ കൂടുതൽ മഹത്വത്തിലേയ്ക്കുയരുകയുംചെയ്തു.

രണ്ടു വർഷവും പത്തു മാസവും മാത്രമേ കെന്നഡി പ്രസിഡണ്ടായി ഇരുന്നുള്ളൂ. അമേരിക്കയിലെ പ്രഥമ കത്തോലിക്കനായ പ്രസിഡണ്ടായിരുന്നു അദ്ദേഹം. പരിശുദ്ധ പിതാവ് പോൾ ആറാമൻ തിരുമേനിയെ പ്രസിഡണ്ട് കെന്നഡി സന്ദർശിച്ചു മടങ്ങിപ്പോയിട്ട് അധികകാലമായില്ല. എല്ലാവിധ വിഭാഗീയചിന്തകൾക്കും അതീതമായി മനുഷ്യനിലുള്ള മനുഷ്യത്വത്തെ ബഹുമാനിക്കുന്ന കത്തോലിക്കാവീക്ഷണവും യഥാർത്ഥ ക്രൈസ്തവാദർശവുമാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു ശക്തി നൽകിയിരുന്നത്.

ഭരണമേധാവികളുടെയിടയിൽ അദ്ദേഹം ഒരു യുവാവു മാത്രമായിരുന്നു. നാല്പത്തിയാറു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന കെന്നഡി, മനുഷ്യവർഗ്ഗത്തിനു പ്രത്യാശയും സമാധാനവും നൽകിക്കൊണ്ട് പെട്ടെന്നു ഉദിച്ചുയർന്നസ്തമിച്ച ഒരു വെള്ളിനക്ഷത്രമായിരുന്നു. ഉച്ചനീചത്വങ്ങളും കണക്കാക്കാതെ, വിഭാഗീയചിന്തകളും വകവയ്ക്കാതെ, മനുഷ്യനിലുള്ള യഥാർത്ഥ മനുഷ്യനെമാത്രം അദ്ദേഹം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അതിനുവേണ്ടി അദ്ദേഹം ജീവിച്ചു. അവസാനം സ്വന്തജീവൻവരെ മനുഷ്യവർഗ്ഗത്തിന്റെ നന്മക്കായി അദ്ദേഹം നൽകുകയും ചെയ്തു, അതോടെ മഹാനായ ജോൺ കെന്നഡി ശാശ്വതജീവിതത്തിനായി ജനിക്കുകയും ചെയ്തു. ഇനി മരണം ആ മനുഷ്യസ്നേഹിയെ പിടികൂടുകയില്ല. മനുഷ്യവർഗ്ഗമുള്ളിടത്തോളംകാലം മഹാനായ ജോൺ കെന്നഡി യുഗങ്ങളെ പിന്നിട്ടുകൊണ്ട് ജനഹൃദയങ്ങളിൽ ജീവിക്കും.

ത്രെന്തോസ് സൂനഹദോസിന്റെ നാനൂറാം വാർഷികം

കത്തോലിക്കാ തിരുസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സൂനഹദോസുകളിൽ അവിസ്മരണീയചരിത്രം കുറിച്ച സൂനഹദോസാണ് ത്രെന്തോസ് സൂനഹദോസ്. ഈ സൂനഹദോസ് നീണ്ട പതിനെട്ടു വർഷക്കാലം നീണ്ടുനിൽക്കുകയുണ്ടായി, മഹത്തായ ആ ചരിത്രസംഭവത്തിനുശേഷം നാനൂറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

കത്തോലിക്കാതിരുസഭയ്ക്കെതിരായി ഒരു കൊടുങ്കാറ്റുകണക്കെ ആഞ്ഞടിച്ച പ്രോട്ടസ്റ്റൻറുമതത്തിന്റെ വെല്ലുവിളികൾക്കുള്ള ശക്തമായ മറുപടികളായിരുന്നു ഈ സൂനഹദോസിന്റെ പ്രാധാന്യം. പ്രോട്ടസ്റ്റൻറു മതനവീകരണപ്രസ്ഥാനത്തെ സാധൂകരിച്ചുകൊണ്ടിരുന്ന വാദഗതികളുടെ അടിസ്ഥാനരാഹിത്യത്തെ ഈ സൂനഹദോസ് വ്യക്തമാക്കുകയും വൈദികജീവിതനവീകരണത്തിനായുള്ള ഒരു നിറഞ്ഞ പ്രത്യാശയ്ക്കു വഴിതെളിക്കുകയുംചെയ്തു. 1563-ൽ അവസാനിച്ച ഈ സൂനഹദോസിന്റെ ആരംഭം 1545ൽ ആണ്. കത്തോലിക്കാസഭയുടെ ഇരുപത്തിയൊന്നു സൂനഹദോസുകളിൽ ഏറ്റവും ദീർഘമായതാണ് ത്രെന്തോസ് സൂനഹദോസ്. ഈ സൂനഹദോസിന്റെ നാനൂറാം വാർഷികം റോമിലുള്ള സെൻറ് പീറ്റേഴ്സ് ബസിലിക്കിയിൽ സാഘോഷം കൊണ്ടാടപ്പെട്ടു.

സ്വന്തം സംസ്ക്കാരത്തിലെ നന്മകളെ നിലനിർത്തുവാൻ

''കത്തോലിക്കാതിരുസഭയിലെ ഓരോ വ്യക്തിയും, അവന്റെ ഹൈരാർക്കിയും, ആരാധനക്രമങ്ങളും, പരമ്പരാഗതമായ സ്വന്ത സാംസ്കാരികബന്ധങ്ങളും ഉപേക്ഷിച്ച്, മറ്റൊരു വിഭാഗത്തിന്റെ ചിന്താഗതികളും, പ്രവണതകളും, ചരിത്രപരമായ സാംസ്കാരികബന്ധങ്ങളുമായി ലയിച്ചുചേർന്നു മതിയാകുമെന്നു വന്നാൽ, അതു സഭ, ലോകത്തിനായുള്ള ഒരു ദാനമല്ല, ഒരു വിഭാഗത്തിനായുള്ളതാണെന്നു തെളിയിക്കുകയായിരിക്കും ചെയ്യുന്നത്. അത്തരമൊരു പരിതസ്ഥിതി സഭയെ അതിന്റെ ദൈവികമഹത്വത്തിൽ നിന്നു വിടുർത്തുകയും കേവലം ഒരു മനുഷ്യസ്ഥാപിതമായ സ്ഥാപനമാക്കി മാറ്റുകയുമായിരിക്കും ചെയ്യുക.'' അന്ത്യോഖ്യായിലെ മെൽക്കൈറ്റ് പാത്രിയർക്കീസ് മാക്സിമോസ് തിരുമേനിയുടെ അഭിപ്രായമാണിത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ മുഴങ്ങിക്കേട്ട ഈ ശബ്ദം ഒട്ടനേകം

അമ്മ പെങ്ങന്മാർ അറിഞ്ഞിരിക്കേണ്ടതും കാര്യങ്ങളും.

(കെ. ജെ. ജോർജ്ജ്, എം. എ., തുരുത്തി)

1917—ൽ പ. ക. മറിയം ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, പറയുകയുണ്ടായി: ''യുദ്ധങ്ങൾ പാപത്തിന്റെ ശിക്ഷയാണ്...നമ്മുടെ നാഥനെ വളരെ വ്രണപ്പെടുത്തുന്ന ചില ഫാഷനുകൾ ആവിഷ്കരിക്കപ്പെടും. മറ്റൊരു കാരണത്തേക്കാളുമുപരിയായി മാംസത്തിനെതിരായ പാപം മൂലം അനേകം ആത്മാക്കൾ നരകയാതന അനുഭവിക്കുന്നു.'' പാപത്തിന്റെ സന്തതിയാണ യുദ്ധമെങ്കിൽ, തീർച്ചയായും നമ്മുടെ വ്യക്തിപരമായ ജീവിതത്തിന് ഒരു ബന്ധമുണ്ട്. യുദ്ധവുമായി. അനഭിലഷണീയമായ വസ്ത്രധാരണത്തിലൂടെ സാന്മാർഗ്ഗികമൂല്യങ്ങളെ നശിപ്പിക്കുവാൻ ഒരു സംഘടിതപദ്ധതി ആസൂത്രണംചെയ്യപ്പെട്ടിട്ടില്ലേ, ഇക്കാലത്തു്? അശുദ്ധതയുടെ പാപങ്ങളും പരിഹാസാർഹമായ ഫാഷൻ ഭ്രമവും തമ്മിൽ അടുത്ത ബന്ധം നമുക്കു കാണുവാൻ കഴിയും. ആക്ഷേപാർഹമായ വസ്ത്രധാരണം വഴി ചെയ്തുകൂട്ടിയ തിന്മകളേയും, തന്മൂലം നിത്യശിക്ഷയ്ക്കിടയാക്കപ്പെടുന്ന ആത്മാക്കളേയും എണ്ണം മരണാനന്തരം കാണുമ്പോൾ നമ്മുടെ യുവതികളും ബാലികമാരും അത്ഭുതപരതന്ത്രരായേക്കാം.

ലോകപുരോഗതിക്കു് വിഘാതം വരുത്തുന്ന യുദ്ധങ്ങളുടെ കാരണം പാപമാകയാലും, ഇക്കാലത്തു് ചെയ്യുകൂടുന്ന പാപങ്ങളിൽ മുഖ്യമായ അശുദ്ധതയുടെ പാപങ്ങളും അവഹേളനാർഹമായ വസ്ത്രധാരണയുടെ വകയാകയാലും, സ്ത്രീകളുടെ വസ്ത്രധാരണമല്ലേ, ഒരു വിധത്തിൽ പറഞ്ഞാൽ, ലോകഭാവിയെ നിശ്ചയിക്കുന്നതു്? തങ്ങളുടെ അന്തസ്സിനെ താലോലിക്കുന്നതിനും, വിടന്മാരെ തൃപ്തിപ്പെടുത്തുന്നതിനുമായി, എപ്പോഴും ഒരു രാഷ്ട്രത്തിലെ സ്ത്രീകൾ സാന്മാർഗ്ഗികവേലിക്കെട്ടുകളെ പൊളിക്കുമോ, അപ്പോൾ മുതൽ അവിടത്തെ ജനത ഒന്നടങ്കം അസാന്മാർഗ്ഗികളായി മാറുന്നു. ആ രാഷ്ട്രം പാപപങ്കിലമാകയും, ദൈവനീതിക്കനുസൃതമായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ, സാന്മാർഗ്ഗികമായി ബലഹീനമായ ആ ദേശം ബാഹ്യവും അഭ്യന്തരവുമായ ആക്രമണങ്ങൾക്കു് അതിവേഗം ഇരയാകയും ചെയ്യുന്നു.

എന്നാൽ എപ്പോഴൊക്കെ ഒരു നാട്ടിലെ സ്ത്രീസമൂഹം, സാന്മാർഗ്ഗികമൂല്യങ്ങളെ മുറുകെപ്പിടിക്കുന്നുവോ, അപ്പോഴെല്ലാം തന്നെ, അവിടത്തെ പുരുഷവർഗ്ഗത്തിനു് ആ നടപടിയെ ബഹുമാനിക്കുവാനേ സാധിച്ചുള്ളൂ. അങ്ങനെ ആ ജനത സാന്മാർഗ്ഗികമായി ശക്തരും സ്വതന്ത്രരുമാകുന്നു.

ദൌർഭാഗ്യമെന്നുകൂടിക്കട്ടെ, ഓരോദിവസം കഴിയുന്തോറും, വസ്ത്രധാരണത്തിന്റെ കാര്യത്തിൽ സ്ത്രീകൾ സാന്മാർഗ്ഗികാതിർത്തികൾ അതിലംഘിക്കുകയാണു്. തങ്ങളുടെ ഊഷ്മളവികാരങ്ങളെ ഉണർത്തുവാൻതക്കവണ്ണം ആധുനിക ഫാഷൻ സമ്പ്രദായത്തിന്റെ ഡിസൈനുകൾ സൃഷ്ടിക്കുന്നതു് പുരുഷന്മാരാണെങ്കിലും സ്ത്രീകൾക്കു് അവയെ ഉപേക്ഷിക്കരുതോ? വാസ്തവത്തിൽ ഫാഷന്റെ പിറകെ പരക്കംപായുന്നവർ സമൂഹത്തെ വഴി തെറ്റിക്കുകയും, അതിന്റെ അന്ത്യത്തിന്റെ ആരംഭം കുറിക്കയുമല്ലേ ഇന്നു ചെയ്യുന്നതു്?

ദിവ്യനാഥനെ വേദനിപ്പിക്കുന്ന ചില ഫാഷനുകൾ ആവിഷ്കരിക്കപ്പെട്ടുമെന്നു് അമലാംബിക സൂചിപ്പിച്ചപ്പോൾ, അവരുടെ ദൂരന്തഫലങ്ങളെപ്പറ്റി അവിടന്നു് മുന്നറിയിപ്പു നൽകുകയായിരുന്നു. 1840—ൽ പോപ്പു് ഗ്രിഗറി 16—മന്റെ ഇറ്റലിയിലെ പൊന്തിഫിക്കൽ ഭരണകൂടം അന്നത്തെ ''പുരുഷന്മാരിൽ'' നിന്നും പിടിച്ചെടുത്ത ഒരു രഹസ്യരേഖയിൽ കാണുന്നുണ്ടു്. കത്തോലിക്കരെ നശിപ്പിക്കുന്നതിനുവേണ്ടി അവരുടെ തിന്മയുടെ തേർവാഴ്ചയിൽ കൊണ്ടുവരണമെന്നും, പഞ്ചേന്ദ്രിയങ്ങളായിരിക്കട്ടെ തിന്മയുടെ പ്രവേശനദ്വാരങ്ങളെന്നും. സാന്മാർഗ്ഗത്തെ നശിപ്പിക്കുന്ന കഴിവുറ്റ ഉപകരണമാണു്, സ്ത്രീശരീരത്തിലേയ്ക്കു് ശ്രദ്ധ കേന്ദ്രീകരിക്കത്തക്കവിധം അണിയുന്ന വസ്ത്രധാരണരീതി. ശൈശവം മുതല്ലേ ഫാഷനിൽ പൊതിഞ്ഞുനടന്നിട്ടുള്ളവർ, ഫാഷൻഭ്രമത്തിൽ യാതൊരു തെറ്റും കാണുന്നില്ല. അനാശ്ചാദനം ചെയ്യപ്പെട്ട സ്ത്രീശരീരത്തിന്റെ ആകർഷണീയത, ഒരുവനിൽ അനുരാഗാദിആഗ്രഹങ്ങളെ സൃഷ്ടിക്കുന്നതിന്റെ ഫലമായി ആത്മനിയന്ത്രണശേഷിയുടെ അഭാവംകൊണ്ടു്, ആഗ്രഹനിവൃത്തിക്കായി എന്തും കാട്ടിക്കൂട്ടുവാൻ

സുനഹദോസ് പിതാക്കന്മാരുടെ ഹൃദയങ്ങളെ വശീകരിക്കുകയുണ്ടായി. പൗരസ്ത്യാരീത്തുകാരായ കത്തോലിക്കരുടെ മുഴുവൻ ഹൃദയത്തുടിപ്പുകളാണു്— ആശയാഭിലാഷങ്ങളാണു്— മാക് സിമോസ് തിരുമേനിയുടെ ശബ്ദത്തിലൂടെ മുഴങ്ങിയതു്. ഭൂരിപക്ഷക്കാരായ ലത്തീൻറീത്തുകാർ പൗരസ്ത്യറീത്തുകാരെ ഒരുതരം അകന്ന സഹോദരന്മാരെപ്പോലെയാണു ഗണിക്കുന്നതെന്ന പരാതി നിലവിലുണ്ടു്. രണ്ടാം വത്തിക്കാൻസുനഹദോസു കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങളിലൊന്നു് പൗരസ്ത്യറീത്തുകാരുടെ ശബ്ദം അർഹിക്കുന്നവിധംതന്നെ ഒട്ടൊക്കെ വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതാണു്, എങ്കിലും ഇതിൽ പൂർണ്ണത അവകാശപ്പെടുവാൻ നിവൃത്തിയില്ല. പൗരസ്ത്യർ നൂറ്റാണ്ടുകളായി നിലനിന്നും പുരോഗമിച്ചും പോരുന്നു. ഇതു് റോമിന്റെ സഹായം കൂടാതെയാണെങ്കിലും റോമിനെതിരായിട്ടല്ല. ഭാവിയിലും ഇത്തരമൊരു നിലനിൽപ്പിനായി അവർ വാദിക്കുന്നു. സുനഹദോസിൽ പ്രകടമായിക്കാണുന്ന ഒരു നിലപാടാണിതു്.

രണ്ടാംസമ്മേനളം അവസാനിച്ചു

വത്തിക്കാൻ സുനഹദോസിന്റെ രണ്ടാംഘട്ടം പര്യവസാനിച്ചിരിക്കുന്നു. ഡിസംബർ നാലാംതീയതി സെൻറ് പീറ്റേഴ്സ് ബസിലിക്കായിൽ പോപ്പും ആറാമൻ മാർപ്പാപ്പാ സംബന്ധിച്ച ചടങ്ങുകളോടുകൂടിയായിരുന്നു സമാപനം. സുനഹദോസിന്റെ മൂന്നാംഘട്ടം അടുത്ത ശരത്കാലത്തു് ആരംഭിക്കും.

മിഷ്യൻരംഗം

കഴിഞ്ഞവർഷം ലോകമെങ്ങുമുള്ള മിഷ്യൻ പ്രവർത്തനരംഗങ്ങളിൽനിന്നും സാമ്പത്തികസഹായത്തിനായുള്ള 1396 അപേക്ഷകളാണു മിഷ്യൻ ഹെഡ്കാർട്ടേഴ്സിൽ കിട്ടിയതായി വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ എന്തെങ്കിലും ആശാവഹമായ മറുപടി കൊടുക്കുവാൻ കഴിഞ്ഞതു് 765 അപേക്ഷകൾക്കു മാത്രമാണു്. അതും ആവശ്യപ്പെട്ടിരുന്ന സഹായദ്രവ്യത്തിന്റെ ഏതാണ്ടു് 37 ശതമാനംമാത്രം. മിഷ്യൻരംഗത്തുള്ള ആവശ്യങ്ങൾ എത്ര വിപുലവും, എന്നാൽ നമ്മുടെ പരിമിതികൾ എത്ര ചുരുങ്ങിയതും ആണെന്നു് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണെന്നു് കേരളാഗവർണ്ണർ

'ക്രിസ്തുരാജൻ' മാസികയിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രം ചിത്രങ്ങൾസഹിതം ലളിതമായ ശൈലിയിൽ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷംപ്രകടിപ്പിച്ചുകൊണ്ടു് കേരളാഗവർണ്ണർ ശ്രീ വി. വി. ഗിരി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''ക്രിസ്തുവിന്റെ ജീവിതം അതിവിശിഷ്ടമായ സുകൃതങ്ങൾകൊണ്ടു് നിറഞ്ഞതായിരുന്നു. യേശുക്രിസ്തു പരിപ്പിച്ചിട്ടുള്ള മഹാസത്യങ്ങൾ എല്ലാവരും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതാണു്, സത്യസന്ധതയും സദ്ഭാവശുദ്ധിയും അഭ്യസിക്കുന്നതിനു വളരുന്ന തലമുറയെ ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങൾ വളരെയധികം സഹായിക്കുകതന്നെ ചെയ്യും,'' തിരുവല്ലായിൽനിന്നു് ഫാ. മാത്യു മൂഴിയിൽ എസ്. ജെ. യുടെ പത്രാധിപത്യത്തിലാണു് ക്രിസ്തുരാജൻ മാസിക ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നതു്.

മടിക്കാത്ത അവനെ അധമവികാരങ്ങൾക്കടിപെട്ട ഒരു മൃഗമായി നാം പുച്ഛിച്ചേക്കാമെങ്കിലും, ഇക്കാര്യത്തിൽ ആരാണ് കൂടുതൽ ഉത്തരവാദികൾ ദൈവസന്നിധിയിൽ?

സ്ത്രീശരീരത്തിന്റെ ദൈവദത്തമായ ആകർഷണീയത വൈവാഹികജീവിതത്തിൽ, നൈയാമികസരണിയിലൂടെ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ, ഈ ശാരീരിക സൗന്ദര്യം, പാപത്തിലേക്ക് പോകുവാൻ പോരുന്ന പൊതുപ്രദർശനത്തിനുള്ളതല്ല. സ്ത്രീകൾക്ക് പുരുഷശരീരത്തിനോടെന്നതിനേക്കാളേറെ, മറിച്ചാണെങ്കിൽ കൂടുതൽ ആകർഷണീയത എന്നതേ ഭിന്നഗ്രമതം. ഇതു വാസ്തവമല്ലായിരുന്നെങ്കിൽ, അർദ്ധനഗ്നകളായ സ്ത്രീകളുടെ ചിത്രങ്ങൾനിറഞ്ഞ കലണ്ടറുകളും, പരസ്യങ്ങളും മാസികകളും എത്രയോ കുറയുമായിരുന്നു എണ്ണത്തിൽ! ശ്രദ്ധതെറ്റിയ പാപങ്ങളുടെ വർദ്ധനവ്, സ്ത്രീശരീരത്തിന്റെ അഛാദനം ചെയ്യപ്പെടാത്ത ഭാഗങ്ങളുടെ ഭാരത്തിനനുസൃതമായിരിക്കുമെന്നു പറയാറുണ്ട്.

സ്ത്രീയുടെ വിലമതിയാത്ത, ചാരിത്ര്യം നിഷ്ഠകൂടാതെ എന്നിത്യാദി ഗുണങ്ങളുടെ ഭദ്രതാവശ്യമായ ഏറ്റവും വലിയ പ്രതിരോധം എളിമയും സംസ്കാരത്തിൽ സംവരണവുമാണ്. സാന്മാർഗ്ഗികാധപ്പതനത്തിനേതായ ഇക്കാലത്ത് സ്വശരീരത്തിലേക്ക് ഇതരരുടെ ശ്രദ്ധ തിരിത്തക്കവിധം ഫാഷൽമുറിയിൽ വസ്ത്രധാരണം ചെയ്ത സ്വന്തം പ്രതീരോധങ്ങളെ ബലഹീനമാക്കയോ, നശിപ്പിക്കുകയോ ചെയ്യുന്ന ഒരു സ്ത്രീ എമ്മാത്രം മായി ആയിരിക്കും? സ്റ്റൈലിനുവേണ്ടി അഹന്തയുടെ അനുചരരായി, അശ്രദ്ധതയുടെ അഭിഭാഷകരായി അനഭിലഷണീയമായ രീതിയിൽ വസ്ത്രം ധരിക്കുന്നതുമൂലം എത്രയോ യുവതികളാണ് അഭിമുഖീകരിക്കാനാവത്ത പ്രശ്നങ്ങളും സ്വയം വലിച്ചുവെയ്ക്കുന്നത്? എത്രയോ പേർ തങ്ങളുടെ സതീത്വം തന്മൂലം കളഞ്ഞുകുളിക്കുന്നു? വനിതാലോകത്തിനോടുള്ള ബഹുമാനത്തിനു് ഉടവുതട്ടുവാൻ ഇവർ വഴിതെളിക്കുന്നില്ലേ? ആത്മനാശംവരുത്തുന്ന വസ്ത്രധാരണംപഴി ഭവിക്കുന്ന വിനകളും എത്രയോ കുമാരിമാരെ, ആജീവനാന്തം ലജ്ജയിലും വേദനയിലും ആഴ്ത്തിയിട്ടില്ല!

ദൈവമാതാവു തന്നെ ഭൂമിയിൽവന്നു് ഫാഷൻഭ്രമത്തെ അപലപിച്ചുകഴിഞ്ഞു. വസ്ത്രധാരണത്തിൽ ലാളിത്യം പാലിക്കണമെന്ന മാതൃസന്ദേശം, നമ്മുടെ അമ്മപെങ്ങന്മാരിൽ എത്ര പേർ ചെവിക്കൊള്ളുന്നുണ്ടാവണം? ദിവ്യനാഥൻ ഉത്പ്പിനെതിരെ കഠിനമായ താക്കീതു് നൽകിയിട്ടുണ്ട്. സൂക്ഷ്മതയില്ലാത്ത വസ്ത്രധാരണം ഉത്പ്പിനു കാരണമല്ലേ? ഇന്നത്തെ പ്രവണതകാണുമ്പോൾ, ശരീരം മറയ്ക്കുവാനാണോ, അതോ പ്രദർശിപ്പിക്കുവാനാണോ, വസ്ത്രം ധരിക്കുന്നതെന്നു് ശങ്കിക്കേണ്ടതായി വരുന്നു. ഒരുവളുടെ വസ്ത്രധാരണത്തിലെ ക്രമക്കേടുമൂലം ഒരുവൻ പാപംചെയ്താൽ അവനോടൊപ്പം അവന്റെ പാപത്തിൽ പങ്കാളിയാകയും ദൈവസന്നിധിയിൽ അതിനു് കണക്കുകൊടുക്കുകയും വേണമെന്നുള്ളതു് അവിതർക്കിതമത്രേ.

ഫാത്തിമാനാഥ പറയുന്നു; ''യുദ്ധങ്ങളും, പാപത്തിനെതിരായുള്ള ദൈവശിക്ഷയാണത്രെ.'' ക്രമീകൃതമല്ലാത്ത വസ്ത്രധാരണമാണു് മുഖ്യപാപങ്ങൾക്കു കാരണവും. ആകയാൽ യുദ്ധമോ, സമാധാനമോ, എന്ന കാര്യം സ്ത്രീകളാണു് നിശ്ചയിക്കേണ്ടതു്. പരി. കന്യക പ്രത്യക്ഷപ്പെട്ട സി. ലൂസി പറയുന്നു: ''പരി: അമ്മ ആവശ്യപ്പെട്ടതിൽ മുഖ്യമായ ഒന്നു് വസ്ത്രധാരണത്തിലുള്ള ലാളിത്യമാണു്.'' അതുവഴി പാപങ്ങളുടെ ദൂരീകരണം നടക്കും. ലോകസമാധാനം അങ്ങനെ തിന്മയുടെ തിരോധാനത്തിലൂടെ ഉദയം കൊള്ളും. മരിയപുത്രികളെന്നു് ഉച്ചൈസ്വരം ഉത്ഘോഷിക്കുന്നതിൽ ഉദാസീനതയില്ലാത്തവർ കണ്ണാടികണ്ണക്കെയുള്ള വസ്ത്രധാരണത്തിൽ, മാതൃസന്നിധിയിൽ നിന്നു് സൊഡാലിറ്റിയുടെ ചെറിയ ഒപ്പീസ് പാടുന്ന കാഴ്ചയാണു് കൗതുകമുള്ളതു്. വേഷവിധാനത്തിലെങ്കിലും മരിയപുത്രികൾ മേരിമാതാവിനെ ഒന്നു് അനുകരിച്ചിരുന്നെങ്കിൽ! അവരവരുടെ തെറ്റുകുറ്റങ്ങൾക്കു് ഉത്തരവാദിത്വം അവരവർക്കു തന്നെയെങ്കിലും ''സ്ത്രീയുടെപിന്നാലെ രാഷ്ട്രവും'' എന്ന ചൊല്ലു് ഏവരും ഓർക്കേണ്ടതുണ്ട്.

കേരള കത്തോലിക്കർ

ഉണരണം—ശബ്ദമുയർത്തണം.

(കെ. സി. ജോസഫ് എം. എ. ബി. എൽ.)

കേരളത്തിലെ കത്തോലിക്കർ ഇന്നു ഒരു ദശാസന്ധിയിലാണു്. സമുദായത്തിന്റെ പൊതുസ്ഥിതിയിൽ ഇതര സമുദായക്കാർ അസൂയപ്പെടുമ്പോഴും, നാംകരുതുന്നതും നാമും ബലഹീനരാകുകയും നമ്മുടെ ആവശ്യങ്ങളും ചവുട്ടിമെതിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നുള്ള വസ്തുത നമ്മുടെ സമുദായങ്ങളിൽ ബഹുഭൂരിപക്ഷവും വിസ്മരിക്കുകയോ ഗൗനിക്കാതിരിക്കുകയോ ചെയ്യുവരികയാണു്. അടുത്തകാലത്തു് അധികം വാദകോലാഹലങ്ങൾക്കു വിഷയമായിത്തീർന്ന തൈക്കൽ സിമിത്തേരി പ്രശ്നവും, റവ. ഫാദർ ജോസഫ് വടക്കന്റെ പേരിൽ തൃശ്ശൂർ പോലീസ് ക്രിമിനൽ പടപടി നിയമം 107—ാം വകുപ്പനുസരിച്ചു് സ്വീകരിച്ചിരിക്കുന്ന നല്ലനടപ്പുസാമ്യ നടപടികളും, കേവലം ഒരു സമുദായവിഭാഗത്തിന്റെയോ വ്യക്തിയുടെയോ ആയ പ്രശ്നങ്ങളായി തള്ളിക്കളയാവുന്നതല്ല.

സാക്ഷരതയിലും, രാഷ്ട്രീയ വിജ്ഞാനത്തിലും, സംസ്കാരത്തിലുമെല്ലാം മുന്നണിയിലാണെന്നു കഴൽവിളിച്ചുറിയിക്കുന്നു കേരളത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തികൾവരെ നിർഭാഗ്യവശാൽ ഇത്തരം പ്രശ്നങ്ങളെ സങ്കുചിതമായ വീക്ഷണഗതിയോടെയാണ പലപ്പോഴും സമീപിക്കാറുള്ളതു്. കേരളത്തിലെ ആർ എസ് എസിന്റെ ഔദ്യോഗിക സ്ഥാനത്തുള്ള കോട്ടയത്തെ ഈ രാജ്യത്തെ ഉന്നതനായ ഒരു നായർ സമുദായനേതാവുകൂടി ഒപ്പുവച്ച അടുത്തകാലത്തു തൈക്കൽ പ്രശ്നംസംബന്ധമായി പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവന എത്രമാത്രം വിഷലിപ്തമായിരുന്നുവെന്ന അതിലെ ഏതാനും ഭാഗങ്ങളെങ്കിലും ദീപിക വായിച്ചിട്ടുള്ളവരെ വിശേഷാൽ മനസ്സിലാക്കിത്തരേണ്ടതില്ല. എന്നാൽ കേരളത്തിലെ കത്തോലിക്കനായ ആഭ്യന്തരമന്ത്രിയോ എം എൽ എ യോ സൗകര്യപ്രദമായി അത്തരം കാര്യങ്ങളെ കേവലം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി തടയുകയും തനി ദേശീയവേഷം അണിഞ്ഞു സമുദായത്തിന്റെ അംഗീകാരം വാങ്ങിക്കുകയുമാണു ചെയ്യുവരുന്നതു്.

ആദ്യം പറഞ്ഞ രണ്ടു കാര്യങ്ങളിലും അന്തർഭവിച്ചിരിക്കുന്ന സംഗതികളും വളരെ പ്രാധാന്യമർഹിക്കുന്നവയാണു്. ശവസംസ്കാരവും, ശവദാഹവുമെല്ലാം പൊതുജനാരോഗ്യത്തിനു ഹാനികരമാവാതെയും നിർവിഘ്നമായും നിരാക്ഷേപമായും നടത്തേണ്ടതു ഈ നാട്ടിലെ എന്നല്ല ലോകത്തെവിടെയുമുള്ള, ഒരിക്കൽ മരണമുണ്ടെന്നു വിശ്വസിക്കുന്നവരും സാമാന്യബുദ്ധിയുള്ളവരുമായ എല്ലാ മനുഷ്യരുടെയും പ്രശ്നമാണു്. ആവശ്യമില്ലാതെ സമുദായങ്ങൾ തമ്മിൽ കടിപിടികൂടിയിട്ടോ രക്തം പൊരിഞ്ഞിട്ടോ നേടേണ്ട ഒരു അവകാശവുമല്ല അതിനു പിമ്പിലുള്ളതു്. ഹെൽത്തു ഇൻസ്പെക്ടറെപ്പോലുള്ള ഒരു ചെറിയ ഉദ്യോഗസ്ഥന്റെ മനോധർമ്മമനുസരിച്ചു പബ്ലിക് ഹെൽത്തു് ആക്ടിലെ വ്യവസ്ഥകൾ വ്യാഖ്യാനിച്ചു അവിടവിടെ തലപൊക്കുന്ന അത്തരം പ്രശ്നങ്ങൾ തീർത്തുകൊള്ളാം എന്നകരുതി കണ്ണുമടച്ചു ചെവിയുംപൊത്തി കഴിയുക ഒരു മുഖ്യമന്ത്രിക്കും ഒരു ഗവണ്മെൻറിനും ഭൂഷണമല്ല. ജനങ്ങളുടെ പ്രശ്നങ്ങൾ, ജനാധിപത്യ ഭരണസമ്പ്രദായത്തിൽ, ഗവണ്മെൻറിന്റെകൂടി പ്രശ്നങ്ങളാണു്. അവ ഗവണ്മെൻറിന്റെ തല്പരാകക്ഷിയും, ഗവണ്മെൻറുംക്രമേണ ജനങ്ങളുടേതല്പരാകും. ബന്ധപ്പെട്ട കക്ഷികൾ നിയമകോടതികളിലൂടെ പരിഹാരം കണ്ടുകൊള്ളണമെന്നു് വഴക്കമില്ലാത്ത നിലപാടും തികച്ചും ശരിയായിട്ടുള്ളതല്ല. ആവശ്യമില്ലാത്ത പണച്ചിലവും സമയനഷ്ടവും കക്ഷികൾക്കുണ്ടാകുന്നതു പോകട്ടെ, ബഹു. കോടതിയെപ്പോലുള്ള ഉന്നത ന്യായാധിപ പീഠങ്ങൾക്കുണ്ടാകുന്ന നഷ്ടവും

ശേഷം 29—ാം പേജിൽ

അഖിലകേരള കത്തോലിക്ക കോൺഗ്രസ്

വരവിനങ്ങൾ	1962 ലെ യഥാർത്ഥ വരവ്		1963-ലെ എസ്റ്റി മേറ്റ്	31-10-63 വരെയുള്ള യഥാർത്ഥവരവ്	1964-ലെ എസ്റ്റി മേറ്റ്
ശാശ്വതമൂലധനഫണ്ട്					
ഉപകൃത്തുക്കളുടെയും ആയുഷ്ക്കാലസാമാജികരുടെയും ഫീസിന്റെ വിഹിതം	912	13	6800	595	5000
ആകെ	912	13	6800	595	5000
വിദ്യാഭ്യാസഫണ്ട്					
സംഭാവന	240		360		400
സ്ക്കോളർഷിപ്പ് തിരികെ			250	90	250
ആകെ	240		610	90	650
കേന്ദ്രസംഘടനാഫണ്ട്					
സാമാജികഫീസിന്റെ വിഹിതം	350	09	3000	261	2000
സംഘടനാപ്രവർത്തനത്തിനു് പ്രത്യേക സംഭാവന			6400	1280	900
ആകെ	350	09	9400	1541	2900
പ്രവർത്തനഫണ്ട്					
ഉപകൃത്തുക്കളുടെയും ആയുഷ്ക്കാലസാമാജികരുടെയും ഫീസിന്റെ വിഹിതം	211	31	1800	149	2000
സാധാരണ സാമാജികഫീസിന്റെ വിഹിതം	16	72	1000	1063	2000
രജിസ്ട്രേഷൻ ഫീസ്	13		200	93	500
സർട്ടിഫിക്കറ്റ് ഫീസ്	26		300	127	500
പ്രതിനിധി ഫീസ്	56		300	299	700
സംഭാവന (ക്രിസ്ത്യൻ മാര്യേജ് ബില്ലിനു് പ്രത്യേക സംഭാവന)	1210	50	2500	1158	2500
ക്രിസ്ത്യൻ മാര്യേജ്ബില്ലിനു് ബിഷപ്പ്സ് കോൺഫ്രൻസിൽ നിന്നും സംഭാവന കിട്ടുമെന്നുള്ള പ്രതീക്ഷയിൽ അഡ്വാൻസ്				1000	
പലിശ	610	15	1025	948	1500
വിറ്റുവരവ് (ഫോറങ്ങൾ etc)	28	74	100	40	100
ബുള്ളറ്റിൻ വരിസംഖ്യ	72		200	646	18000
ബുള്ളറ്റിൻ അഡ്വർടൈസ്മെൻറ്				884	2000
ബുള്ളറ്റിൻചെലവിലേക്ക് പ്രത്യേക സംഭാവന				1904	
ട്രസ്റ്റ്ഹോംവാടക	1300	02	1710	1394	1750
പത്രമാസികകൾ വിറ്റുവരവ്	54	04	50	11	100
വാർഷികസമ്മേളനപിരിവിൻവിഹിതം			200		200
പലവക			50	30	50
അധികച്ചെലവ്	2446	29		582	900
ആകെ	6044	77	9435	10328	32800

1964-ാമാണ്ടത്തെ നക്കൽ ബഡ്ജറ്റ്

ചെവലിനങ്ങൾ		1962-ലെ യഥാർത്ഥ ചെലവു്	1963-ലെ എസ്റ്റി മേറ്റു്	31-10-'63 വരെയുള്ളയഥാ ർത്ഥചെലവു്	1964-ലെ എസ്റ്റി മേറ്റു്
ശാശ്വതമൂലധനഫണ്ടു്					
സ്ഥിരനിക്ഷേപകണക്കിൽ ബാങ്കിലേക്കു്			6800	132	5000
	ആകെ		6800	132	5000
വിദ്യാഭ്യാസഫണ്ടു്					
സൗജന്യവേതനങ്ങൾക്കു്			610		500
	ആകെ		610		500
കേന്ദ്രസംഘടനാഫണ്ടു്					
സംഘാടകർക്കു ഹോണറേറിയം			4500	1016	4800
യാത്രച്ചെലവു്			3000	536	3000
തപാൽച്ചെലവു്			200		200
അച്ചടി, സ്റ്റേഷനറി, ടൈപ്പിംഗ്			200	155	400
ശാഖകൾക്കു ഗ്രാൻറു്			1500		1500
ചെലവുകഴിഞ്ഞു് അധികവരവു്					
	ആകെ		9400	1707	9900
പ്രവർത്തനഫണ്ടു്					
ശമ്പളവും ലീവു് അലവൻസും		2444	2172	1860	3250
അസി: സെക്രട്ടറി	100 × 12 = 1200				
ക്ലാർക്കു്	60 × 12 = 720				
റൈറ്റപ്പിസ്റ്റു്	50 × 12 = 600				
പ്യൂൺ	30 × 12 = 360				
യാത്രച്ചെലവു്		63 76	750	133	750
സ്റ്റേഷനറി, അച്ചടി, റൈറ്റപ്പിംഗ്		326 95	500	318	500
തപാൽ, കമ്പി, ടെലഫോൺ		175 32	300	230	400
ഫോൺ ഇൻസ്റ്റലേഷൻച്ചെലവു്			300		300
മീറ്റിംഗ്സ്		342 65	350	304	400
കോൺഫറൻസുകൾ			700		700
പ്രത്യേക കമ്മറ്റികൾ		177 04	600	76	600
ഓഡിറ്റു് ഫീസു്		50	50	50	50
ക്രിസ്മസ് പാരിതോഷികങ്ങൾ		30	35		75
ഡെപ്യൂട്ടേഷനും മെമ്മോറിയലും		119 77	300	2096	1000
ഓഫീസു് വട്ടച്ചെലവു്		54 36	75	32	75
തെരഞ്ഞെടുപ്പു മുതലകൾ		1 42	150		300
C: U. I. അഫിലിയേഷൻഫീസു്			150		150
പലവകച്ചെലവു്		22 50	75	11	75
ബുള്ളറ്റിൻ		495 99	750	3808	22000
ട്രേറിസ്റ്റ്ഹോം—വാടക, ശമ്പളം, ലൈറ്റിംഗ്		1582 82	1710	1302	1750
വായനശാല പത്രമാസികകൾക്കു വരിസംഖ്യ		90 38	75	21	75
അപ്രതീക്ഷിതച്ചെലവുകൾക്കു കരുതൽ			200	22	200
ഫർണീച്ചർ റിപ്പേഴ്സ്		67 81	150	8	150
അധിക വരവു്			43	57	
	ആകെ	6044 77	9435	10328	32800
മൂലധനച്ചെലവു്					
ഫർണിച്ചർ					
ആഫീസു് ഉപകരണങ്ങൾ			1050		1050
ലൈബ്രറി			25		50
	ആകെ		1075		1100

എം. സി. ചാക്കോ മാന്തുരുത്തിൽ,
ഖജാൻജി.

സംഘടനാക്കാര്യം

ഭരണഘടന 98-ാം വകുപ്പ് 3-ാം ഉപവകുപ്പ് അനുസരിച്ച് സി. ജെ. ഫ്രാൻസീസ് റിട്ടയർഡ് മജിസ്ട്രേട്ട് കോഴിക്കോട് തുടർച്ചയായി വക്കിംഗ് കമ്മറിയുടെ മൂന്നു യോഗങ്ങൾക്കു വരാതിരുന്ന കാരണത്താൽ വക്കിംഗ് കമ്മറി അംഗത്വം അദ്ദേഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ആജ്ഞാനുസരണം
അസി. സെക്രട്ടറി

അഖിലകേരള കത്തോലിക്കകോൺഗ്രസ് പ്രതിനിധിസഭാ ബഡ്ജറ്റ് സമ്മേളനം നോട്ടീസ്

എ. കെ. സി. സി. ഹെഡ്ഓഫീസ്
കോട്ടയം 7-12-1963

അഖിലകേരള കത്തോലിക്കകോൺഗ്രസ് പ്രതിനിധിസഭയുടെ ബഡ്ജറ്റ് സമ്മേളനം 1963 ഡിസംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഒന്നരമണിക്കു കോട്ടയം സെൻറ് ആൻസ് ഹൈസ്കൂൾ ഹാളിൽ താഴെക്കാണുന്ന പരിപാടിയനുസരിച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ തദവസരത്തിൽ പ്രതിനിധി സഭാംഗങ്ങൾ ഏവരുടേയും സാന്നിദ്ധ്യം സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു വിധേയൻ
ജനറൽ സെക്രട്ടറി
കെ. എം. ജോസഫ് ബി. എ. ബി. എൽ.

പരിപാടി

29-12-1963

10-30 A M വർക്കിംഗ് കമ്മറിയോഗം
12 A M വിഷയനിർണ്ണയക്കമ്മറിയോഗം
1-30 P M പ്രതിനിധി സഭാസമ്മേളനം

പ്രതിനിധി സഭാസമ്മേളനം അജൻറ

1 പ്രാർത്ഥന
2 അദ്ധ്യക്ഷപ്രസംഗം
3 മുൻയോഗത്തിൻെറ മിനിറ്റ്സ്
4 a) 1964-ലേക്കുള്ള ബഡ്ജറവതരണം
b) പൊതുവിമർശനം
c) ഖണ്ഡനോപക്ഷേപങ്ങൾ
d) ബഡ്ജറ്റ് അംഗീകരണം
5 1963-ലെ വരവുചെലവുകണക്കു് ഓഡിറ്റുചെയ്യാൻ ഓഡിറ്ററെ നിയമിക്കുക
6 1963-ലെ ബുള്ളറിൻ അധികച്ചെലവു് 374-ാം അംഗീകരിക്കുക
7 പ്രമേയങ്ങൾ
8 ഭാരവാഹികളുടെ തിരഞ്ഞെടുപ്പുകാര്യം
9 അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ
10 കൃതജ്ഞത
11 പ്രാർത്ഥന

N. B. സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടുന്നതിനുള്ള പ്രമേയങ്ങൾ 7 ദിവസം മുമ്പും ഖണ്ഡനോപക്ഷേപങ്ങൾ 5 ദിവസം മുമ്പും ഹെഡ്ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയയ്ക്കേണ്ടതാണ്. ഖണ്ഡനോപക്ഷേപങ്ങൾക്കു നോട്ടിസ് നൽകുന്നവർ ചർച്ച ചെയ്യേണ്ടതായ സംഗതിയും നിർദ്ദേശിക്കുന്ന തുകയും വ്യക്തമായി നൽകേണ്ടതാണ് അല്ലാത്തവ പര്യാലോചനയ്ക്കു വയ്ക്കപ്പെടുന്നതല്ല.

പോലീസുമന്ത്രിക്കു ഒരു തുറന്നകത്തു്.

(റവ. ഡോ. ജോർജ്ജു് പാലത്തുമ്പാട്ടു്)

ബഹുമാനപ്പെട്ട മന്ത്രീ,

താങ്കളുടെ തൃശ്ശൂർപോലീസു്, കത്തോലിക്കാസഭയുടെ പ്രഗത്ഭനും, ചങ്കുറപ്പുള്ള ഒരു സാമൂഹ്യപ്രവർത്തകനും, യുവപൈദികനുമായ ഫാ. വടക്കൻറമേൽ നല്ലനടപ്പിനു ജാമ്യംവാങ്ങാം നടപടി ആരംഭിച്ചിരിക്കുന്നതു് ഞെട്ടലോടും അടങ്ങാത്ത അമർഷത്തോടുംകൂടിയാണു് ഇന്നാട്ടിലെ അഭിമാനമുള്ള കത്തോലിക്കരും ജനലക്ഷങ്ങളും വീക്ഷിക്കുന്നതു് എന്നതിൽ താങ്കൾക്കു സംശയമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

"കപടഭക്തരായ പ്രിയരേ, നിയമജ്ഞരേ നിങ്ങൾക്കു് ഹാ! കഷ്ടം! നിങ്ങൾ വെള്ളയടിച്ച ശവക്കല്ലറകളെപ്പോലെയാണു്, . . ." അന്നത്തെ യഹൂദഭഷ്പ്രഭുക്കളുടെ കൊള്ളരുതായ്മകളുടേയും കാപട്യങ്ങളുടെയും നീണ്ട പട്ടിക നിരത്തിവച്ചു് അവരെ മനുഷ്യത്വത്തിലേയ്ക്കും ധാർമ്മികബോധത്തിലേക്കും ഉറക്കെ ആഹ്വാനംചെയ്ത, മുഖംനോക്കാത്ത ക്രിസ്തുവിനെതിരെ നല്ലനടത്തയ്ക്കു് ജാമ്യംവാങ്ങാൻ ശ്രമിച്ച കുടിലന്മാരായ യഹൂദമേധാവികളുടെ ഒരു യഥാർത്ഥചിത്രമാണു് താങ്കളുടെ പോലീസിന്റെ നടപടിയിൽ ഇന്നു കേരളം ദർശിക്കുന്നതു്. കള്ളന്മാരുടെമദ്ധ്യേ കുരിശിൽ തൂക്കിയാൽ ആ ലോകാരാധ്യനെ കള്ളനായി പരിഗണിച്ചുകൊള്ളും എന്ന വ്യാമോഹിച്ച നീചന്മാരായ ആ യഹൂദപ്രമാണികളാണു് ലോകദൃഷ്ടിയിൽ എന്നെന്നേയ്ക്കും അപഹാസ്യരായതെന്നും, ക്രിസ്തു അതുകൊണ്ടൊന്നും കള്ളനായില്ല എന്നും താങ്കൾക്കു് അറിയാമല്ലോ.

ഫാ. വടക്കനെ ഒരു നല്ലനടപ്പു ജാമ്യക്കേസിൽപെടുത്തിയാൽ അദ്ദേഹത്തെ ദുർന്നടപ്പുകാരനും കൊള്ളരുതാത്തവനുമായി മറ്റുള്ളവർ പരിഗണിച്ചുകൊള്ളുമെന്നു് വിചാരിക്കാനുള്ള ദോഷത്വം താങ്കൾക്കോ താങ്കളുടെ പോലീസിനോ ഉണ്ടെന്നു് ഉറക്കെ പ്രഖ്യാപിക്കുകയല്ലേ ഇതുമൂലം ചെയ്യുന്നതു്? പകയും വിദ്വേഷവും ഒരുവനെ എങ്ങനെ അന്ധനും വിഡ്ഢിയുമായി അധഃപതിപ്പിക്കുന്നു എന്നു് രണ്ടായിരം വർഷത്തെ ക്രിസ്തീയപാരമ്പര്യത്തിൽനിന്നു് അക്കൈസ്തവർപോലും പഠിച്ചിരിക്കുമ്പോഴാ താങ്കൾ ഈ അടവു വീണ്ടും പ്രയോഗിക്കാൻ തുനിയുകയാണെങ്കിൽ അതു ലജ്ജാവഹംതന്നെ. ഇതു ബാലിശമാംവിധം അധികാരം ദുർവ്വിനിയോഗം ചെയ്യുകയെന്നതുവെറും 'കാട്ടാംഗവ'സംസ്കാരത്തെപ്പോലും ലജ്ജിപ്പിക്കുന്നതും ധാർമ്മികബോധമില്ലാത്ത ഭീരുക്കൾക്കും വെറും ബസ്റ്റാൻഡ് റൗഡികൾക്കും മാത്രം ചേർന്നതുമായിരിക്കും. പരിവേക്ഷമതികളായിരിക്കേണ്ട ഭരണാധികാരികൾക്കും ജനനേതാക്കൾക്കും ഈദൃശ കുടിലബുദ്ധിയും സങ്കുചിതമനഃസ്ഥിതിയും ഒരിക്കലും ചേർന്നതല്ലെന്നു് വ്യക്തമാണല്ലൊ.

ആനപ്പുറത്തിരിക്കുന്നവനു് പട്ടിയെ പേടിക്കണ്ടെന്നായിരിക്കാം താങ്കളുടെ വിചാരം. പക്ഷേ ആനപ്പുറത്തുനിന്നും താമസിയാതെ ഇറങ്ങേണ്ടിവരുമെന്നും പിന്നീടു് അവിടേയ്ക്കു് കയറണമെങ്കിൽ ഫാ. വടക്കനെപ്പോലെയുള്ള 'ദുർന്നടപ്പു'കാരുടെ സഹായം ഒഴിച്ചുകൂടാത്തതാണെന്നും, വർഗ്ഗീയവിഷം വമിക്കുന്ന ഈ നാട്ടുകാരനായ അങ്ങേയ്ക്കു് നല്ലവണ്ണം അറിയാമല്ലൊ. തക്കസമയത്തു് ചില അരമനകളിലേക്കു് കാറോടിച്ചാൽ മതിയെന്ന വിചാരിക്കുന്ന രാഷ്ട്രീയമുതലെടുപ്പുകാരുടെ അടവിൽ വിശ്വസിക്കുന്ന ആളായിരിക്കാം താങ്കളും. പക്ഷേ സഭയേയും സഭാമക്കളേയും രാഷ്ട്രീയക്കാർക്കു് അടിയറവയ്ക്കുന്ന നിന്ദ്യമായ ദ്രോഹപ്രവൃത്തിക്കു് ഇനിയും അധികം അരമനവാതിലുകൾ തുറക്കപ്പെടുകയില്ലെന്നും തുറക്കപ്പെടരുതെന്നുമാണു് ഇന്നാട്ടിലെ പ്രബുദ്ധതയുള്ള സഭാമക്കൾ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നതു്.

കത്തോലിക്കനെറ വോട്ടും കോൺഗ്രസിന്റെ കാളയും—ഞാൻ കേരളത്തിലെ കോൺഗ്രസിനെയാണു് ഉദ്ദേശിക്കുന്നതു് നമ്മിലുള്ള ബന്ധം ക്രിസ്തീയ വിവാഹബന്ധത്തേക്കാൾ അഭേദ്യമായതാണെന്നുള്ള ധാരണയോടുകൂടി പ്രവർത്തിച്ചതിന്റെ തക്കഫലം ഇന്നു് കേരള രാഷ്ട്രീയരംഗത്തും സാമൂഹ്യ

(25–ാം പേജു് തുടർച്ച)

പോകട്ടെ, തൈക്കൽ പ്രശ്നത്തിനു സ്ഥായിയായ ഒരു പരിഹാരം കാണാൻ അതുകൊണ്ടു കഴിഞ്ഞില്ലെന്നതാണു മനുഷ്യസ്നേഹികളെയും രാജ്യസ്നേഹികളെയും ചിന്തിപ്പിക്കേണ്ടതു്. "വഞ്ചി വീണ്ടും തിരുനക്കരെത്തന്നെ" എന്നതുപോലെ പ്രശ്നം വീണ്ടും ഹെൽത്തു് ഇൻസ്പെക്ടരുടെ ഭേദഗതിചെയ്ത ഓർഡറിൽ കൊണ്ടുവരാനെ ഗവണ്മെൻറിന്റെ നിസ്സഹകരണ മനോഭാവം സഹായിച്ചിട്ടുള്ളൂ.

റവ. ഫാദർ വടക്കനെറ പേരിൽ പോലീസു് സ്വീകരിക്കുന്ന നടപടികൾക്കു മതിയായ ന്യായങ്ങളുണ്ടോ എന്നു ഈ രാജ്യത്തെ പൗരന്മാർക്കറിയേണ്ടതുണ്ടു്. കാരണം സ്വയം ഭരണം ലഭിക്കുന്നതിനുമുമ്പുണ്ടായിരുന്ന അവസ്ഥാവിശേഷമാണു "ഏകമോചനം" നേടിയതിനുശേഷവും ഈ രാജ്യത്തെ പൊതുപ്രവർത്തനരംഗത്തു പ്രവർത്തിക്കുന്നവർക്കു—അവർ നേതാക്കളാകട്ടെ സാധാരണ പ്രവർത്തകരാകട്ടെ—"വിമോചകരുടെ" നേതാവായിരുന്ന ഇന്നത്തെ നിയമമന്ത്രി പുനർനിർമ്മാണം ചെയ്യുന്നതെങ്കിൽ "ആ കളി തീക്കളി"യാണെന്നു അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പോലീസിനെയും ബോദ്ധ്യപ്പെടുത്തേണ്ട ചുമതല ഈ രാജ്യത്തെ പൗരാവകാശബോധമുള്ള പൗരജനങ്ങൾക്കുണ്ടു്. ഇവയൊന്നും ഒരു വ്യക്തിയുടെയോ ഒരു സമുദായത്തിന്റെയോ പ്രത്യേക പ്രശ്നങ്ങളല്ല: പ്രത്യുത എല്ലാ സമുദായങ്ങളിലുമുള്ള എല്ലാ മനുഷ്യരെയും പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങളാണു്. ക്രിമിനൽ നടപടി നിയമത്തിലെ 107–ാം വകുപ്പു പരീക്ഷണാർത്ഥം എടുത്ത പ്രയോഗിക്കാനാണു ഭാവമെങ്കിൽ നിയമമന്ത്രിയുടെ നിയമജ്ഞതയും അദ്ദേഹത്തിനും അദ്ദേഹമുൾപ്പെടുന്ന രാഷ്ട്രീയപാർട്ടിക്കും വലിയവിനാശവരുത്തിവയ്ക്കുമെന്ന അദ്ദേഹമെങ്കിലും മനസ്സിലാക്കാത്തതു, ഒരു തരണത്തിൽ ഈ രാജ്യത്തിന്റെ ഭാഗ്യദോഷംകൊണ്ടുകൂടിയായിരിക്കും.

ഇത്തരം കാര്യങ്ങളിൽ കത്തോലിക്കകോൺഗ്രസു് എന്തു ചെയ്യണം എന്ന ആ സംഘടനയെ ഉപദേശിക്കേണ്ട ആവശ്യം ഇന്നില്ല. ഏതായാലും കത്തോലിക്കരെയും അവരുടെ സംഘടനയേയും സംബന്ധിച്ചിടത്തോളം "നിരന്തരമായ ജാഗ്രതയ്ക്കു" ഇനി കൂടിയേ കഴിയൂ. നമ്മുടെ ന്യായമായ അവകാശങ്ങൾപോലും ഇന്നു സുരക്ഷിതങ്ങളല്ല. സംഘടനയും സമുദായാംഗങ്ങളും വേണ്ടത്ര ഗൗരവത്തോടുകൂടി നമ്മുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ ഏതായാലും അമാന്തിച്ചുകൂടാത്തതാണു്. ഉൽബുദ്ധമായ നമ്മുടെ സമുദായം; ധീരവും സമചിതവുമായ ഏതു തീരുമാനം സംഘടനയെടുത്താലും, അതിന്റെ പിന്നിലുണ്ടായിരിക്കുമെന്നും അതിനുവേണ്ടി ഏതു ത്യാഗങ്ങളും സഹിക്കുവാനും സന്നദ്ധമാണെന്നും നമ്മുടെ പിൽക്കാലചരിത്രം നമ്മെ അനുസ്മരിപ്പിക്കട്ടെ. മറ്റുള്ളവരുടെ അറ്റുള്ളവരുടെയോ ആയ യാതൊന്നും ഈ പ്രശ്നങ്ങളിൽ സംഘടനയ്ക്കു കൈകാര്യം ചെയ്യുവാനില്ല. നമ്മുടെ നിലപാടു് അന്യസമുദായങ്ങൾക്കു വ്യക്തമായും വിശ്വസനീയമായും ബോദ്ധ്യപ്പെടുത്തിക്കൊടുക്കത്തക്കവിധം ധീരമായ നടപടികളും കത്തോലിക്കകോൺഗ്രസു് നേതൃത്വം സ്വീകരിക്കുന്നു. അതു ശക്തമായി പ്രതിഫലിപ്പിക്കുവാൻ കോൺഗ്രസിന്റെ ഔദ്യോഗിക മുഖപത്രത്തിനും കഴിയണം. ഇവയിൽ അലംഭാവം പ്രദർശിപ്പിച്ചാൽ മേലിൽ നാം കൂടുതൽ ദുഃഖിക്കാനിടയാകുമെന്നതിൽ സമുദായാംഗങ്ങളിലാരും സംശയിക്കേണ്ടതില്ല.

ത്തിലും വേണ്ടവോളം അനുഭവപ്പെട്ടുണ്ട്. കേരള രാഷ്ട്രീയം ഇത്രമാത്രം ദുഷിച്ചു നാറുന്നതിനും കേരള കത്തോലിക്കാ സഭ ഇത്രമാത്രം ദുർബലപ്പെട്ടുന്നതിനുമുള്ള കാരണങ്ങളിൽ പ്രഥമമായതു് കത്തോലിക്കന്റെ വോട്ടും കോൺസു് കാളയും തമ്മിലുള്ള പിരിയാബന്ധമാണെന്നു് ആക്കാണു് അറിഞ്ഞുകൂടാത്തതു്? കത്തോലിക്കനോടു് എന്തു് അനീതി കാണിച്ചാലും അവന്റെ മൗലികാവകാശങ്ങളെ ധ്വംസിച്ചാലും, അവന്റെ വൈദികക്കെതിരെ പൂരപ്പാട്ടു പാടിയാലും, തെമ്മാടികളുടെ നേരെ പ്രയോഗിക്കുന്ന നല്ലനടപ്പു ജാമ്യക്കേസിൽപ്പെടുത്തി അവഹേളിച്ചാലും കമ്യൂണിസ്റ്റു് ഉമ്മാക്കിയെ ഉയർത്തിപ്പിടിച്ചുകൊണ്ടും വൈദികമേലധികാരികളെ സ്വാധീനിച്ചും കത്തോലിക്കന്റെ വോട്ടു തങ്ങൾക്കു തീറുവാങ്ങാമെന്നുള്ള ചങ്കൂറ്റു് ഒന്നു് മാത്രമാണു് ഇവിടുത്തെ രാഷ്ട്രീയക്കാരെ വെറും ഗുണ്ടാകളും ഉപജാപകരുമാക്കി അധപ്പതിപ്പിച്ചതെന്നുള്ളതു്. ജനസാമാന്യങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. പക്ഷേ അളമുട്ടുമ്പോൾ, ഒരുമ്മാക്കിയേയും പേടിക്കാതെ തിരിഞ്ഞുകടിക്കുമെന്നു് ഓർത്തിരിയ്ക്കുന്നതു് കൊള്ളാം. കത്തോലിക്കാസഭ ആരുടേയും ഔദാര്യത്തിൽ ജീവിക്കുന്നവളല്ല. സഭയിലെ വെറും മൂന്നാംകിടക്കാരാണു് കോൺഗ്രസിന്റെയോ മറ്റാരുടെയോ ഔദാര്യത്തിൽ സഭയെ വളർത്താനാഗ്രഹിക്കുന്നതു്. പ്രതാപവാന്മാരായ റോമൻ ചക്രവർത്തിമാരുടെപോലും ദാക്ഷിണ്യത്തിൽ വളരാമെന്നതന്നെ ശിശുപ്രായത്തിൽപ്പോലും വിചാരിച്ചവളല്ല കത്തോലിക്കാസഭ. അവൾ ഒരു രാഷ്ട്രീയക്കാരന്റെയും ചട്ടകമായിരുന്നിട്ടില്ല. ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമന്റെ ചാൻസ്ലർ ആയിരുന്ന കാർഡിനൽ വൂൾസിയെപ്പോലെ എപ്പോഴെങ്കിലും സഭയിലെ ഒരു വ്യക്തി ഏതെങ്കിലും രാഷ്ട്രീയക്കാരന്റെ ചട്ടകമായി അഭിനയിച്ചിട്ടുണ്ടെങ്കിൽ അയാൾ ലജ്ജിതനായിത്തീർന്നിട്ടുമുണ്ടു്. കാരണം സഭയുടെ ഉന്നതകൃഷ്ട ദൗത്യത്തേയും താല്പര്യങ്ങളേയും സ്വാർത്ഥപരമായ കൊച്ചുകൊച്ചു താല്പര്യങ്ങൾക്കുവേണ്ടി ഒറ്റിക്കൊടുക്കുന്നവരാണവർ. ഇന്നാട്ടിൽ നടന്ന മൃഗീയമായ കടിയിറക്ക പദ്ധതിയിലും സിമിത്തേരി പ്രശ്നത്തിലും സഭയുടെ ഗൗരവാവഹങ്ങളായ താല്പര്യങ്ങളാണു് ഉറക്കൊള്ളുന്നതു്. ഈ മൗലിക പ്രശ്നങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ 'ദുർന്നടപ്പു'കാരനായ ഫാ. വടക്കനും 'ഉറങ്ങിക്കിടക്കുന്ന' സിംഹമായ കത്തോലിക്ക കോൺഗ്രസും ആണു് രംഗത്തിറങ്ങിയതു് എന്നുള്ളതു് പ്രബുദ്ധരായ എല്ലാ കത്തോലിക്കർക്കും അറിവുള്ള സംഗതിയാണു്. ഇവരെ മിണ്ടാക്കാനും വരിഞ്ഞുകെട്ടാനും ശ്രമിക്കുന്നവരും അവരുടെ ചട്ടകങ്ങളും ആരൊക്കെയാണെന്നും ഇവിടുത്തെ കത്തോലിക്കർക്കറിയാം. ഇല്ലട്ടർ ഈ പ്രവർത്തി മഹത്തായ ഇൻഡ്യൻനാഷനൽ കോൺഗ്രസിനേറെയും സമാരാദ്ധ്യയായ കത്തോലിക്കാസഭയുടേയും നാമത്തിൽ ചെയ്യുന്നതു് തികച്ചും അപഹാസ്യമത്രെ.

ബ. പോലീസ്മന്ത്രീ, ഫാ. വടക്കന്റെ കുറ്റം എന്താണെന്നു് ശരിക്കു് അറിയാവുന്ന ജനലക്ഷങ്ങളും, ഒരു കത്തോലിക്കാവൈദികന്റെ വ്യക്തിപ്രഭാവത്തെ താറടിക്കാനുള്ള താങ്കളുടെ പോലീസിന്റെ ശ്രമത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നും അതിന്റെ ഭയങ്കര പ്രതികരണമെന്തായിരിക്കുമെന്നും ധൈര്യനിരാതനബുദ്ധി മാറിവിച്ചു് ഒന്നു ചിന്തിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കും. തികച്ചും അപഹാസ്യവും ദുരുപദിഷ്ടവുമായ ഈ നടപടിക്കു് അങ്ങയുടെ അനുഗ്രഹാശിസ്സുകളും ഇല്ലെന്നു പറഞ്ഞാൽ അതു വിശ്വസിക്കുന്നവർ ഇന്നാട്ടിൽ അധികമൊന്നും കാണുകയില്ല. സഭയേയും വൈദികത്വത്തേയും ഇത്തരത്തിൽ അപമാനിക്കുവാൻ മടിക്കാതിരുന്നവനെന്നു് ഇ

ഗദ്യകവിത

പരംപൊരുളേ! എഴുന്നെള്ളിയാലും!!

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി)

അന്ധകാരമേ, തമോവൃന്ദമേ, നിന്നെറതേർവാഴ്ച ഇതാ അവസാനിക്കുകയായി! ആദ്ധ്യാത്മികാന്ധകാരമേ ഓടിമറഞ്ഞുകൊള്ളുക! അതാനിത്യസൂര്യൻ ഉദയഗിരിയിലെത്തിക്കഴിഞ്ഞു!!

അതേ, സ്വർഗ്ഗീയ ദിവാകരൻ വല്ലശബളമായ മാനവലോകചക്രവാളത്തിൽ ഉദിച്ചുയരുന്നു! ലോകമിതാ സൂര്യകാന്തിപോലെ വിടർന്നു വികസിക്കുന്നു. നീണ്ട നൂറ്റാണ്ടുകളായി ലോകമാസകലം വ്യാപിച്ചിരുന്ന നിശയും നിശ്ശബ്ദതയും നിരാശയും നെടുവീർപ്പുമെല്ലാമിതാ തദ്വപരീത സ്ഥിതിക്കൈക്കൊണ്ടു!!

പരാപരന്റെ അവതാരമായി; രാപ്പാടിപ്പക്ഷികളുടെ കളകൂജനങ്ങളും നാഥന്റെ വരവിനു് അകമ്പടി സേവിച്ചു. ദൈവാലയമണിഗോപുരങ്ങളും മദ്ധ്യരാവിൽ മാനവ ലോകത്തെ വിളിച്ചുണർത്തി

സർവ്വലോകജേതാവു് സാകല്യശിശുവായി; ദൈവവചനംമാനവകുലത്തിലവതരിച്ചു: സർവ്വലോകസൃഷ്ടാവു് സാകല്യസൃഷ്ടിയായി; മാലാഖമാരുടെ ആരാധനാപാത്രം മനുഷ്യരുടെ അവഹേളനാവിഷയമായിത്തീർന്നു. അനവദ്യഹൃദ്യനേ മൃഗമദ്ധ്യസ്ഥിതനായി, സർവ്വലോകനിയന്താവു് നമ്മുജനദാസനായി; ജഗദ്ഗുരു പുൽക്കൂട്ടിൽ അവതരിക്കുകയായി.

പച്ചനീരാളത്തിന്മേൽ നക്ഷത്രരത്നങ്ങളം വാരിവിതറി ആകാശപന്തലിനെ അലങ്കരിച്ച സൗന്ദര്യധാമമേ, മഴവില്ലുമഞ്ഞൊട്ടത്ത മനോഹരമായ അങ്കോകരങ്ങളം ആകാശത്തിലേക്കുയർത്തപ്പെട്ടിരിക്കുന്നു, സർവ്വചരാചരങ്ങളേയും ഉറ്റുസൂക്ഷിക്കുന്ന അങ്കോ ദിവ്യചക്ഷുസ്സുകളം അദ്വനിമീലിതങ്ങളായിരിക്കുന്നു! സ്വർഗ്ഗീയസൗന്ദര്യം വെട്ടിത്തിളങ്ങുന്ന അങ്കോപദനാംബുജം സ്വർഗ്ഗീയശോഭയിൽ അവിരമം ആമഗ്നമായിത്തീരുന്നു! നന്മചെയ്യുകൊണ്ടു ചുറ്റിനടക്കുവാനുള്ള ആകാരചരണങ്ങളം ചലിക്കുമ്പോളം സ്വർഗ്ഗീയദൂതന്മാർ അവയ്ക്കു് പരിസേവനം ചെയ്യുന്നു!

മനുഷ്യഹൃദയങ്ങളിൽ അണയാതെ പാകിയിരിക്കുന്ന അത്തിരില്ലാത്ത ആദ്ധ്യാത്മികാനന്ദത്തിന്റെ ഉറവിടം ഇവിടെനിന്നു് നാനാദിക്കുകളിലേക്കു നിർല്ലോഭം പ്രവഹിക്കുന്നു

ബത്ലഹേമിലെ പുൽക്കൂടിനടുത്തുകൂടി കടന്നുപോകുന്ന കാറേറ, ആകാശവിതാനിപ്പിൽകൂടിതവരിതഗമനം, ചെയ്യുന്ന നിശാധീശാ, നിൽക്കു, ഇതാ സ്വർഗ്ഗയദിവാകരന്റെ അവതാരമായി അവിടത്തേക്കു നമോവാകം അർപ്പിക്കു.

ത്തലമുറയും വരാനിരിക്കുന്നതലമുറയും താങ്കളെമുദ്രയടിക്കാൻ ഇടയായാൽ അതിനുള്ള ഒത്തരവാദിത്വം താങ്കൾക്കുതന്നെയായിരിക്കും. ഒരു കത്തോലിക്കനെന്നു് അഭിമാനിക്കുന്ന താങ്കളുടെ കത്തോലിക്കത്വത്തിന്റെ നേരേ മായാത്ത ഒരു ചോദ്യഛിന്നമായും ഇതു് നിലകൊള്ളും.


എന്നു്

താങ്കളുടെ ഗുണകാംക്ഷി

ദിവ്യകാരുണ്യത്തിന്റെ അപ്പസ്തോലൻ.

(ജോൺ പെല്ലിശ്ശേരി)

ദിവ്യകാരുണ്യക്കേന്ദ്രൻ. വൈദികരുടെ ഗുരുശ്രേഷ്ഠൻ. ദൈവശാസ്ത്രത്തിൽ അഗാധപണ്ഡിതൻ ഗ്രന്ഥകാരൻ, പ്രൊഫസർ, സേവനതല്പരൻ ഒരു മഹായോഗിഎന്നീ നിലകളിൽ ഇന്ത്യയിലും കേരളത്തിൽ പ്രത്യേകിച്ചും കഴിഞ്ഞ അരശതാബ്ദക്കാലത്തു് ഒരു മാതൃകാമിഷനറിയായിവിളങ്ങിയിരുന്ന ദേഹമാണു് ഫാദർ ഔറേലിയൻ.



ആലുവായിൽനിന്നു തൃശ്ശൂക്കു പോകുന്ന നാഷനൽ ഹൈവേയുടെ പടിഞ്ഞാറുവശത്തുള്ള സെമിനാരിയിൽ അനേകവർഷങ്ങൾ സേവനമനുഷ്ഠിച്ച ഫാദർ ഔറേലിയൻ കേരളചരിത്രത്തിലും ഇന്ത്യാചരിത്രത്തിലും വ്യക്തിമുദ്രപതിച്ച ഒരു മഹായോഗിയാണു്. വെളുത്തുയരമുള്ള ശരീരം, ധവളവസ്ത്രമുള്ള നീണ്ടപരന്ന കിടക്കുന്ന താടിമീശ. നിലത്തുരസിപ്പോകുന്ന തവിട്ടുനിറത്തിലുള്ള ഉടുപ്പു്. മാറോടൊന്നിച്ചുജപമാലയേന്തിയ കൈകൾ, കുനിഞ്ഞ അല്പംതേങ്ങുന്നുണ്ടോയെന്നു തോന്നുമാറുള്ള വിനയസമന്വിതമായ നടപ്പു്. ആ മഹായോഗിയുടെപ്രത്യേക ലക്ഷണങ്ങളായിരുന്ന ഇവ. കഴിഞ്ഞ 16ാം—നു് വെളുപ്പിനു് അദ്ദേഹംകാലയവനികയുള്ളിൽമറഞ്ഞു.വിദേശത്തുനിന്നു പല മിഷനറിമാരും കേരളത്തിൽ വന്നിട്ടുണ്ടു്. സാഹിത്യചരിത്രത്തിലുംദേശചരിത്രത്തിലും വിദ്യാഭ്യാസമണ്ഡലത്തിലും വ്യക്തിത്വം പതിച്ച പലരുമുണ്ടു്. അക്കൂട്ടത്തിൽ അവരെ കേരളം ബഹുമാനിക്കുന്നു; എന്നാൽ, ഫാദർ ഔറേലിയനെപ്പോലെ ദൈവശാസ്ത്രപണ്ഡിതനായും. മഹായോഗിയായും ജീവിതം മുഴുവൻ അജ്ഞാതനായും ജീവിച്ച ഒരു മിഷനറിക്കു് അത്തരം ബഹുമാനവും, പ്രശസ്തിയും ലഭിച്ചെന്നു വരുകയില്ല. പക്ഷേ, ഏതു കാഴ്ചപ്പാടിലൂടെ നോക്കിയാലും കേളെത്തിൽ വന്നിട്ടുള്ള മിഷനറിമാരിൽ അത്യുന്നതസ്ഥാനത്തിനു് അദ്ദേഹം അർഹനാണു്.

സ്വദേശത്തു

ഫാദർ ഔറേലിയൻ 1887 ജൂലൈ 27ാം തീയതിയാണു ജനിച്ചതു്, സ്പെയിനിലെ സുപ്രസിദ്ധമായ സാൻമിഗ്വെൽ എൽ ഡെബസൗരി എന്ന സ്ഥലത്തുള്ള വിസ്ക്കായ ഗ്രാമമാണു് അദ്ദേഹത്തിന്റെ ജന്മനാടു്. സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞു 13ാമത്തെ വയസ്സിൽ ബാലൻ 1900, ഏപ്രിൽ 31—ാം തീയതി സുകൃതാഭ്യാസത്തിനും പ്രസിദ്ധമായ കർമ്മലീത്താക്കാരുടെ യോഗത്തിന്മന്ദിരത്തിൽ ചേർന്നു. 1902 സെപ്റ്റംബർ 4—ാംനു- അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിച്ചു, ഔറേലിയൻ എന്നാണു പുതുതായി സ്വീകരിച്ച പേരു്. നാലുകൊല്ലം പുണ്യപൂർണ്ണമായ ജീവിതം നയിച്ചു് 1906 ഓഗസ്റ്റു് 12—ാംനു- അദ്ദേഹം നിത്യവ്രതവാഗ്ദാനം ചെയ്തു. 1910 ഡിസംബർ 17—ാംനു- അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു.

കേരളത്തിൽ

വൈദികനായശേഷം അദ്ദേഹം ഉപരിപഠനാർത്ഥം റോമിൽ പോയി. ഇന്ത്യയിൽ പുതിയ മിഷൻ പ്രവർത്തനത്തിലേർപ്പെടണമെന്നതായിരുന്ന ഫാദർ ഔറേലിയന്റെ തീരുമാനം അതനുസരിച്ചു് 1912 സെപ്റ്റംബർ 16—ാംനു- അദ്ദേഹം മേലധികാരികളുടെ നിർദ്ദേശാനുസരണം ഇൻഡ്യയിലേയ്ക്കു കപ്പൽ കയറി. ദീർഘയാത്രയ്ക്കു ശേഷം ഒക്ടോബർ 9—ാംനു- അദ്ദേഹം എറണാകുളത്തു് എത്തിച്ചേർന്നു. നവംബർ 21—ാംനു- മുതൽ പുത്തൻപള്ളി സെമിനാരിയിലാണു് അദ്ദേഹം താമസിച്ചതു്. 1914 മുതൽ 1944 വരെ അദ്ദേഹം അവിടത്തെ ആദ്ധ്യാത്മിക പിതാവായി സേവനമനുഷ്ഠിച്ചു. 1934 മുതൽ 1945വരെ വൈസ്റെക്ടറും അദ്ദേഹമായിരുന്നു. ഭരണസമർത്ഥനും, പണ്ഡിതശ്രേഷ്ഠനുമായ അദ്ദേഹത്തെ തന്നെയാണു് 1945—ൽ റെക്ടറായി നിയമിച്ചതു്. ഈ അവസരത്തിൽ സുപ്രസിദ്ധമിഷനറിയും ഹിന്ദുമതപണ്ഡിതനുമായിരുന്ന ഫാദർ സഖറിയാസിന്റെ സഹായം ഫാദർ ഔറേലിയനുണ്ടായിരുന്നു. പുത്തൻ പള്ളിയിൽനിന്നു് ആലുവായിലുള്ള മംഗലപ്പുഴയിലേയ്ക്കു സെമിനാരി മാറ്റിസ്ഥാപിച്ചപ്പോഴും ഫാദർ ഔറേലിയൻ തന്നെയായിരുന്നു റെക്ടർ. 1957 വരെ അദ്ദേഹം ഉത്തരവാദപ്പെട്ട ആ ജോലി സ്തുത്യർഹമായി ചെയ്തുപോന്നു. 1957 മുതൽ അദ്ദേഹം തത്വശാസ്ത്രവിഭാഗമായ കർമ്മൽഗിരി സെമിനാരിയുടെ സുപ്പീരിയറായി ജോലിനോക്കിവരുമ്പോഴാണു വാർദ്ധക്യസഹജമായ അസുഖങ്ങൾ അദ്ദേഹത്തെ ബാധിക്കുവാൻ തുടങ്ങിയതു്. കരൾസംബന്ധമായും അദ്ദേഹത്തിനു അസ്വാസ്ഥ്യമുണ്ടായിരുന്നു. എന്നിട്ടും സേവനവിമുഖനാകാതെ അദ്ദേഹം ആ ജോലി തുടർന്നു. ചികിത്സയ്ക്കായി എറണാകുളം ജനറൽ ആശുപത്രിയിലായിരിക്കുമ്പോഴാണു് കഴിഞ്ഞ 16—ാംനു- ആ വന്ദ്യഗുരുഭ്രേഷ്ഠൻ പരലോകം പൂകിയതു്,

ഗ്രന്ഥകാരൻ

ദൈവശാസ്ത്രം, തത്വശാസ്ത്രം, ആദ്ധ്യാത്മികശാസ്ത്രം എന്നീ വിജ്ഞാന ശാഖകളിൽ 60 വർഷത്തോളം പഠിച്ചും. പഠിപ്പിച്ചുമുള്ള വിജ്ഞാനം നിസ്സാരമായിരിക്കുകയില്ലല്ലോ. കേരളത്തിലെ സമുദായാന്തരീക്ഷവും, വൈദികരുടെ ചുറുപാടും കണക്കിലെടുത്തുകൊണ്ടാണു് അദ്ദേഹം പഠിപ്പിച്ചിരുന്നതും, ഗ്രന്ഥങ്ങൾ രചിച്ചിരുന്നതും. ആദ്ധ്യാത്മിക ശാസ്ത്രത്തിലാണു് ആ മഹായോഗി ശ്രദ്ധമുഴുവൻ കേന്ദ്രീകരിച്ചതു്. അദ്ദേഹത്തിന്റെ അദ്ധ്യാത്മിക ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണു്. മിക്ക ഗ്രന്ഥങ്ങളും ലത്തീൻ ഭാഷയിലാകയാൽ മലയാളികൾക്കു് അവ സുപരിചിതങ്ങളായിരിക്കുകയില്ല. ഇംഗ്ലീഷിലും നാലഞ്ചുഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ വകയായുണ്ടു്. ''ഇന്ത്യയിലെ അഞ്ചാമത്തെ ദിവ്യകാരുണ്യകോൺഗ്രസ്,,, പരിശുദ്ധ ദിവ്യകാരുണ്യം.,, ''ഇന്ത്യാ-ബർമ്മാ—സിലോൺ ദിവ്യകാരുണ്യകോൺഗ്രസ്,, ..ദിവ്യകാരുണ്യഗാനം.,, എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ദിവ്യകാരുണ്യഭക്തിയുടെ നിദർശനങ്ങളാണു്. ''ആദ്ധ്യാത്മിക ദൈവശാസ്ത്രം പാശ്ചാത്യരും, പൗരസ്ത്യരുമായ ചിന്തകന്മാരുടെയും, സിദ്ധ

ന്മാരുടെയും. ഗ്രന്ഥങ്ങൾ പിറിച്ചും, ചിന്തിച്ചും എഴുതിയ ഒരു ശാശ്വത ഗ്രന്ഥമാണ്. അദ്ദേഹത്തിന്റെ ക്ലാസ്സുനോട്ട് സമ്പൂർണ്ണമാക്കിയതാണതു്. തെരഞ്ഞെടുക്കപ്പെട്ടവരുടെ നിധി,, എന്ന ഗ്രന്ഥവും ഭക്തിപരമായ കാര്യങ്ങളെ അഗാധമായ ആത്മാനുഭൂതിയോടെവിവരിക്കുന്ന ഒരുത്തമഗ്രന്ഥമാണ്. വിശേഷിച്ച് എട്ടുനോമ്പുകാലത്തെ ഒരു വിശിഷ്ടഗ്രന്ഥമാണ് ,,വൈദികരുടെ ദർപ്പണ,,മെന്നതു്. മാറ്റ കൃതികളെക്കാൾ കൂടുതൽ പതിപ്പുകൾ വേണ്ടിവന്നതും ഈ കൃതിക്കാണ്. എട്ടൊമ്പതു വർഷത്തെ പഠനത്തിനു ശേഷം പ്രവർത്തനത്തിനായി ഇറങ്ങുന്ന വൈദികരുടെ ജീവിതം എങ്ങനെ നിഴലിച്ചു കാണണമെന്നു് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. ,,വൈദികൻ, എന്നു വാക്കെടുത്തുകളഞ്ഞാൽ അവൈദികർക്കും അതു് ഉത്തമമായ ഒരു ഗൈഡായിരിക്കും, ആത്മരികജീവിതം, ജീവിതാന്തസ്, പഠനം പ്രവർത്തനം, സേവനം, സുകൃതങ്ങൾ, സാമാന്യമര്യാദ തുടങ്ങി ടൈംടേബിൾ വരെയുള്ള കാര്യങ്ങൾ ആത്മാർത്ഥമായി അതിൽ പ്രതിപാദിച്ചിരിക്കുന്നു. ഒരു മഹാസിദ്ധന്റെ മനസ്സും, ബുദ്ധിയും, വികാരങ്ങളുമാണ് അതിലെ ഓരോ വരിയിലും നിഴലിച്ചു കാണുന്നതു്.

സേവനതല്പരൻ

ഫാദർ ഔറേലിയൻ 1928 മുതൽ 1945 വരെ വൈദിക ദിവ്യകാരുണ്യലീഗിന്റെ നാഷനൽ ഡിറക്ടറായിരുന്നു ഈ കാലഘട്ടത്തിൽ ഗോവായിലും മദ്ദാസിലും നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സുകൾക്കു അദ്ദേഹമാണു നേതൃത്വം നൽകിയതു് ഇന്ത്യയെപ്പറ്റി വിശ്രുതനായതും ഈ സേവനംവഴിയാണ്. ,,വൈദികനും, ദിവ്യകാരുണ്യവും,, എന്ന മാസികയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ധാരാളം പേർ ലേഖനങ്ങളെഴുതിട്ടുണ്ട്.

പ്രൊഫസർ

ഫാദർ ഔറേലിയൻ പണ്ഡിതനും സമർത്ഥനുമായ പ്രൊഫസറും കൂടിയായിരുന്ന ലത്തീനിലും ഇംഗ്ലീഷിലുമുള്ള അദ്ദേഹത്തിന്റെ ക്ലാസ്സുകൾ രസകരങ്ങളാണ്. വിദ്യാർത്ഥികളോടു അമ്മാർത്ഥമായി പിതാവിനെപ്പോലെ അദ്ദേഹം പെരുമാറിയിരുന്നു. ഒരു വലിയ ,,നീഘണ്ടുവാണു'' അദ്ദേഹമെന്നു ചില വിദ്യാർത്ഥികൾ പറഞ്ഞു കേട്ടിട്ടുണ്ട്. കേരളത്തിൽ അദ്ദേഹത്തിനുണ്ടു് ആയിരക്കണക്കിനു ശിഷ്യന്മാരുണ്ട്. ഇന്നുള്ള അഞ്ചു മെത്രന്മാർ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് കോളേജു പ്രിൻസിപ്പൽമാർ, മോൺസിഞ്ഞോർമാർ, യൂറോപ്പിൽ ഉപരിപഠനാർത്ഥം പോയിട്ടുള്ളവർ എന്നല്ല അജ്ഞാത ഗ്രാമത്തിൽ കഴിയുന്ന സാധു വൈദികർവരെ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെടുന്നു. ലത്തീൻ സംസാരിക്കുന്നതിനേക്കാൾ മലയാളം പാടുപെട്ടു വിദ്യാർത്ഥികളെ പൊട്ടിച്ചിരിപ്പിക്കുക ഫാദർ ഔറേലിയന്റെ ഒരു പൊടിക്കൈ ആയിരുന്നു.


ഒരിക്കലും സ്വന്തമായി കൂടുതൽ പണം ചെലവുചെയ്തിരുന്നില്ല. ഒരിക്കൽ വായിച്ചുവായിച്ചു കണ്ണിനു അസുഖം വന്നു. കണ്ണടവെയ്ക്കുണമെന്നായി. ഒരു കണ്ണിലേ അസുഖമുണ്ടായിരുന്നുള്ളു. അദ്ദേഹം ഫ്രെയിം വാങ്ങിച്ചു് ഒരു കണ്ണിനു മാത്രം ഗ്ലാസ്സു വച്ചു നടന്നതു മറ്റുള്ളവർക്കു ചിരിക്കാൻ ഇടനൽകിയിരുന്നു. സ്വദേശത്തുനിന്നു കേരളത്തിൽ വന്നിട്ടു് അമ്പത്തൊന്നു വർഷമായെങ്കിലും ഒരിക്കലെങ്കിലും ജന്മദേശം കണ്ടുവരാൻ അദ്ദേഹം തയ്യാറായില്ല. വൈദികർക്കെന്നല്ല, പണ്ഡിതന്മാർക്കും മനുഷ്യസ്നേഹികൾക്കും അനുകരണീയമായ ഒരു ജീവിതമാണ് ഫാദർ ഔറേലിയന്റേതു. അനന്യസാധാരണമായ അദ്ധ്യാത്മികസിദ്ധികളും ഉള്ള ഒരു മഹാപണ്ഡിതനായിരുന്നതിനാൽ കേരളത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ വന്നു അദ്ദേഹത്തിന്റെ ആശീർവ്വാദം വാങ്ങിയിരുന്നു.

അറുപതിൽപ്പരം വർഷം അദ്ദേഹം കേരളത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്ന ശിഷ്യസഞ്ചയം അദ്ദേഹത്തിന്റെ സേവനങ്ങൾക്കു സിദ്ധികളും ഭാവിതലമുറയ്ക്കു് ഉത്തേജനം നൽകുന്നതിനായി ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതു് അഭിലഷണീയമായിരിക്കും.

മലനാടിന്റെ ഹൃദയത്തുടിപ്പുകൾ.

(ജി. ടി. വടക്കേൽ)

ദിനാന്തരശ്മികൾ ചൊരിഞ്ഞുദിനകരനാഴിയ്ക്കരയിൽ
ചെമന്നചേലകളുരിഞ്ഞുദേഹപ്രക്ഷാളനമായി—
പ്രശാന്തസുന്ദരസഹ്യൻസാനുപ്രദേശമൊട്ടിരുളാം
കനത്തകമ്പിളിപുതച്ചമൂടിശയിപ്പിതാശ്ചര്യം!
സഹോദരങ്ങടെവിയർപ്പുതുള്ളികൾപൊടിച്ചകാട്ടുകളിൽ
പടുത്തുയർത്തിയനാടുംനഗരവുമൊക്കെക്കാണാനായ്,
മലയ്ക്കുമീതേപറിച്ചനട്ടൊരുനാടിൻസംസ്കാരം
വളർന്നപൂവുകളണിഞ്ഞുനിന്നതുകൺകളിരെക്കാഞ്ചാൻ
പ്രകാശരശ്മികൾ കടന്നുചെല്ലാക്കനത്ത വീഥിനത്തിൻ
വിശിഷ്ടവിദ്യുച്ഛക്തികൊളുത്തിയവിളക്കുദർശിക്കാൻ
മദിച്ചകാട്ടിൽകൃത്താടുംജഗജ്ജനമെല്ലാംപോയ്
മനുഷ്യമക്കടെനിനദംകേട്ടുംപുളകപ്രചാർത്തണിയാൻ.
കഴിച്ചയാത്രയൊരമ്പതുമൈലും, സായങ്കാലത്തിൽ
നടന്നനാഴികമൂന്നരഞാനുംതളർന്നുസ്നേഹിതരും.
ഇരുന്നുറോഡിന്നരികിൽവിശ്രമമേല്പാനങ്കകലെ
വരുന്നകാണാമൊരുചെറുകർഷകസഞ്ചയമപ്പൊഴുതു്.
ധരിച്ചതൊപ്പിപ്പാളശിരസ്സിൽകഴത്തിലുത്തരിയം
ഉടുത്തമാനംമറയ്ക്കുവാനായ് നാടൻകച്ചയതും,
കഴഞ്ഞചേറുംവിയർപ്പുണങ്ങിയതടിമുതലൂടനീളം
അവക്കുഷ്ടകരംചാർത്തിധരിത്രയുമക്കനൊരുപോലെ!
എടുത്തുതോളിൽതൂമ്പയുമരിവാൾകുടംകമ്പിയുമായ്
നടന്നുനിരയായ് കടന്നുമറയും മണ്ണിൻമക്കളെവർ!
കനത്തകാട്ടുകരംകടുത്തപാറകരുതകർത്തുപണിചെയ്യും
മനോജ്ഞകേരളമലനാടണിയുംകഷ്ടതനയന്മാർ!!
ഉണർന്നഭാരതനാടിൻസമ്പദ്വ്യവസ്ഥമുന്നേറാൻ
വിദേശനാണ്യംനേടുംഭാരതഭാവിവിധാതാക്കൾ!!!
അവക്കുമമ്പിൽനമിപ്പതിന്നായാദരപൂർവ്വംഞാ—
നെണീറ്റുനിന്നടനവരും 'സ്വസ്തി' യുരച്ചതിഷ്ടതിയോടേ.
ഉഷസ്സിലോരോവരെത്തിവനത്തിൽപ്രഭോഷമായപ്പോഴം
നിറുത്തിവേലകരംപണിക്കരുക്കളമേന്തിവരും, പക്ഷേ
ശ്രുപ്രതീക്ഷകരംകരുത്തുനൂത്തംവച്ചൊരുവദനങ്ങളം
തളർന്നുമുങ്ങി, തകർന്നയംത്തടഭീതികരംവണ്ണിപ്പ
കുത്തകാറുകരംകോറിനിറഞ്ഞാൽവിശാലവൈൺമസ്സേം
മറച്ചുഭാസ്കരബിംബംലോകേതമസ്സുചേർന്നില്ലേ?
അടുത്തുവന്നവരറിയുങ്ങളംപരസ്പരംനേരിൽ
ഗമിച്ചുതുടരെകിഴക്കുദിക്കിൽകഷ്കപ്രശ്നവുമായ്
ശ്രുവിച്ചുഞങ്ങളംശരിക്കുമവരുടെജീവൽപ്രശ്നങ്ങളം
പടുതമോടതിലൊരുശുശ്രൂഷനിരത്തിവച്ചപ്പോഴം,
പറിച്ചുഞങ്ങളം 'മല'തൻഹൃദയത്തുടിപ്പുനൊമ്പരവും
കടുത്തനീതിക്കശാപ്പു,വർഗ്ഗീയതതൻവിദ്വേഷം!
,,മുഴുത്തപട്ടിണി, തൊഴിലില്ലായ്മ, യരക്ഷിതബോധത്തിൽ
കഴിഞ്ഞഞങ്ങളെമലമകുടങ്ങളംമാടിവിളിച്ചപ്പോഴം,
പ്രിയംനിറഞ്ഞൊരുനാടുംവീടുംത്യജിച്ചമേടുകളിൽ
ഭയന്നമാമരങ്ങളഭയംനേടിയതുംനിത്യം—
വിയർപ്പു, രക്തം, ജീവൻപോലുംപണയംനൽകിയതീ
വിശ്രുതഭൂമിയിലുറച്ചുവാഴാനല്ലേസോദരരേ?
മരിച്ചുമണ്ണിൽലയിച്ചുഞങ്ങടെമുന്നണിതലമുറകളം
പവിത്രമാമീപുഴയിലാറാടിഞ്ഞങ്ങളംക്കുംവേണം!
മരിക്കുകില്ലേഭേദംകൂടിയിതുവിട്ടുമിപ്പതുമില്ല
മരിക്കുവോളംപിടിച്ചുനില്ക്കാനാറുച്ചപോൽഞങ്ങളം!
മനുഷ്യരേക്കാളുംമഹത്വമുണ്ടോവനന്യമൃഗങ്ങൾക്കു?
മഴയ്ക്കുവേണ്ടുംവനങ്ങളില്ലേകിഴക്കുചെന്നെന്നാൽ.
മനുഷ്യരേപ്പോൽഞങ്ങളെനോക്കാനക്ഷികളില്ലാത്തോർ
മനുഷ്യരാണോമൃഗങ്ങളെക്കാളംപതിച്ചുപോയില്ലേ?
വിയർപ്പുതുള്ളികളിറ്റിറ്റുവീടംനനച്ചതാരെങ്കിൽ
വിലങ്ങുവെയ്ക്കാനാരുംപോരില്ലിവിടെകുട്ടായം!
ചെറുത്തുസമരംചെയ്യുംവിജയംവരിക്കുമീമണ്ണിൽ
പൊറുക്കയില്ലൊരുനാളുംഞങ്ങളനീതിയതിൻരേണം



വനിതാ പംക്തി

പ്രിയ സഹോദരികളെ!

പുരാതനകാലം തുടങ്ങി അച്ചടക്കത്തിലും ധാർമ്മിക നിലവാരത്തിലും പേരുകേട്ട രാജ്യമാണ കേരളം. വസ്ത്രധാരണത്തിലും വികാരപ്രകടനങ്ങളിലും കേരളത്തിലെ കാരണവന്മാർ അത്യന്തം ശ്രദ്ധിച്ചിരുന്നു. പക്ഷേ, ഇന്നു് ആ സ്ഥിതി മാറിയിരിക്കുകയാണു്. ദൈവാലയങ്ങളും വിശ്രുത രൂപങ്ങളും അവിടവിടെ കണ്ടിരുന്ന കേരളത്തിന്റെ വഴിയരുകുകളിൽ ഇന്നുകാണുന്ന ചില നഗ്നചിത്രങ്ങൾ നമ്മുടെ സാമാർഗ്ഗികനിലവാരത്തിനേക്കാൾ സാംസ്കാരികനിലവാരത്തെ ഇടിച്ചു താഴ്ത്തുകയാണു്. സംഭോഗവസ്തു മാത്രമല്ല സ്ത്രീ. അവളെ കാണിച്ചു പണംനേടുന്ന പണി കുടലവൃത്തിയാണു്. ഷോപ്പിലും കവലയിലും ഇന്നു സ്ത്രീരൂപംകൊണ്ടു സിനിമ നടത്തുന്നതു ഒരു കൂപ്സാവഹമല്ലേ? പാവനമായ സ്ത്രീയെ ഇങ്ങനെ പരസ്യച്ചരക്കായി ചിത്രീകരിക്കുന്നതു് രാജ്യത്തിനുതന്നെ നാണക്കേടാണു്. മുഴുവൻ നഗ്നകളായ സ്ത്രീരൂപങ്ങളും ഇന്നു പലേടത്തും സുലഭമാണു്. ദേഹംമുഴുവൻ പച്ചയായി കാണിച്ചു് ആവശ്യക്കാരെ ആകർഷിക്കുന്ന ഈ കുത്സിതവേലയെ തടയാനും ചെറുക്കാനും തുള്ളുകളയാനും കേരളത്തിലെ മഹിളകൾ സ്വമുയത്താത്തതിൽ അത്ഭുതപ്പെടുകയല്ലാതെ എന്തുചെയ്യും. തങ്ങളെ വഴിയിൽ ആവരണവും തുണിയുമില്ലാതെ കാഴ്ചപ്പണ്ടങ്ങളായി വച്ചിരിക്കുന്നതു കണ്ടു ശൃംഗാരം നുണഞ്ഞിറക്കാൻമാത്രം വൃത്തികെട്ടുപോയോ കേരളമഹിളകൾ? കേരളത്തിലെ തരുണികളേ! ഒന്നടങ്കം നിങ്ങൾ ഈ വേലയെ അവസാനിപ്പിക്കാൻ സംഘടിക്കേണ്ടതാണു്. എത്ര പുരുഷന്മാരെ ഇങ്ങനെ പച്ചയാക്കിക്കാട്ടുന്നുണ്ടു്? നാട്ടിൽ ഇത്തരം വൃത്തികെട്ട ഏർപ്പാടു നിർത്താൻ സാധിച്ചാൽ അതായിരിക്കും നമ്മുടെ മഹത്തായ സമുദായസേവനം. വസ്ത്രധാരണരീതിയിൽവന്ന വ്യത്യാസമനുസരിച്ചും അതിനപ്പുറവും പരസ്യത്തിൽകാണിച്ചു മുതലെടുക്കുന്നതു നിർത്താൻ ഇന്നുതന്നെ തീരുമാനമെടുക്കുക.

ഇക്കേരളത്തിലെ പെണ്ണുങ്ങളെല്ലാം ആകെ മൂടിക്കെട്ടിനടക്കുക സാദ്ധ്യമല്ല. മനുഷ്യോചിതമായ രീതിയിൽ നടക്കാം. അതിൽ അപകടംകാണുന്നവർ അങ്ങു കാണട്ടെ. പക്ഷേ, ആ ഭോസകരമായ ഈ ''പകൽ സിനിമയ്ക്കു'' പെണ്ണുങ്ങളെ ലജ്ജയില്ലാതെ ഉപയോഗിക്കുന്ന രീതി വാരിയെറിയാൻ സകല മഹിളകളും ഒരു സമരംതന്നെ നടത്തേണ്ടിയിരിക്കുന്നു. മാസികകളിലും പുസ്തകങ്ങളിലും കാട്ടുന്ന വൃത്തികേടുകളും പോകട്ടെ, കഥകളിലും നോവലുകളിലും ചെയ്തുവച്ചിരിക്കുന്ന മ്ലേച്ഛതകളും പോകട്ടെ, വഴിയിലും കവലയിലും ബസ്സിനുപുറത്തും ചിലരുടെ ഷർട്ടിലും മേശപ്പുറത്തും പെണ്ണുങ്ങളെ തുണിയുരിഞ്ഞുകാട്ടുന്നതു എന്തു കുടിലതരമാണു്! കുലടകളിൽ വലിയ പെണ്ണുങ്ങളെ പച്ചയായി കാട്ടുക, പീടികയിൽ ചിലതടിച്ചുകളെ പ്രതിഷ്ഠിക്കുക, കവലയിൽ കാമലീലകളും കാട്ടുന്ന ചിത്രങ്ങളും കാത്തുവച്ചിരിക്കുക—ഇങ്ങനെ എന്തെന്തു ധിക്കാരവും ആഭാസത്തരവുമാണു നമ്മുടെ നാട്ടിൽ അഴിഞ്ഞാടുന്നതു്.

നാം ആ മാതാവിന്റെ ചിത്രം ഒന്നു നോക്കൂ? ആ പരിശുദ്ധി ഒന്നു് ആസ്വദിക്കൂ? വൈകാരികജീവിതത്തിൽ അതായിരിക്കട്ടെ നമ്മുടെ മാതൃക. ഈ കവലപ്പെണ്ണുങ്ങളേയും പീടികത്തടിച്ചികളേയും വലിച്ചെറിഞ്ഞും ചളിക്കോരിയെറിഞ്ഞും നാടും വീടും ശുദ്ധമാക്കേണ്ടതു് ഇന്നത്തെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കൃത്യമാണു്.? എന്തുകൊണ്ടു നമ്മുടെ നേതാക്കന്മാർ ഇതിനെതിരെ ശബ്ദമയത്തുന്നില്ല? മഹിളകളേ, ചിന്തിക്കൂ, നമ്മെ പച്ചയ്ക്കുകാട്ടി പരസ്യംവഴി മുതലെടുക്കുന്ന ഈ ആധാർമ്മികപ്രസ്ഥാനത്തെ ഉടനെ അവസാനിപ്പിക്കാൻ തുനിയുവിൻ. എന്നു് വിനീത സഹോദരി രാജമ്മ.

ഭരിച്ചുസർക്കാർനാട്ടിൽനിതരാംനന്മവളത്തട്ടെ
വിനയ്ക്കുവേണ്ടികളംതെളിച്ചാലിക്കളിതീത്തുകയാം!
അടുത്തജനഹിതശോധനനാളിൽപകരംചോദിക്കാൻ
മടുപ്പുഞങ്ങൾക്കെന്നാലുംക്ഷമയതിക്കിയറിയില്ലേ?
വനാന്തരങ്ങളിലൊളിഞ്ഞുനില്പുംമധുമലർനിരപോലും
ആളിക്കമധുവുംവാസനവീശുംമാരുതനേകുമ്പോൾ
വിയത്തുഞങ്ങൾവിളയിക്കുന്നൊരുകനകംകാട്ടുകളിൽ
ഉയത്തുകില്ലേനാടിൻക്ഷേമപ്രധാനപദ്ധതികൾ??
ഇറക്കിഞങ്ങളെയമരാവതിയിൽനിർഭയനിഷ്ക്രമമായ്
മറക്കുകില്ലൊരുനാളുംനന്നായ്ധരിച്ചിരിക്കേണം.
വിളഞ്ഞവയലുകൾ ചുട്ടുകരിക്കാൻ വിശാലവസതികളും
വളഞ്ഞുവന്നാലെമ്മെസ്സീ'യതുംതിരിച്ചുപോവില്ല!
'ഇറക്കുപദ്ധതി' ദുർഭ്രുതത്തിൻകരാളമുഷ്കികളിൽ
ഞെരിഞ്ഞുമുഞങ്ങൾകരിഞ്ഞിടുമ്പോൾ സഹായമേകില്ലേ?
രണാങ്കണത്തിൽസഹോദരങ്ങൾമരിച്ചവീഴുമ്പോൾ
മിഴിച്ചുനില്ക്കാതിറങ്ങുകില്ലേതുരത്തുവാനരിയെ?''

* * * *

നനഞ്ഞനയനംതുടച്ചകണ്ണംതെളിച്ചുവീണ്ടുമയാം
തുടർന്നേരത്തടുത്തുഞങ്ങൾമദീയലക്ഷ്യത്തിൽ
പിരിഞ്ഞു, സാന്ത്വനവാക്കുകൾവന്ദനമോതി—കണ്ണുകളിൽ
പൊടിഞ്ഞമുത്തുകളടർന്നുപൂഴിക്കാശ്വാസവുമേകി!

* * * *

ഉഴിച്ചുയർന്നിടുമോർമ്മകളിന്നും, മാറ്റൊലിയുളവാക്കും
'ഉടുമ്പുചോല'യിലന്നുശ്രുവിച്ചൊരു വേദനതൻനിനദം
അതിൽലയിച്ച 'സഹോദരബന്ധം' വികാരമാർന്നപ്പോഴും
അറിഞ്ഞതില്ലെൻചുണ്ടുകളും താനേവിടർന്നയാഥാർത്ഥ്യം.—
''അവർക്കു ഭാവുകമരുളാനടിവെച്ചുണരിണിയായ് പോണം
ഭവിക്കുമവരുടെശ്രുപ്രേതീക്ഷകളംപൂവണിയും ദിവസം——
മനോജ്ഞമഞ്ജുള 'സാഹോദര്യ'ച്ചൂരടിൽനരരെല്ലാം
വിനാവിളംബംകരുത്തമാല്യംകണക്കുചേർന്നീടും.''

* ഉള്ളൂരിന്റെ 'പ്രമസംഗീതം' പോലെ.

സംഘടനാകാര്യം

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ ഒരു യോഗം നവ. 24–ാം- ഞായറാഴ്ച കാലത്തു 11മണിക്ക് ഹെഡാഫീസിൽവച്ച് പ്രസിഡണ്ട് ശ്രീ പി. സി. അബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടി, താഴെ പറയുന്ന പ്രമേയങ്ങളും പാസാക്കുകയും നിശ്ചയങ്ങളും ചെയ്യുകയും ചെയ്തു.

1. മനുഷ്യാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊണ്ട് രക്തസാക്ഷിത്വം വരിച്ച അമേരിക്കയിലെ ആദ്യത്തെ കത്തോലിക്കനായ പ്രസിഡണ്ടും ഏറ്റം പ്രായംകുറഞ്ഞ പ്രസിഡണ്ടുമായിരുന്ന ജോൺ എഫ്. കെന്നഡിയുടെ വേദനാജനകമായ നിര്യാണത്തിൽ പ്രസിഡണ്ടിന്റെ പത്നി ജാക്വലിൻകെന്നഡിയോടും കുട്ടികളോടും മറ്റു കുടുംബാംഗങ്ങളോടും അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഹൃദയപൂർവ്വം അനുശോചിക്കുകയും പരേതന്റെ ആത്മാവിനു നിത്യശാന്തിലഭിക്കാൻ സർവ്വേശ്വരനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2 അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ഒരു മുൻ വർക്കിംഗ് കമ്മിറ്റിമെമ്പറും ഒരു സമുദായസ്നേഹിയും പൊതുക്കാര്യപ്രസക്തനുമായിരുന്ന ശ്രീ ജോസഫ് കൊച്ചുപാലത്തിങ്കൽ അവർകളുടെ നിര്യാണത്തിൽ കത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മിറ്റിക്കുള്ള അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിനു നിത്യശാന്തിക്കായി സർവ്വേശ്വനെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

3. ഒരു കത്തോലിക്ക പുരോഹിതനും തൊഴിലാളി പ്രമുഖനുമായിരുന്ന ബഹു. ഫാ. ജോസഫ് വടക്കൻപറമ്പിൽ പോലീസ് സ്വീകരിച്ചിരിക്കുന്ന നയത്തിൽ ഈ കമ്മിറ്റിക്കുള്ള തീവ്രമായ ഉൽക്കണ്ഠ പ്രദർശിപ്പിക്കുകയും അദ്ദേഹത്തിനെതിരേ എടുത്തിട്ടുള്ള നടപടികളും ഉടനടി പിൻവലിക്കണമെന്നു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 452–ാം നമ്പരായി രജിസ്റ്റർചെയ്ത മുരിങ്ങംപുഴശാഖയുടെ ഉൽഘാടനയോഗം നവംബർ 17–ാം- ഞായറാഴ്ച വൈകുന്നേരം നാലരമണിക്ക് കൃസ്റ്റഫർ എം. ലോപ്പസ്സ് ബി. എ. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും യോഗത്തിൽ ശ്രീ, ജോൺ മാഞ്ഞൂരാൻ (തൃശ്ശൂർ) ശാഖയുടെ ഉൽഘാടനം നിർവഹിക്കുകയും ചെയ്തു.

ഫലിതബിന്ദുക്കൾ.

(അപ്പച്ചൻ ആവമാന്തൂർ)

പപ്പുപിള്ളയും പരമുപിള്ളയുംകൂടി ചേർന്ന് ചേനകൃഷി നടത്തി. ചേന പറിക്കാറായപ്പോൾ പപ്പുപിള്ള ചോദിച്ചു. ''പരമുപിള്ളേ തനിക്ക് മണ്ണിനടിയിലത്തെ ഭാഗം വേണോ, മണ്ണിനു മുകളിലത്തെ ഭാഗം വേണോ?''

പരമുപിള്ള ആലോചിച്ചിട്ട് പറഞ്ഞു ''എനിക്ക് മണ്ണിനു മുകളിലത്തെ ഭാഗംമതിവേരു്എന്നാകാണിക്കാനാ ഏന്ന്''

പപ്പുപിള്ള ചേന പറിച്ചു വിറ്റപ്പോൾ പരമുപിള്ളക്ക് തനിക്കു പറ്റിയ അബദ്ധം മനസ്സിലായി. പിന്നീട് അവർ ഏത്തവാഴ കൃഷി നടത്തി. വാഴക്കുല മൂത്തപ്പോൾ പപ്പുപിള്ള ചോദിച്ചു. ''പരമുപിള്ളക്ക് ഇപ്രാവശ്യം ഏതു ഭാഗമാണ് വേണ്ടതു്.'' അപ്പോൾ പരമുപിള്ള പറഞ്ഞു ''കഴിഞ്ഞ പ്രാവശ്യം നീ എന്നെപ്പറ്റിച്ചു. ഇനി പറ്റിക്കാമെന്നു വിചാരിക്കേണ്ട, എനിക്കു മണ്ണിനടിയിലത്തെ ഭാഗം മതി.''

* * *

കോളേജിൽ പഠിക്കുന്ന ജോണിയുടെ അപ്പൻ മരിച്ച വിവരമറിയിക്കുവാനായി വേലക്കാരനായ പപ്പുവിനെ പറഞ്ഞയച്ചു. പോകുവാൻനേരത്തു് പപ്പുവിനോടു് പ്രത്യേകം പറഞ്ഞയച്ചായിരുന്നു. അപ്പൻ മരിച്ച വിവരം ജോണിയോടു പറയരുതു് സുഖക്കേടു കൂടുതലാണെന്നേ പറയാവൂ എന്നു്. അതു സമ്മതിച്ചാണു് പപ്പു പോയതു്. കോളേജിൽ ചെന്നു് ജോണിയെ കണ്ടു് പപ്പു പറഞ്ഞു ''അപ്പച്ചനു് സുഖക്കേടു കൂടുതലാണു്. നാളെയാണു് ശവമടക്കു്.''

* * *

ഒന്നാംക്ലാസ്സിൽ പഠിക്കുന്ന ബാബു അവന്റെ പിതാവിനോടു ചോദിച്ചു. ''അപ്പച്ചാ നാലും മൂന്നും ഏഴല്ലേ?'' എന്നു്. അപ്പോൾ പിതാവു് കണ്ണുരുട്ടി പറയുകയാണു്. ''നാലൊന്നു നാലും, നാമുക്കാ മൂന്നും, ഏഴു്'' ശരിയാടാ ബാബു

* * *

ഡോക്ടർ:–നിങ്ങൾ ഓമ്മക്കുറവിനുള്ള ചികിത്സക്കു് വന്നതാണോ?

രോഗി:–''അതെ''

ഡോക്ടർ:– ''എന്നാൽ അതിന്റെ ചാർജ് 10 രൂപാ ആദ്യമേതന്നെ തരണം''

രോഗി:– ഒരു രൂപായെടുത്തു് ഡോക്ടരുടെ കൈയ്യിൽ കൊടുത്തു. അതുകണ്ടു് ഡോക്ടർ പറഞ്ഞു ''ഇതു് ഒരു രൂപായെ ഉള്ളല്ലോ?'' 10 രൂപാ എന്നാണു് ഞാൻ പറഞ്ഞതു്.''

രോഗി:– അതു ഞാൻ ഓർക്കുന്നില്ല''

* * *

പിശുക്കനായ അവറാൻ ചായക്കടയിൽ കയറി ചോദിച്ചു. ''ദോശക്കെന്നാ വില;' ഒരണ ചമ്മന്തിക്കോ? അതിനു വിലയില്ല. ചായക്കടക്കാരൻ പറഞ്ഞു. കാപ്പിക്കെന്നാ വില അവറാൻ വീണ്ടും ചോദിച്ചു. 2 അണ പാലും മധുരവും ഇടാത്തതിനോ? 3 പൈസാ. പൊടിയുംകൂടി ഇടാത്തതിനോ? അതിനു വിലയില്ല.'' ചായക്കടക്കാരൻ പറഞ്ഞു.

അവറാൻ:– എന്നാൽ കുറെ ചമ്മന്തിയും പാലും പൊടിയും മധുരവും ഇടാത്ത ഒരു കാപ്പിയുംകൂടി തന്നേരു്

* * *

ചെവി ശരിക്കു കേൾക്കുവാൻ പാടില്ലാത്ത വിറകുപെറുക്കുകാരത്തി അമ്മൂമ്മ വേലിപ്പത്തലൂരുന്നതുകണ്ടു് ഉടമസ്ഥൻ ചോദിച്ചു.

''അതാരാ വേലിപ്പത്തലൂരുന്നതു്''?

അപ്പോൾ അമ്മൂമ്മ വളരെ ശാന്തമായി പറഞ്ഞു. ''എന്റെ കുഞ്ഞേ അവൻ പോയിട്ടിന്നു് നാലായി.''

ഉടമസ്ഥൻ:– ''കോപത്തോടുകൂടി ഉച്ചത്തിൽ എന്തിനാ വേലിപ്പത്തലൂരുന്നതു് എന്നാ ചോദിച്ചതു്''


അമ്മൂമ്മ:– എന്റെ കുഞ്ഞേ അവൻ തിരുനൽവേലിക്കാ പോയതു്.

* * *

''കൈയ്യും തലയും വെളിയിൽ ഇടരുതു്, പുകവലി പാടില്ല'' എന്നു് ബസ്സിൽ കയറിയപ്പോൾ എഴുതിവച്ചിരിക്കുന്നതു് കണ്ട ഒരു വൃദ്ധൻ കണ്ടക്ടറോടു് വളരെ പേടിയോടുകൂടി ചെന്നു് രഹസ്യമായി ചോദിച്ചു. ''സാറെ, എനിക്കൊരു സംശയം?''

കണ്ടക്ടർ:– ''എന്താണു് സംശയം''?

വൃദ്ധൻ:– ''പുട്ടുവെള്ളത്തിൽ കളിക്കാമോ''?



ചങ്ങനാശ്ശേരി, ആലപ്പുഴ പട്ടണങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന അതിമനോഹരമായ ഒരു റോഡും, റോഡിനു സമാന്തരമായി നിർമ്മിച്ചിരിക്കുന്ന തോടും കായൽപരപ്പിനുമദ്ധ്യേ അങ്ങു നീണ്ടുകിടക്കുന്നു.

"UNITED, WE STAND-DIVIDED, WE FALL."

Edited Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathipparambil, at S. F. S. (Deepika), Press Kottayam.